ഒമ്പതാം പഞ്ചവത്സര പദ്ധതി

# ജനകീയ ആസൂത്രണ പദ്ധതി

വികസന റിപ്പോർട്ട്

# കറുകുറ്റി ഗ്രാമപഞ്ചായത്ത്



# വിഷയവിവരം


ആമുഖം

ചരിത്രപശ്ചാത്തലം

ഭൂപ്രകൃതിയും വിഭവങ്ങളും

പ്രാഥമിക മേഖല

കൃഷിയും ജലസേചനവും

മത്സ്യബന്ധവും മൃഗസംരക്ഷണവും

ഗതാഗതവും ഊർജ്ജവും

വിദ്യാഭ്യാസം

കുടിവെള്ളവും പൊതുജനാരോഗ്യവും

വ്യവസായം

പാർപ്പിടവും സാമൂഹ്യക്ഷേമവും

സഹകരണമേഖല

വനിതാക്ഷേമം

സംസ്കാരം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വിഭവസമാഹരണം

പ്രിയ സുഹൃത്തുകളെ,

കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിന് വഴിതെളിക്കാൻ പോകുന്ന ജനകീയാസൂത്രണപദ്ധതി പ്രവർത്തനങ്ങൾക്ക് നാം ആവേശകരമായ തുടക്കം കുറിച്ചിരിക്കുകയാണ്.

ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയമാക്കി മാറ്റുന്നതിന് കേരളത്തിലൊട്ടാകെ നടപ്പിലാക്കുന്ന വികസനപരിപാടികളുടെ ഭാഗമായി പഞ്ചായത്ത് തല പരിശീലനങ്ങളും മറ്റനുബന്ധ പ്രവർത്തനങ്ങളും നമ്മുടെ പഞ്ചായത്തിലും നടന്നു കഴിഞ്ഞു.

കേന്ദ്ര, സംസ്ഥാന സർക്കാറുകൾ ഒമ്പതാം പദ്ധതിയിലൂടെ പഞ്ചായത്തുകൾക്കനുവദിക്കുന്ന പദ്ധതിവിഹിതം പ്രയോജനപ്പെടുത്തി വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുകയാണ് ജനകീയാസൂത്രണപദ്ധതിയുടെ പ്രധാന ലക്ഷ്യം.

വാർഡുകൾ തോറും കൂടിയ ഗ്രാമസഭകളിൽ ഉണ്ടായ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലും ദ്വിതീയ വിവരശേഖരണം, പഠനപര്യടനപരിപാടി എന്നിവയിലൂടെയും മറ്റും കിട്ടിയ അറിവുകൾ ഉപയോഗിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഇതിനുസഹായിച്ച പഞ്ചായത്തു മെമ്പർമാർ, സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ, ഡി.ആർ.പി, പി.ആർ.പിമാർ, ഉദ്യോഗസ്ഥർ എന്നിവർക്കും മഹാത്മാഗാന്ധി സർവകലാശാലയുടെ ഗ്രാമസ്വരാജ് എക്സ്റ്റൻഷൻ പ്രോജക്ടിന്റെ പ്രവർത്തകർക്കും, മറ്റ് എല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊണ്ട് ഈ വികസന റിപ്പോർട്ട് സദയം സമർപ്പിക്കുന്നു.

എന്ന്,<br>
വിധേയ,<br>
മേരി ആന്റണി പാലാട്ടി<br>
പ്രസിഡന്റ്

കറുകുറ്റി പഞ്ചായത്ത്<br>
14.12.1996

# ജനപ്രതിനിധികൾ

| | |
|---|---|
| ലോകസഭ | ശ്രീ. പി.സി. ചാക്കോ |
| അസംബ്ലി | ശ്രീ. പി.ജെ. ജോയി |
| ജില്ലാ പഞ്ചായത്ത് | |
| പ്രസിഡന്റ് | ശ്രീ പി.കെ. ഇബ്രഹാംകുട്ടി |
| ജില്ലാപഞ്ചായത്ത് | |
| മെമ്പർ | ശ്രീമതി ലിസി ആന്റണി |
| ബ്ലോക്ക്പഞ്ചായത്ത് | |
| പ്രസിഡന്റ് | ശ്രീ തോമസ് ഐക്കരേത്ത് |
| ബ്ലോക്ക്പഞ്ചായത്ത് | |
| മെമ്പർ | ശ്രീ പി.സി. സാനി |
| | കറുകുറ്റി ഡിവിഷൻ |
| | ശ്രീമതി ആനി മത്തായി |
| | ആഴകം ഡിവിഷൻ |
| ഗ്രാമപഞ്ചായത്ത് | |
| പ്രസിഡന്റ് | ശ്രീമതി മേരി ആന്റണി |

# ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം ജനാധിപത്യ ഭരണത്തിൻകീഴിൽ അമ്പത് വർഷക്കാലം പിന്നിട്ടിരിക്കുകയാണ്. നൂറ്റാണ്ടുകളുടെ അടിമത്വത്തിന്റെ കദനകഥ പറയുന്ന ഇന്ത്യാ രാജ്യത്തിനെ പൂർണമായും കരുത്താർജിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ രാജ്യത്തിന്റെ മുഖച്ഛായ മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ബ്രിട്ടീഷുകാർ ചവച്ചുതുപ്പിയ ഭാരതമണ്ണിൽ കാർഷിക, വ്യാവസായിക സേവന മേഖലകളിൽ ചിലനേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. ഒരു വികസ്വര രാഷ്ട്രത്തിന്റെ രൂക്ഷമായ പ്രശ്നമാണ് ക്രമാതീതമായ ജനസംഖ്യാ വർദ്ധനവെങ്കിൽ അതിൽ പ്രഥമസ്ഥാനത്തുള്ള ഭാരതം വളർച്ചയുടെ പാതയിലൂടെ മുന്നേറുകയാണ്.

ലോകരാഷ്ട്രങ്ങളുടെ മുമ്പിൽ ശ്രദ്ധേയമായ ഒരു സ്ഥാനം നമുക്കുണ്ട്. എങ്കിലും നമ്മുടെ വളർച്ചാ, നിരക്ക് ലക്ഷ്യം കൈവരിച്ചിട്ടില്ല. നമുക്ക് ഇനിയും വളരെദൂരം പിന്നിടേണ്ടിയിരിക്കുന്നു. പക്ഷേ വൈവിധ്യമാർന്ന ഇന്ത്യാ രാജ്യത്ത് കേന്ദ്രീകൃത ആസൂത്രണം പൂർണമായ അളവിൽ വിജയിച്ചു കാണുന്നില്ല. മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് യാഥാർത്ഥ്യമാക്കുന്നതിന് ഭരണഘടന ഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണത്തിനായി പഞ്ചായത്തീരാജ് നിയമം നടപ്പിലാക്കാൻ 48 വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും സമഗ്രവികസനത്തിനായി വികേന്ദ്രീകൃത ആസൂത്രണം അനിവാര്യമാണെന്ന് നമ്മൾ വിശ്വസിക്കുന്നു. ആയതിനുവേണ്ടിയുള്ള ആദ്യ കാൽവയ്പ്പാണ് ഒമ്പതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണ പദ്ധതിയാക്കുവാനാണ് കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ തീരുമാനം. ഈ 9-ാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ തുകയുടെ 35 45% പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ വഴി ജനകീയാസൂത്രണപദ്ധതികൾക്കായി മാറ്റപ്പെടുമെന്നാണ് തീരുമാനം.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണത്തിനായി ഭരണകർത്താക്കളെയും, ഉദ്യോഗസ്ഥരെയും, ജനപ്രതിനിധികളെയും സർവോപരി ജനങ്ങളെയും ബോധവത്കരിക്കുന്നതിന് സജ്ജമാക്കുന്ന തിനുള്ള ശ്രമങ്ങളാണ് ആദ്യം നടത്തിയത്. ഇതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാനത്തിൽ വിവിധ തലങ്ങളിൽ സമഗ്രമായ ചർച്ചകൾ പ്ലാനിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്നു. പിന്നീട് സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വച്ച് സംസ്ഥാനതല പരിശീലകർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം കേരള മുഖ്യമന്ത്രി ഇ.കെ. നായനാർ നിർവഹിച്ചു. അതിനെ തുടർന്ന് ജില്ലാതല ജനകീയാസൂത്രണ ശില്പശാലയും പങ്കെടുക്കുന്നതിന് പ്രതിനിധികളെ കണ്ടെത്താൻ പഞ്ചായത്തുതലത്തിൽ 30.8.1996ൽ യോഗം ചേരുകയും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള 4 പ്രമുഖരെ തെരഞ്ഞെടുത്ത് പരിശീലനത്തിനയക്കുകയും ചെയ്തു.

അങ്കമാലിയിൽ വച്ചുനടന്ന ജില്ലാതല ശില്പശാലയിൽ പങ്കെടുത്ത ഇവിടുത്തെ ഡി. ആർ. പി. മാരുടെ കൺവീനറായി ശ്രീ സി.പി. ദേവസി ചിറ്റനപ്പിള്ളിയെ തെരഞ്ഞെടുക്കുകയുണ്ടായി . സംസ്ഥാനതലത്തിൽ പരിശീലനം പൂർത്തിയാക്കിയ കെ.ആർ.പി ശ്രീ ടി.പി. വേലായുധൻ മാസ്റ്ററുടെ എല്ലാവിധ സഹായസഹകരണവും ലഭിച്ചിട്ടുണ്ട്. 21.9.1996 ൽ നടന്ന പഞ്ചായത്ത് തല ശില്പശാല ശ്രീ പി.ജെ.ജോയി എം.എൽ.എ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും തെരഞ്ഞെടുത്ത പി.ആർ.പിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടക്കം 90 അംഗങ്ങൾ പങ്കെടുത്തു. ഒരുദിവസം പൂർണമായി നടത്തിയ ശില്പശാലയിൽ ജനകീയാസൂത്രണത്തിനായി ചേരുന്ന വിശേഷാൽ ഗ്രാമസഭകൾ എങ്ങിനെ വിജയിപ്പിക്കാമെന്ന് ഗ്രൂപ്പുതിരിഞ്ഞുള്ള ചർച്ചകൾ നടന്നു. 29.9.96 മുതൽ 13.10.96 വരെയുള്ള കാലയളവിൽ ഈ പഞ്ചായത്തിലെ 11 വാർഡുകളിലും ഗ്രാമസഭകൾ കൂടി. നാടിന്റെ വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്ന വിശേഷാൽ ഗ്രാമസഭകളിൽ പതിവിൽ കവിഞ്ഞ ജനസാന്നിദ്ധ്യവും ആവേശവും ഉണ്ടായത് തികച്ചും സ്വാഭാവികമാണ്. വിവിധ വാർഡുകളിലെ ജനങ്ങളുടെ ചിരകാലാഭിലാഷങ്ങളെ കോർത്തിണക്കി

ക്കൊണ്ടുള്ള വികസനരേഖകൾ പഞ്ചായത്തുതലത്തിൽ ക്രോഡീകരിച്ചതാണ് വികസനറിപ്പോർട്ടിന്റെ ആദ്യപടി. വികസനറിപ്പോർട്ടിന്റെ മുന്നൊരുക്കത്തിനായി പി.ആർ.പി മാരെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് ദ്വിതീയ വിവരശേഖരണത്തിനുവേണ്ടി ബന്ധപ്പെട്ട വകുപ്പ് ഓഫീസുകളിൽ അയയ്ക്കുകയും ആവശ്യമായ ദ്വിതീയ വിവരശേഖരണം നടത്തുകയും ചെയ്തു. മഹാത്മാഗാന്ധി സർവകലാശാല ഗ്രാമസ്വരാജ് എക്സ്റ്റൻഷൻ പ്രോജക്ടിന്റെ കഴിഞ്ഞ 22 മാസമായുള്ള ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള വികസന പദ്ധതികളുടെ നടത്തിപ്പും പഞ്ചായത്തിലെ ജനകീയാസൂത്രണപരിപാടിക്ക് സഹായകരമായി.

രണ്ടാംഘട്ട പരിശീലനം ലഭിച്ച ഡി.ആർ.പി മാർ 16.11.96ൽ നടന്ന ഏകദിനസെമിനാറിൽ വിവിധ വാർഡുകളിൽ നിന്നായി പങ്കെടുത്ത 62 അംഗങ്ങൾക്ക് വികസനറിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ നൽകി. തുടർന്ന് രണ്ടു പഠനപര്യടന സംഘങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് ഭൂപ്രകൃതി, പ്രകൃതിവിഭവങ്ങൾ എന്നിവയെ കുറിച്ചുള്ള സ്ഥിതിവിവരം ശേഖരിക്കുകയുണ്ടായി. ഈ മുന്നൊരുക്കങ്ങളുടെ അടിസ്ഥാനത്തിൽ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

ചെയ്തു.

## പഞ്ചായത്തിനെ സംബന്ധിക്കുന്ന പൊതുവിവരങ്ങൾ

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | കറുകുറ്റി |
| വില്ലേജ് | - | കറുകുറ്റി |
| ബ്ലോക്ക് ഡിവിഷൻ | - | കറുകുറ്റി, ആഴകം |
| ബ്ലോക്ക് പഞ്ചായത്ത് | - | അങ്കമാലി |
| താലൂക്ക് | - | ആലുവ |
| ജില്ലാ | - | എറണാകുളം |
| അസംബ്ലി മണ്ഡലം | - | അങ്കമാലി |
| ലോകസഭാമണ്ഡലം | - | മുകുന്ദപുരം |
| ജനസംഖ്യ | - | 24,449 |
| വിസ്തീർണ്ണം | - | 33.57 sq. km |
| വാർഡുകൾ | - | 11 |

| | | | |
|---|---|---|---|
| അതിരുകൾ | കിഴക്ക് | - | മൂക്കന്നൂർ പഞ്ചായത്ത് |
| | വടക്ക് | - | ചാലക്കുടി പുഴയും കൊരട്ടി, മേലൂർ പഞ്ചായത്തുകളും |
| | പടിഞ്ഞാറ് | - | പാറക്കടവ് പഞ്ചായത്ത് |
| | തെക്ക് | - | അങ്കമാലി മുനിസിപ്പാലിറ്റി. |

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീമതി മേരി ആന്റണി, പാലാട്ടി |
| വൈസ് പ്രസിഡന്റ് | - | ശ്രീ വർഗീസ് പള്ളിയാൻ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | - | ശ്രീ ഇ.കെ. പരമേശ്വരൻ |

### മെമ്പർമാർ

| | |
|---|---|
| ശ്രീമതി ലീല വർഗീസ് | ശ്രീ ജോസ് മാവേലി |
| അഡ്വ. ചിന്നുമുരളി | ശ്രീമതി മേരി ജോസഫ് |
| ശ്രീ സി.പി. സെബാസ്റ്റ്യൻ | ശ്രീ പി.വി. പൗലോസ് |
| ശ്രീ പി.പി. വാവച്ചൻ | ശ്രീ ആന്റണി അരീക്കൽ |

സെക്രട്ടറി - ശ്രീ ടി.ജെ. സണ്ണി

## പ്രഥമ ഭരണസമിതി അംഗങ്ങൾ

1. ശ്രീ ഔസേപ്പ്കുട്ടി പൈനാടത്ത്
2. ശ്രീ പി.വി. ദേവസി പൈനാടത്ത്
3. ശ്രീ പി.ഐ. ആന്റണി പൈനാടത്ത്
4. ശ്രീ എ. നാരായണൻനായർ
5. ശ്രീ എം.ജെ. കുഞ്ഞുവറീത് ചക്യേത്ത്
6. ശ്രീ കെ.പി. വാസുദേവൻ നമ്പൂതിരി
7. ശ്രീ കെ.ജെ. വർഗീസ്

## മുൻപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ
## 1964- 1980

1. ശ്രീ പി.എൽ. ജോൺ
2. ശ്രീ എം.സി. ചാക്കോ / ശ്രീ. കെ.ജെ. ജോസഫ്
3. ശ്രീ എം.ജെ. ദേവസി / ജോസഫ് കോയിക്കര
4. ശ്രീ പി.വി. വർഗീസ്
5. ശ്രീ പി.സി. സാനി
6. ശ്രീ പി.ജെ. പൗലോസ്
7. ശ്രീ കെ.കെ. നാരായണൻ
8. ശ്രീ പി.വി. കരുണൻനായർ
9. ശ്രീമതി വി.ഐ. ഭാരതിയമ്മ (നോമിനേറ്റഡ്)

## 1980 -1988

1. ശ്രീ പി.എൽ ജോൺ
2. ശ്രീ പി.പി. വർഗീസ്
3. ശ്രീ ചന്ദ്രശേഖരൻ എം.വി
4. ശ്രീമതി മേരി പൈനാടത്ത്
5. ശ്രീ പി.പി. വർഗീസ് പൈനാടത്ത്
6. ശ്രീ പി.ജെ സ്കറിയ
7. ശ്രീ പി.വി. പൗലോസ്
8. ശ്രീ തോമസ് ഐക്കരേത്ത്
9. ശ്രീ വി.കെ. അച്യുതൻ
10. ശ്രീ എ.സി. കുട്ടൻ

## 1988 -1994

1. ശ്രീ സി.ടി. ദേവസിക്കുട്ടി
2. ശ്രീ കെ.വി. പോൾ
3. ശ്രീ പി.വി. പൗലോസ്
4. ശ്രീമതി റോസി തോമസ്
5. ശ്രീ ഫ്രാൻസിസ് ജെ. പൈനാടത്ത്
6. ശ്രീ പി.ജെ. സ്കറിയ
7. ശ്രീമതി ഫിലോമിന പൗലോസ്
8. ശ്രീ സി.ഒ. ചാക്കപ്പൻ
9. ശ്രീ ജോസ് മാവേലി
10. ശ്രീ എ.പി. സുബ്രൻ
11. ശ്രീ പി.പി. വേലായുധൻ

## പഞ്ചായത്ത് അതിർത്തിയിൽ വരുന്ന വിവിധ വകുപ്പുകളുടെ ഓഫീസ് സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | വില്ലേജ് ഓഫീസ് | |
| 2. | കൃഷിഭവൻ | |
| 3. | ഡെമോൺസ്ട്രേറ്റഡ് ക്വാർട്ടേഴ്സ് | |
| 4. | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് | |
| 5. | കെ.എസ്.ഇ.ബി സബ്സ്റ്റേഷൻ | |
| 6. | റെയിൽവേ സ്റ്റേഷൻ | |
| 7. | പ്രാഥമിക ആരോഗ്യകേന്ദ്രം | 1 |
| 8. | മൃഗാശുപത്രി | |
| 9, | സബ്സെന്റർ | 5 |
| 10. | പോസ്റ്റോഫീസ് | 1 |
| 11. | സബ് പോസ്റ്റോഫീസ് | 2 |
| 12. | സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റ് | |
| 13. | ഫോറസ്റ്റ് റെയിഞ്ചോഫീസ് | |
| 14. | ടെലിഫോൺ എക്സ്ചേഞ്ച് | |
| 15. | വി.ഇ.ഒ. ഓഫീസ് | 2 |
| 16. | ബാംബൂ കോർപറേഷൻ ഡിപ്പോ | 2 |

വികസന സെമിനാർ വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 1996 നവംബർ ഇരുപത്തിയേഴാം തീയതി വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനാ പ്രതിനിധികളും പി.ആർ.പിമാരും വിവിധി വികസന മേഖലകളുടെ തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പ് ലീഡർമാരും

ജനപ്രതിനിധികളും ചേർന്ന് ഒരു സ്വാഗതസംഘം രൂപീകരിക്കുകയും വികസന സെമിനാറിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ഈ റിപ്പോർട്ടിൽ വിഭാവനം ചെയ്യുന്ന രീതിയിൽ വികസനപദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞാൽ ഒമ്പതാം പദ്ധതിയുടെ ഗുണഫലങ്ങൾ കറുകുറ്റി ഗ്രാമപഞ്ചായത്തിൽ സാക്ഷാത്കൃതമാകുമെന്ന് പൂർണ്ണമായി വിശ്വസിക്കുകയാണ്.

## സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

പഴയ തിരുവിതാംകൂർ രാജ്യത്തിന്റെയും ഇപ്പോഴത്തെ എറണാകുളം ജില്ലയുടേയും വടക്കേ അറ്റത്തായി കൊച്ചിരാജ്യത്തിന്റെ തെക്കേ അതിർത്തിയായി സ്ഥിതിചെയ്യുന്ന കറുകുറ്റി ഗ്രാമപഞ്ചായത്ത് ഇരുരാജ്യങ്ങളുടെയും സംസ്കാരങ്ങളുടെ അംശങ്ങൾ നിലനിന്നതായി കാണാം. ജനസാന്ദ്രത വളരെ അധികരിച്ച ഈ പ്രദേശത്ത് ഉന്നതമായ ഹൈന്ദവ സംസ്കാരം നിലനിന്നിരുന്നു. ദൈവാരാധനയ്ക്കായി പുരാതന ശില്പചാതുര്യത്തോടെ നിർമിച്ച അമ്പലങ്ങളുടെ അവശിഷ്ടങ്ങൾ നിരവധി ഉണ്ട്. പഴയ കാലങ്ങളിലെ ഇവിടുത്തെ ജനങ്ങളുടെ സമ്പാദ്യവും നിധികളും സൂക്ഷിച്ചിരുന്ന ഭരണികളുടെ അവശിഷ്ടങ്ങളും ഭൂമിക്കടിയിൽ കാണപ്പെടുക ഉണ്ടായിട്ടുണ്ട്. ആസാംസ്കാരം തകർന്നടിയാൻ കാരണമായിതീർന്നത് ഏതോ ഭീകരയുദ്ധത്തിന്റെയോ അല്ലെങ്കിൽ ആർക്കും രക്ഷപ്പെടാൻ കഴിയാതെയിരുന്ന പ്രകൃതിക്ഷോഭം മൂലമോ ആകാം. പിന്നീട് ഈ പ്രദേശം ഒരു വന്യമേഖലയായി തീർന്നു.

ഇടതൂർന്നു വളർന്ന കാര എന്ന കുറ്റിച്ചെടികൾ ഉണ്ടായിരുന്നതിനാലാകാം ഈ പ്രദേശം പിന്നീട് കറുകുറ്റിയായത്. കറുകുറ്റികണ്ടാൽ മറുകുറ്റിവേണ്ട എന്നൊരു ചൊല്ലും ഉണ്ട്. ടിപ്പുസുൽത്താന്റെ പടയോട്ടത്തെ ചെറുക്കാൻ തിരുവിതാംകൂർ കൊച്ചിരാജാക്കന്മാർ സഹകരിച്ചു നിർമിച്ച നെടുംകോട്ടയുടെ അവശിഷ്ടങ്ങൾ ഈ ഗ്രാമത്തിന്റെ വടക്കുവശത്തായി കോട്ടത്തെണ്ട് എന്നപേരിൽ ഇപ്പോഴും നിലനിൽക്കുന്നു.

ഈ വനപ്രദേശത്ത് കുടിയേറി പാർത്ത ജനസമൂഹം ഭൂരിപക്ഷവും ക്രിസ്തുമത വിശ്വാസികളായിരുന്നു. കരയാംപറമ്പിൽ ഉള്ള ഉണ്ണിമംക്ഷേത്രമാണ് ഹൈന്ദവരുടെ പഞ്ചായത്തു പ്രദേശത്തുള്ള പ്രഥമ ആരാധനാകേന്ദ്രം. 1829ആം ആണ്ടോടുകൂടി കറുകുറ്റി സെന്റ് സേവ്യേഴ്സ് പള്ളിയുടെ സ്ഥാപനത്തോടുകൂടി നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിന് തുടക്കംകുറിച്ചു. 1899ൽ കർമലീത്താ സന്യാസിനി സഭകളുടെതായ ഒരുമഠം ആരംഭിച്ചതോടെ വിദ്യാഭ്യാസ പരമായ പ്രവർത്തനങ്ങൾ ആരംഭിച്ചു. വിദ്യാഭ്യാസ സാംസ്കാരിക മാറ്റങ്ങൾക്ക് തുടക്കംകുറിച്ചത് പൈനാടത്ത് ചെറിയാൻ വർക്കി ഔസേപ്പ് കത്തനാരായിരുന്നു.

ഇന്നത്തെ കറുകുറ്റി പഞ്ചായത്ത് പ്രദേശം മുമ്പ് കോട്ടയം ജില്ലയിലെ കുന്നതുനാട് താലൂക്കിന്റെ ഭാഗമായിരുന്നു. അന്ന് അങ്കമാലി കറുകുറ്റി മൂക്കന്നൂർ പ്രദേശങ്ങൾ ഉൾപ്പെടുന്നത് കോതകുളങ്ങര പഞ്ചായത്തായിരുന്നു. എറണാകുളംജില്ല രൂപംകൊണ്ടപ്പോൾ ഈ പ്രദേശം ആലുവ താലൂക്കിന്റെ ഭാഗമായി എന്നാൽ കേരള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 192/ 61/ ഡിപി/ തീയതി 28.12.61 പ്രകാരം കറുകുറ്റി പഞ്ചായത്ത് രൂപംകൊണ്ടു ആഴകം ഒഴികെ കോതകുളങ്ങര നോർത്ത് വില്ലേജും മഞ്ഞപ്രവില്ലേജിന്റെ പാലിശ്ശേരി മുന്നൂർപള്ളി ഏഴാറ്റുമുഖം ഉൾപ്പെടുത്തി കറുകുറ്റി പഞ്ചായത്തിന്റെ അതിർത്തി നിജപ്പെടുത്തി.

എറണാകുളം ജില്ലയുടെ വടക്കേഅറ്റത്തായി സ്ഥിതിചെയ്യുന്ന കറുകുറ്റി പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായി ശ്രീ പി.വി. ഔസേപ്പുകുട്ടി പൈനാടത്ത് സ്ഥാനമേറ്റു. പിന്നീട് ശ്രീ പി.വി. ദേവസിയും ശ്രീ പി.ഐ ആന്റണിയും ശ്രീ എ. നാരായണൻനായും പ്രസിഡന്റുമാരായി സ്ഥാനമേറ്റിട്ടുണ്ട് 1964ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ പി.സി. സാനിയുടെ നേതൃത്വത്തിൽ ഒരു നോമിനേറ്റഡ് വനിതാ മെമ്പറുമുൾപ്പെടെ എട്ടംഗ ഭരണസമിതി അധികാരത്തിൽ വന്നു. 1980ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ തോമസ് ഐക്കരേത്തിന്റെ നേതൃത്വത്തിൽ പത്തംഗ പഞ്ചായത്തു ഭരണസമിതി സ്ഥാനമേറ്റു. 1988ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ശ്രീ സി.ടി ദേവസിക്കുട്ടിയുടെ നേതൃത്വത്തിൽ 11 അംഗ ഭരണസമിതി ചുമതലയേറ്റു. ഈ കാലയളവിൽ പ്രസിഡന്റുമാരായി ശ്രീ ഫ്രാൻസിസ് ജെ. പൈനാടത്ത് ശ്രീ പി.ജെ. സ്കറിയ എന്നിവരും ചുമതലയേറ്റിരുന്നു. തുടർന്നു നടന്ന പഞ്ചായത്തീരാജ് തെരഞ്ഞെടുപ്പിലാണ് നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നത്.

പഞ്ചായത്തിന്റെ ഇതുവരെയുള്ള വികസന പ്രവർത്തനങ്ങളിൽ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ മുൻകാല ഭരണസമിതികൾക്ക് കഴിഞ്ഞിട്ടുണ്ടെന്നകാര്യം ഇത്തരുണത്തിൽ എടുത്തുപറയട്ടെ.

# ഭൂപ്രകൃതിയും വിഭവങ്ങളും

റൂട്ട് മേച്ചരിക്കുന്ന് കേബിൾ നഗർ പണ്ടൻചിറ തോട്ടകം ഇടക്കുന്ന് പാലിശ്ശേരി മുന്നൂർപിള്ളി മേച്ചേരിക്കുന്ന്

മൂന്നൂർപ്പിള്ളി

(സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം .33മീറ്റർ)




| കുന്നിൽമണ്ട | സമതലം | താഴ്വര | ഉയർന്ന സമതലം | | ചെറിയ ചരിവ് | കുന്നിൻമണ്ട |
|---|---|---|---|---|---|---|
| മണ്ണ് | കരിങ്കൽപാറ ചരൽ കലർന്ന ചുവന്നമണ്ണ് പശിമരാശിയുള്ള ചുവന്നമണ്ണ് | ചെളിമണ്ണ് വെട്ടു കലർന്ന ചെമ്മണ്ണ് കടുപ്പംകൂടിയ ചീങ്കല്ല് കലർന്ന ചുവന്നമണ്ണ് | പശിമരാശിയുള്ള മണ്ണ് വെട്ടുകലർന്ന ചുവന്ന മണ്ണ് | ചരൽ കലർന്ന ചുവന്നമണ്ണ് | ചരൽ കലർന്ന ചുവന്നമണ്ണ്, പശിമരാശിയുള്ള മണ്ണ് | കരിങ്കൽപാറകൾ ചരൽകലർന്ന ചുവന്നമണ്ണ് |
| സസ്യാവരണം | തെങ്ങ്, റബർ വാഴ, ജാതി കുരമുളക്, നെല്ല് (ആമത്തറ) | തെങ്ങ്, ജാതി, വാഴ റബർ, കവുങ്ങ്, കുരമുളക് കൈത, കപ്പ, നെല്ല് | നെല്ല്, തെങ്ങ്, ജാതി, കപ്പ, കവുങ്ങ് | തെങ്ങ്, ജാതി, കവുങ്ങ്, വാഴ | തെങ്ങ്, ജാതി കുരമുളക്, കവുങ്ങ്, റബർ, വാഴ നെല്ല് | തെങ്ങ് റബർ, ജാതി, കുരുമുളക്, വാഴ |
| പരിസ്ഥിതി പ്രശ്നങ്ങൾ | അനിയന്ത്രിത പാറപൊട്ടിക്കൽ മണ്ണൊലിപ്പ് പാടം നികത്തൽ മൂലം വെള്ളംകെട്ട് | മണ്ണിന്റെ ഫലപുഷ്ടി കുറയൽ | പാടം നികത്തൽ | | വെള്ളകെട്ട്, മണ്ണൊലിപ്പ് കനാൽ മൂലമുള്ള ജലനിർഗമന തടസം | വെള്ളകെട്ട് മണ്ണൊലിപ്പ് |
| ജലസ്രോതസ് | നെല്ലാചിറകുളം ആമത്തറഎം.ഐ എൽ.ഐ സ്കീം പാറക്കടവ് ഇടതുകരകനാൽ | പാണ്ടൻചിറ തുമ്പൂർ മുഴിഡാമിന്റെ ഇടതുകരകനാൽ | കുളങ്ങൾ ഇടതുകര കനാലിന്റെ ബ്രാഞ്ച് കനാൽ | കുളങ്ങൾ കിണറുകൾ ഇടതുകര കനാലിന്റെ ബ്രാഞ്ച് കനാൽ | ഇടതുകര കനാൽ കുളങ്ങൾ | കിണറുകൾ, കുളങ്ങൾ |

# ഭൂപ്രകൃതി

സമുദ്രനിരപ്പിൽ നിന്നും ശരാശരി 26.5 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മദ്ധ്യ ഇടനാടിന്റെ (central midland) ഭാഗമായുള്ള കറുകുറ്റി ഗ്രാമപഞ്ചായത്ത് ഇടനാടിന്റെ (midland) പൊതുവായ എല്ലാ ഭൂപ്രകൃതി സവിശേഷതകളും പങ്കുവയ്ക്കുന്നു. ഭൂപ്രകൃതിയനുസരിച്ച് കറുകുറ്റി പഞ്ചായത്തിനെ നാലുമേഖലകളായി തരംതിരിക്കാം.

1. ഉയർന്ന കുന്നിൻ പ്രദേശം
2. ചെരിവുകൾ
3. സമതലങ്ങൾ
4. പാടങ്ങൾ

## ഉയർന്ന കുന്നിൻ പ്രദേശങ്ങൾ

പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികളായി സമുദ്രനിരപ്പിൽ നിന്ന് ശരാശരി 33 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാണ് ഈ ഭൂപ്രകൃതി വിഭാഗത്തിൽ വരുന്നത്. പഞ്ചായത്തിന്റെ ഒന്നാംവാർഡിലെ ക്രൈസ്റ്റ് നഗർ മേച്ചരിക്കുന്ന് (പാവട്ടാട്ടുകുന്ന്) 11-ാം വാർഡിലെ മുന്നൂർപ്പിള്ളി എന്നീ പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങൾ കരിങ്കൽ പാറകളും, ചരൽ കലർന്ന ചുവന്ന മണ്ണും ഈ പ്രദേശത്തുകാണുന്നു. കരിങ്കല്ലിന്റെ ആധിക്യംമൂലം മഴവെള്ളം കിനിഞ്ഞിറങ്ങുവാൻ പറ്റാത്ത ഈ പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്. മണ്ണൊലിപ്പ് ഈ പ്രദേശത്തെ പ്രധാനപരിസ്ഥിതി പ്രശ്നമാണ് തെങ്ങ് റബർ വാഴ ജാതി എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന കൃഷിയിനങ്ങൾ.

## ചെരിവുകൾ

പഞ്ചായത്തിന്റെ മൊത്ത വിസ്തീർണത്തിന്റെ 10 ശതമാനത്തോളം ചരിവുകളാണ്. എൻ.എച്ച് 47ന് കിഴക്കായി കിടക്കുന്ന കരയാംപറമ്പ്, നിരോലിപ്പാറ, ഉദയംനഗർ, കേബിൾ നഗർ, മലമാങ്കുന്ന് ,തോട്ടകം, ആഴകം, പാലിശ്ശേരി ഭാഗങ്ങൾ ഈ മേഖലകളിൽ ഉൾപ്പെടുന്നു. ചരൽ കലർന്ന 'ചെമ്മണ്ണാണ് ഈ പ്രദേശങ്ങളിൽ കാണുന്നത് ഈ ചെരിവുകളിലെല്ലാം നല്ല രീതിയിൽ എല്ലാവിളകളും കൃഷിചെയ്യപ്പെടുന്നു. ചെരിവുകൾക്കു താഴെയായി ജലാശയങ്ങളോ പാടങ്ങളോ സ്ഥിതിചെയ്യുന്നതിനാലും തുമ്പൂർ മുഴിഡാമിന്റെ ഇടതുകര കനാലുകളും ലീഡിംഗ് ചാനലുകളും ഉള്ളതിനാലും ഈ പ്രദേശത്ത് ജലലഭ്യതയ്ക്ക് പ്രശ്നമില്ല. മണ്ണൊലിപ്പ് പലഭാഗങ്ങളിലും കാണുന്നു. ഫലവൃക്ഷങ്ങളും മറ്റുവിളകളുമായി നല്ല പച്ചപുതച്ച ഭൂപ്രദേശമാണിത്.

## സമതലങ്ങൾ

കറുകുറ്റി പഞ്ചായത്തിന്റെ സിംഹഭാഗവും സമതലപ്രദേശങ്ങളാണ്. കറുകുറ്റി പള്ളിയങ്ങാടി, പാറപ്പുറം, നീരോലിപ്പാറ മരങ്ങാടം, പന്തയ്ക്കൽ, മൂന്നാംപറമ്പ് തുടങ്ങിയ സ്ഥലങ്ങൾ ഈ ഭൂപ്രകൃതി വിഭാഗത്തിൽ വരുന്നു. ഫലഭൂയിഷ്ഠമായ ചെമ്മണ്ണിനമാണിവിടെ തെങ്ങ്, ജാതി തുടങ്ങി എല്ലാത്തരത്തിലുള്ള വിളകൾ ഈ പ്രദേശത്തു കാണുന്നു. ജലം കിനിഞ്ഞിറങ്ങുവാനുള്ള സാദ്ധ്യതയും ഈ പ്രദേശത്ത് വളരെ കൂടുതലാണ് സമതലങ്ങൾ പൂർണ്ണമായും പാർപ്പിടങ്ങൾക്കായി തുണ്ടുതുണ്ടുകളായി വിഭജിച്ചിരിക്കുന്നു. പുരയിടകൃഷിമൂലം വൈവിദ്ധ്യമാർന്ന ഒരു സസ്യാവരണം ഈ പ്രദേശത്തുണ്ട്.

## പാടങ്ങൾ

നെല്ലാച്ചിറപാടം, ആമത്തറപ്പാടം വൈമ്മേലിപാടം, കളിയാറപ്പാടം തുടങ്ങി 2000 ഹെക്ടറിലധികം പാടങ്ങൾ ഒരു പ്രത്യേക ഭൂപ്രകൃതി വിഭാഗമായി നിലവിലുണ്ട്. രണ്ടും മൂന്നും പൂപ്പ് കൃഷിയിറക്കുന്ന നെൽപാടങ്ങളിലെ നല്ല പശിമയുള്ള ഫലഭൂയിഷ്ഠമായ മണ്ണാണ്.

★

# ജലസേചനം

പ്രകൃതിയെമാത്രം ആശ്രയിച്ചാണ് പഴമക്കാർ കൃഷിചെയ്ത് പോന്നത്. മിക്കവാറും തീരസമതലങ്ങളിൽ കുളങ്ങൾ, കിണറുകൾ എന്നിവകുഴിച്ച് ജനസേചനം നടത്തിപോന്നു. മഴക്കാലത്ത് വെള്ളത്തിന്റെ നീർക്കെട്ട് മാറ്റുന്നതിന് വേണ്ടി എല്ലാ പാടശേഖരങ്ങളിലും വിസൃതമായ തോടുകൾ നിർമിച്ച് ജലം എത്തിക്കുന്നതിനും വെള്ളം ഒഴുക്കി കളയുന്നതിനും ശ്രമിച്ചിരുന്നു. മിക്കവാറും ഒരു വിളകൃഷി പൂർണമായും രണ്ടാംവിളകൃഷി നാമമാത്രമായും ഈ ജലസേചന സൗകര്യങ്ങൾ ഉപയോഗിച്ച് കൃഷിചെയ്തുപോന്നു. 1956 ൽ ആരംഭിച്ച ചാലക്കുടി ഇടതുകര ജലസേചന പദ്ധതിയുടെ ആവിർഭാവത്തോടെ കറുകുറ്റി പഞ്ചായത്തിന്റെ കാർഷിക മേഖലയിലും കുടിവെള്ളത്തിനും ഗണ്യമായ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞു. 1950ൽ ഒരു സ്വകാര്യവ്യക്തി ഏഴാറ്റുമുഖത്ത് ചാലക്കുടി പുഴയിൽ ബസ് നിർമിച്ച് 10 കിമി നീളമുള്ള കനാൽ നിർമിച്ച് ജലസേചന പദ്ധതിക്ക് തുടക്കംകുറിച്ചു. ഇടതുകര കനാലിന്റെ ആവിർഭാവത്തോടെ പഞ്ചായത്തിലെ 70% സ്ഥലത്തും ഈ പദ്ധതി വഴി ജലമെത്തിക്കാൻ കഴിഞ്ഞു.

എല്ലാ പാടശേഖരങ്ങളുടെയും മർമ്മ പ്രധാനമായ സ്ഥലത്ത് വളരെ മുമ്പുതന്നെ വളരെ വിസൃതമായ 27 കുളങ്ങൾ കുഴിച്ച് ജലസേചനം നടത്തിയിരുന്നു. ഇപ്പോൾ മുഴുവൻ കുളങ്ങളുടെയും വിസ്തീർണ്ണം അനധികൃതമായ കൈയേറ്റം മൂലം വളരെ കുറഞ്ഞ്പോയി. ഇത് കൂടാതെ സ്വകാര്യവ്യക്തികൾ പുരയിടകൃഷിക്ക് ആവശ്യമായ ജലം എത്തിക്കുന്നതിന് നിരവധി കുളങ്ങൾ കുഴിച്ചിരുന്നു. ഈ കുളങ്ങളെ ആശ്രയിച്ച് കൃഷിചെയ്ത് പോന്ന കർഷകർ ചാലക്കുടി ജലസേചനപദ്ധതിയുടെ ആരംഭത്തോടെ കുളങ്ങളുടെ ഉപയോഗം നാമാത്രമായി. കുളങ്ങൾ, തോടുകൾ തുടങ്ങിയ പൊതുജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സാമൂഹ്യസംവിധാനം ഇല്ലാതായി. ബന്ധുകൾ ഇടിഞ്ഞും കാടുപടലം പിടിച്ചും തോടുകളുടെ ജലപ്രവാഹത്തിന് തടസ്സമുണ്ടാക്കിയത്. നീർക്കെട്ടിനൊരു കാരണമാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുളങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | പൊതുജലസേചനസേചനകിണർ | കുഴൽ കിണർ | സ്വകാര്യ കുളങ്ങൾ | പൊതു കുളങ്ങൾ |
|---|---|---|---|---|
| 1 | 4 | 1 | 15 | 3 |
| 2 | 4 | | 8 | 2 |
| 3 | 4 | | 11 | 2 |
| 4 | 4 | 1 | 28 | 5 |
| 5 | 5 | 1 | 21 | 3 |
| 6 | 1 | | 32 | 4 |
| 7 | 5 | 2 | 48 | 3 |
| 8 | 3 | | 41 | 2 |
| 9 | 3 | | 18 | 4 |
| 10 | 1 | 1 | 22 | 2 |
| 11 | 1 | 1 | 21 | 2 |

ജലസേചനമെത്തിക്കുന്നതിനും നീർക്കെട്ട് മാറ്റുന്നതിനും വേണ്ടി എല്ലാ പാടശേഖരങ്ങളിലും വിസൃതമായ തോടുകൾ നിലവിലുണ്ട്. കണ്ണൻ തോട്ടിൽ കോരമന ഭാഗത്ത് ഒരു തടയിണ നിർമിച്ച് ആവശ്യാനുസരണം ഉപയോഗിച്ച് വരുന്നു. തോടുകളെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

കൂടാതെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യമായ ജലസ്രോതസുകളുള്ള കുളംങ്ങളിൽനിന്നും വെള്ളം ലിഫ്റ്റ്ചെയ്ത് കൃഷിക്ക് ഉപയുക്തമായ പദ്ധതികളെ കുറിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

കറുകുറ്റി ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ചെറുകിട ജലസേചനപദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം (ഹെ) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | വെളിമ്പിയം ക്രൈസ്റ്റ്നഗർ | 80 | 60ലക്ഷം | ഉല്പാദനക്ഷമത വർധിപ്പിക്കുക കുടിവെള്ളക്ഷാമം പരിഹരിക്കുക |
| 2 | ക്രൈസ്റ്റ് നഗർ പാവട്ടാട്ടുകുന്ന് | 50 | | " |
| 3 | കരയാംപറമ്പ് ലിഫ്റ്റ് | 10 | | " |
| 4 | രുധിരചിറ ലിഫ്റ്റ് | 10 | | |
| 5 | പരിപ്പിൻതോട് ലിഫ്റ്റ് | 95 | 20ലക്ഷം | |
| 6 | പാണ്ടൻചിറ | 25 | 45ലക്ഷം | |
| 7 | പഴഞ്ചിറ | 25 | 10 ലക്ഷം | |
| 8 | ചുരുളിചിറ | 15 | 20ലക്ഷം | |
| 9 | കുറ്റിക്കാട് ലിഫ്റ്റ് | 10 | 10ലക്ഷം | |
| 10 | വാഴച്ചാൽ ലിഫ്റ്റ് | 15 | 10ലക്ഷം | |
| 11 | നെല്ലൂക്കണ്ണ ലിഫ്റ്റ് | 20 | 15ലക്ഷം | |
| 12 | മുതുകാട്ചിറ ലിഫ്റ്റ് | 15 | | |
| 13 | കാരമറ്റം കോളനി | 20 | | |
| 14 | ചാപ്പാളകുണ്ട് | 25 | | |
| 15 | അമ്പലതുരുത്ത് | 20 | 10ലക്ഷം | |
| 16 | എടക്കുന്ന് ചർച്ച് | 5 | 3.5ലക്ഷം | |
| 17 | വാര്യത്ത്ചിറ ലിഫ്ട് | 5 | 3.5ലക്ഷം | |
| 18 | പോട്ടചിറ | 6 | | |

കനാൽ ജലത്തിന്റെ ലഭ്യതയോട് കൂടി പുരയിടങ്ങളിലെ കുളങ്ങളിലും, കിണറുകളിലും വേണ്ടത്ര ജലം ലഭിക്കുവാനുള്ള സാഹചര്യമുണ്ടായി. ഇതിനെ തുടർന്ന് 30% വീടുകളിലും 1.5 എച്ച്.പി മുതൽ 5 H.P. വരെയുള്ള പമ്പ്സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തിവരുന്നു. പൂർണ്ണമായും കാർഷിക ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി ഉപയോക്താക്കളുടെ എണ്ണം താരതമ്യേന്യ കുറവാണ്.

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം<br>മീറ്റർ | ശരാശരി വീതി<br>മീറ്റർ | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം<br>മീറ്റർ |
|---|---|---|---|---|
| 1 | നെല്ലാചിറ ആമത്തറ | 1100 | 1 | |
| 2 | മണിയൻകുഴി തേപ്പാടം | 1000 | 1.5 | |
| 3 | അരീക്കൽതോട് | 1000 | 1 | |
| 4 | കുറ്റിക്കാട് തോട് | 500 | 1 | |
| 5 | കാരിതോട് കണ്ണൻതോട് | 1500 | 1.5 | |
| 6 | പാണ്ടൻചിറതോട് | 1000 | 1.5 | |
| 7 | കറുകുറ്റിപാടംതോട് | 900 | 1 | |
| 8 | കളിയാറ മംഗലത്താഴം | 8000 | 4 | |
| 9 | ചീനി കോരമന | 2000 | 2 | |
| 10 | പന്തയ്ക്കപാടം മൂടപ്പുഴ | 1500 | 1.5 | |
| 11 | പുളികത്തോട് | 1000 | 2 | |
| 12 | നെടൂപാടം തോട് | 500 | 2 | |
| 13 | പാലിശ്ശേരി തോട് | 2000 | 1.5 | |
| 14 | അമ്പലത്തുരുത്ത് മുന്നൂർപിള്ളിതോട് | 2000 | 2 | |
| 15 | പാണൻ തോട് | 1000 | 1.5 | |
| 16 | ആശാരിത്താഴംതോട് | 2000 | 6 | |
| 17 | ചേരാമ്പിള്ളിത്താഴം മംഗലത്താഴം തോട് | 1500 | 6 | |

ചാലക്കുടി ഇടതുകര മെയിൻ കനാൽ പഞ്ചായത്ത് പ്രദേശത്തിലൂടെ ഏകദേശം 7 കിലോമീറ്റർ കടന്നുപോകുന്നു. ഈ കനാലിൽ നിന്ന് കറുകുറ്റി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾകൂടി 11 കനാലുകൾ ഒഴുകുന്നുണ്ട്. കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജലസേചന മാർഗംസുഗമമാക്കുന്നതിന് കോൺക്രീറ്റ് ലീഡിംഗ് ചാനലുകൾ എല്ലാ സ്നപ്പട്ടിലും ശരാശരി 300 മീറ്റർ നീളത്തിൽ നിർമിച്ചിട്ടുണ്ട്. വിവിധ സ്ലോട്ടുകളിലെ "ആയകെട്ടിലുള്ള" കർഷകരെ സംഘടിപ്പിച്ചുകൊണ്ട് 40ഓളം കർഷക സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഈ സമിതികളുടെ നേതൃത്വത്തിൽ കനാൽ മെയിന്റനൻസ് നടത്തുകയും മറ്റും ചെയ്തുവരുന്നു. അതോടൊപ്പം കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി തെങ്ങ്, ഏത്തവാഴ, പച്ചക്കറി, നെല്ല് മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

ചാലക്കുടി ഇടതുകര കനാലിന്റെ "ആയക്കെട്ട് പട്ടിക" താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ദൂരം കിമി | ആയകെട്ട് ഏക്കർ | ആവശ്യത്തിന് ജലലഭ്യത |
|---|---|---|---|---|
| 1 | പാറക്കടവ് മെയിൻ | 7 | 1400 | ഉണ്ട് |
| 2 | കറുകുറ്റി കരയാംപറമ്പ് | 5 | 500 | ഇല്ല |
| 3 | എടക്കുന്ന് ബ്രാഞ്ച് കനാൽ | 3.5 | 300 | ഇല്ല |
| 4 | മരങ്ങാടം ബ്രാഞ്ച് കനാൽ | 1.5 | 250 | ഉണ്ട് |
| 5 | താണ്ടുചിറ | 1.25 | 225 | ഉണ്ട് |
| 6 | പൂതംകുറ്റി | 1 | 175 | ഉണ്ട് |
| 7 | കറുകുറ്റികര ബ്രാഞ്ച് കനാൽ | 0.5 | 200 | ഇല്ല |
| 8 | അട്ടാറ ബ്രാഞ്ച് | 1 | 150 | ഉണ്ട് |
| 9 | കാലടി മെയിൻ | 1.5 | 400 | ഉണ്ട് |
| 10 | കാവുങ്ങൽ ബ്രാഞ്ച് | 0.5 | 100 | ഇല്ല |

കനാൽ ജലം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതികളെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

**പട്ടിക പണിപൂർത്തിയായതോ, നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും ആയ ജലസേചന പദ്ധതിയുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണം ഏക്കർ |
|---|---|---|---|---|---|
| 1 | ആമത്തറ | 1990 | 1990 | 12 ലക്ഷം | 150 |
| 2 | കരയാംപറമ്പ് | 1987 | 1994 | 13 ലക്ഷം | 100 |
| 3 | ഫാർമേഴ്സ്, വെൽഫെയർ കരയാംപറമ്പ് | 1980 | 1985 | 4 ലക്ഷം | 50 |
| 4 | ആശാരിത്താഴം | 1980 | 1985 | 8 ലക്ഷം | 175 |
| 5 | മലയാംകുന്ന് | 1991 | 1995 | 5 ലക്ഷം | 75 |
| 6 | ചുരുളിചിറ | 1987 | 1992 | 8 ലക്ഷം | 100 |
| 7 | പാണ്ടറ കോളനി | 1990 | 1995 | 85000 | 10 |
| 8 | കൂനത്താൻകുന്ന് | 1987 | | 20 ലക്ഷം | 200 |

## പ്രശ്നങ്ങൾ

1. നിലവിലുള്ള കനാലുകളിൽ ആവശ്യമായ സമയങ്ങളിൽ വേണ്ടത്ര ജലം ലഭിക്കുന്നില്ല. കനാലിന്റെ ടെയിലെന്റ് പ്രദേശത്ത് വെള്ളം എത്താറില്ല. ഏതേത് സമയങ്ങളിൽ തിരിച്ചുവിടുന്നു എന്നറിയാനുള്ള സംവിധാനമില്ല.

2. കനാൽ മെയിന്റനൻസ് നടത്താത്തതുമൂലം ജലത്തിന്റെ ഒഴുക്ക് കുറഞ്ഞുവരുന്നു.

3. കനാൽ ആനുവൽ മെയിന്റനൻസ് യഥാസമയങ്ങളിൽ നടത്തുന്നില്ല. കനാൽ മെയിന്റനൻസിന് നീക്കിവെയ്ക്കുന്നതു കുറവാണ്.

4. കോൺക്രീറ്റ് ലീഡിംഗ് ചാനലുകൾ വേണ്ടത്ര പൂർത്തീകരിച്ചിട്ടില്ല.

5. കനാലിനും സ്പൗട്ടുകൾക്കും ജലനിയന്ത്രണ സൗകര്യമില്ല.

6. കനാൽ കമ്മിറ്റിയിൽ ജലസേചന സൗകര്യങ്ങളെപ്പറ്റിയുള്ള പരാതികൾ രേഖപ്പെടുന്നില്ല.

7. ജലസേചനത്തിന് ഉപയുക്തമായ കുളങ്ങൾ സംരക്ഷിക്കുന്നില്ല.

8. താഴ്ന്ന പാടശേഖരങ്ങളിൽ നിലവിലുള്ള തോടുകളുടെ ഇരുവശവും അതിശക്തമായ കൈയേറ്റം മൂലം തോടുകൾ ചെറുതാവുകയും ഇത് മൂലം നീർക്കെട്ട് അനുഭവപ്പെടുകയും ചെയ്യുന്നു.

9. ഉയർന്ന പാടശേഖരങ്ങളിൽ നിന്നും ജലം വാർന്നു പോകുന്നതിനാൽ കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല.

10. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല.

11. പല ലിഫ്റ്റ് ഇറിഗേഷനുകളും പൂർത്തീകരിച്ചിട്ടില്ല.

## സാധ്യതകൾ

1. കൃഷിക്ക് ഫലപ്രദമായ രീതിയിൽ കനാലുകളിൽ ജലവിതരണം നടപ്പാക്കുക.

2. കനാലുകളിൽ ജലസേചനം നടത്തുന്ന തീയതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കലണ്ടർ ഏർപ്പെടുത്തുക

3. സമയാസമയങ്ങളിൽ കനാൽ ആനുവൽ മെയിന്റനൻസ് നടത്തുക. ഇതിന്റെ തുക വർദ്ധിപ്പിക്കണം.

4. ആവശ്യമായ പ്രദേശങ്ങളിൽ കോൺക്രീറ്റ് ലീഡിംഗ് ചാനലുകൾ നിർമിക്കുക.

5. ജലസ്രോതസ്സുകളെ സംരക്ഷിക്കണം

6. തോടുകൾ കെട്ടി സംരക്ഷിക്കുക, ആവശ്യമായിടത്ത് ക്രോസ് ബാറുകൾ നിർമിക്കുക യും ചെയ്യുക.

7. ആവശ്യമായ പ്രദേശങ്ങളിൽ തടയിണകൾ നിർമിക്കുക.

8. ലിഫ്റ്റ് ഇറിഗേഷനുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

9. പൂർത്തീകരിക്കാനുള്ള ലിഫ്റ്റ് ഇറിഗേഷൻ എത്രയും വേഗം പൂർത്തിയാക്കണം.

10. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യമാക്കുക.

11. കാഡാ പദ്ധതി വരും വർഷങ്ങളിൽ തുടരാനുള്ള പദ്ധതി നടപ്പാക്കുക

12. എടമലയാർ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുക.

13. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും മറ്റുപദ്ധതികളുടെയും ആവശ്യമായ കോൺക്രീറ്റ് ലീഡിങ്ങ് ചാനലുകൾ നിർമിക്കുക.

14. ഏഴാറ്റുമുഖം, പാലിശ്ശേരി എന്നീ പ്രദേശങ്ങളിലെ ഉപയോഗശൂന്യമായ ഇറിഗേഷൻ കോർട്ടസ് സ്ഥലവും പഞ്ചായത്തിനെ ഏല്പിക്കുക.

# കാർഷിക മേഖല
# കൃഷി

### കാർഷികചരിത്രം

കാർഷികമേഖലയിൽ മാത്രം ആശ്രയിച്ചു കഴിയുന്ന കറുകുറ്റി പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കഴിഞ്ഞനൂറ്റാണ്ടിലെ അവസാനത്തിൽ തന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ആരംഭിച്ചിരുന്നു. വനപ്രദേശങ്ങൾ വെട്ടിതെളിച്ച് കഠനാദ്ധ്വാനികളായ അന്നത്തെ കർഷകർ ഏറെ ബുദ്ധിമുട്ട് അനുഭവിച്ചുവന്നു. 1928ലെ സെറ്റിൽ മെന്റ് രേഖ പ്രകാരം 35% തരിശുഭൂമികളായിരുന്നു. ഇതിൽതന്നെ ഗണ്യമായ ഭാഗം റവന്യൂ പുറംപോക്കായിരുന്നു. കൈവശ കൃഷിഭൂമിയുടെ പ്രത്യേകതകണ്ടെത്തിയ ജന്മിമാർ വിവിധ ദേവസ്വങ്ങളും മനകളും പള്ളികളുമായിരുന്നു. പണയം, പാട്ടം, വാരം എന്നിങ്ങനെചില രേഖകളുടെ അടിസ്ഥാനത്തിലായിരുന്നു കർഷകരെ ഭൂമി ഏൽപ്പിച്ചിരുന്നത്. വിത്ത്, വളം, സംരക്ഷണം എന്നിവയെല്ലാം കർഷകന്റെ ചുമതലയിലായിരുന്നു. കൃഷിനാശം സംഭവിച്ചാലും ഭൂവുടമയുടെ ഭാഗം വീഴ്ചയില്ലാതെ നൽകണമായിരുന്നു. കൃഷിയിലുണ്ടാകുന്ന നാശനഷ്ടങ്ങൾ കർഷകന്റെ ജീവിത്തേയും ബാധിച്ചിരുന്നതായി കാണുന്നു. കർഷകനും കാർഷികതൊഴിലാളിയും തമ്മിലുള്ള ബന്ധം വ്യത്യസ്ഥമായിരുന്നു. കൂലി അധികം പേരും പണമായിട്ടല്ല നൽകിയിരുന്നത്. വിളയുൽപ്പന്ന ങ്ങളുടെ ഭാഗമാണ് അധികംപേരും കർഷകതൊഴിലാളികൾക്ക് നൽകിയി രുന്നത്.കൊയ്ത്ത്പദം ഏഴിലൊന്നായിരുന്നു. മുഖ്യമായും ഒരുവിള കൃഷിമാത്രമാണ് ചെയ്തുപോന്നത്. തീരസമതലങ്ങളിലെ 27 വലിയ പൊതുകുളങ്ങളും ഏകദേശം 180 ചെറുകുളങ്ങളും കിണറുകളും കുഴിച്ച്കൃഷിക്കാവശ്യമായ ജലസേചനം നടത്തിപ്പോന്നു ഈ കുളങ്ങളിൽനിന്നും വെള്ള് ലിഫ്റ്റ് ചെയ്യുന്നതിന് കാളത്തേക്ക്, കൈത്തേക്ക്, തുലാത്തേക്ക്, കയറ്റുകൊട്ടത്തേക്ക്, വേത്ത് മുതലായവ ഉപയോഗിച്ചുവന്നിരുന്നു.

നിലം ഒരുക്കുന്നതിന് കന്നു പൂട്ടിയുള്ള കരിയും നുകയും ഞവുരി, ചെരിപ്പ് മുതലായ ഉപകരണങ്ങൾ ഉപയോഗിച്ചുപോന്നു. അന്നു കൃഷിക്ക് പ്രധാനമായും ഉപയോഗിച്ചുവന്നത് ചാണകം, ചാരം, പച്ചിലവളം തുടങ്ങിയ ജൈവവളങ്ങളാണ്.

അന്നത്തെ പ്രധാന വിത്തിനങ്ങൾ, ഓണോട്ടൻ, എരുമക്കാരി, ആര്യൻ, നകര, അതിയൻ തുടങ്ങിയവയായിരുന്നു. ഇന്നതെല്ലാം അപ്രത്യക്ഷമാവുകും ഐ.ആർ. മട്ടയും, പൊൻമണിയും ജ്യോതിയും കൾച്ചറും ചിറ്റിയാണി, ഓണം, 170 തുടങ്ങിയ ആധുനിക വിത്തിനങ്ങൾ ഈസ്ഥാനം കൈയടക്കിയിട്ടുണ്ട്.

1950 ആമാണ്ടോടെ നിലവിൽവന്ന കുടിയായ്മ നിയമം പാട്ടകുടിയാന്മാർക്ക് സംരക്ഷണം നൽകിത്തുടങ്ങി. 1960ൽ ഭൂപരിഷ്കരണ നിയമം നടപ്പിലായതോടുകൂടി കാർഷികരംഗത്ത് ഒരുവിപ്ലവകരമായ മാറ്റം സംഭവിച്ചു. ഈ നിയമംമൂലം ഭൂവുടമകാർഷികരംഗത്ത് നടന്നമാറ്റങ്ങൾ കൃഷിയുടെ വികാസത്തിനും പുത്തൻ മാനം നൽകി. പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷിചെയ്തുപോന്നിരുന്ന കറുകുറ്റി പഞ്ചായത്തിലെ മുഖ്യകൃഷികൾ നെല്ല്, കമുക്, കുരുമുളക്, ഇഞ്ചിപ്പുല്ല്, വെറ്റിലകൊടി കൃഷി, കശുമാവ്കൃഷി എന്നിവയായിരുന്നു. ഈ കൃഷിവിളകളുടെ ഉത്പാദനം പഞ്ചായത്തിന്റെ ജനങ്ങളുടെ സാമ്പത്തിക വളർച്ചയിൽ വലിയൊരു മാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിരുന്നു. ഇടവേള കൃഷിയായി മരച്ചീനി, വാഴ, ചേന, ചേമ്പ്, ചെറുകിഴങ്ങ്, കാച്ചിൽ, കൂർക്ക, ചാമ, ചോനാടൻപുല്ല്, എള്ള്, പയറ് തുടങ്ങിയവയായിരുന്നു. കാലാന്തരത്തിൽ ഈ ഇടവേളകൃഷികൾ പലതും നാമാവശേഷമായി.

അന്തരിച്ച നമ്മുടെ പ്രിയങ്കരനായിരുന്ന ശ്രീ പനമ്പിള്ളി ഗോവിന്ദമേനോന്റെ ശ്രമഫലമായി 1956ലെ ചാലക്കുടി ഇടതുകര ജലസേചനപദ്ധതിയുടെ ആവീർഭാവത്തോടെ കറുകുറ്റി പഞ്ചായത്തിന്റെ കാർഷികമേഖലയിലും കുടിവെള്ളത്തിലും ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ഒരു വിള നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ മൂന്നുവിള കൃഷിചെയ്യുന്നതിന് പുരയിടങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിനും ഈ പദ്ധതിമൂലം സാദ്ധ്യമായി. നാമാത്രമായി ഉണ്ടായിരുന്ന അന്നത്തെ തെങ്ങുകൃഷി ഇതോടുകൂടി പഞ്ചായത്തിന്റെ മുഖ്യവിളയായി മാറുകയും മറ്റു ഇതര കൃഷി മേഖലകളും ഓരോന്നായി കുറഞ്ഞുവരുകയും ചെയ്തു. ആധുനിക ശാസ്ത്രകൃഷി രീതികൾ വന്നതോടുകൂടി ഉത്പാദനരംഗത്ത് 60% നേട്ടംകൈവരിക്കാൻ കഴിഞ്ഞു. ഇതോടുകൂടി മുഖ്യ

ഇടവേള കൃഷിയായി ഏത്തവാഴ, പാളയൻകുടൻ, കണ്ണൻവാഴ, കദളി വാഴ, ജാതി, കൊക്കോ, പൈനാപ്പിൾ, ഇഞ്ചി,മഞ്ഞൾ മുതലായവ കൃഷിചെയ്തുവരുന്നു.

ആധുനിക ശാസ്ത്രകൃഷിരീതി തുടർന്നപ്പോൾ തന്നെ അതിനേറെ വെല്ലുവിളിയും നേരിട്ടു. അമിതമായ രാസവള പ്രയോഗം, കീടനാശിനി, കളനാശിനി തുടങ്ങിയവയുടെ പ്രയോഗം മണ്ണിന്റെ ഘടനയിലും പരിസ്ഥിതി പ്രശ്നങ്ങൾക്കും ഇടയാക്കുകയും ഉത്പാദനം കുറഞ്ഞുവരുന്നതിനും ഇടയാക്കി. കാലാകാലങ്ങളിൽ രാസവളങ്ങളുടെയും കീടനാശിനി കളുടെയും അമിതമായ വിലകയറ്റവും കർഷക തൊഴിലാളികളുടെലഭ്യതകുറവും. അമിതമായ കൂലിവർധനവും ഉത്പാദനത്തിന്റെ വിലകുറവ്, കാർഷിക വൃത്തി, ലാഭകരമല്ലാത്ത അവസ്ഥയിലെത്തി. ഇതുമൂലം കർഷകന് കാർഷിക ഇതര മേഖലകളിലേക്ക് തിരിയുന്നതിന് പ്രേരിപ്പിച്ചു. കൃഷി മുഖ്യവരുമാന മാർഗമല്ലാത്ത ആ സാഹചര്യത്തിൽ നിരവധി കർഷകർക്ക് ഭൂമി തുണ്ടുതുണ്ടായി വിൽക്കുന്നതിന് പ്രേരണ നൽകി. ഇപ്പോഴത്തെ കാർഷിക ഭൂവിനിയോഗം പരിശോധിച്ചാൽ ചെറുകിട ഭൂവുടമമാരുടെ എണ്ണം വളരെ കൂടിയതായി കാണാൻ കഴിയും.

കർഷകരെ സംബന്ധിച്ചുള്ള വിവരങ്ങൾ

| നാമമാത്ര കർഷകർ | ചെറുകിട കർഷകർ | വൻകിട കർഷകർ |
|---|---|---|
| ഒരു ഹെ.വരെ. | 1 ഹെ. മുതൽ | 2 ഹെക്ടറിന് മുകളിൽ |
| 3715 | 357 | 165 |

## കൃഷിഭൂമിയെ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 2.

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 1100 ഹെക്ടർ |
| പുരയിടം | 4,200 ഹെക്ടർ |
| പുറംപോക്ക് റോഡ്, തോട്, കുളം | 210 ഹെ. |
| കൃഷിയോഗ്യമായ തരിശ് | 30 ഹെ. |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 40 ഹെ. |

## തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ

| തൊഴിൽ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 2900 | 135 | 3035 |
| കർഷകതൊഴിലാളികൾ | 681 | 1061 | 1742 |
| മത്സ്യബന്ധനം മൃഗസംരക്ഷണം | 106 | 324 | 530 |
| ഖനനം (കരിങ്കൽ ചെങ്കൽ ക്വാറി) | 575 | 503 | 1078 |
| കുടിൽ വ്യവസായം | 224 | 245 | 369 |
| മറ്റു വ്യവസായം | 300 | 122 | 522 |
| കെട്ടിടനിർമാണം | 1011 | 600 | 1611 |
| വ്യാപാരം | 406 | 95 | 501 |
| സ്ഥിരജോലി | 433 | 168 | 601 |
| വിദേശജോലി | 253 | 287 | 540 |
| ആകെ | 6,889 | 3540 | 10429 |

കർഷകതൊഴിലാളികളെ ആവശ്യത്തിന് ലഭിക്കാനുള്ള ബുദ്ധിമുട്ടാണ് ഈ രംഗത്ത് ഒരു പ്രധാന വെല്ലുവിളി. ആധുനിക വിദ്യാഭ്യാസം സാർവർത്രികമായതോടുകൂടി കർഷകകുടുംബത്തിലെ യുവതലമുറ പാടത്തേപണിയിൽ നിന്ന് പിന്മാറിതുടങ്ങി. കാർഷിക ഇതര മേഖലയിൽ ധാരാളം തൊഴിൽ സാദ്ധ്യതവർധിച്ചതും ആ മേഖലയിൽ ആകർഷകമായ കൂലിയും തൊഴിൽ സുരക്ഷിതത്വവും, സാമൂഹികമാന്യതയും യുവതലമുറയ്ക്ക് കാർഷികമേഖലയിൽ പണിയെടുക്കുന്നതിന് താത്പര്യകുറവ് സംഭവിച്ചു.

കർഷകതൊഴിലാളികളുടെ വിവിധ മേഖലകളിൽ

| കൂലിനിരക്ക് | 1991 -1992 | | 1995 -96 | |
|---|---|---|---|---|
| തൊഴിൽ വിവരം | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| ഉഴവ് ടില്ലർ | രൂപ 60മണിക്കൂർ | | രൂ. 95മണിക്കൂർ | |
| കന്നുപൂട്ടി ഉഴവ് | രൂ 60 ദിവസം | | രൂപ 150 ദിവസം | |
| കിളയ്ക്കൽ | രൂ 40 | | രൂ 80 ദിവസം | |
| ഞാറുപറിയ്ക്കൽ | | രൂപ 25 | | രൂ 45 |
| ഞാറുനടീൽ | | രൂ 30 | | രൂ50 |
| തേങ്ങയിടൽ | രൂ 1.25 | | രൂ2.50 | |
| കൊയ്ത്ത് പതം | | 6 ന് 1 | | 5ന് 1 |

എല്ലാരംഗത്തു കൂലി വർദ്ധിച്ചിരുക്കുന്നതായി കാണുന്നു. അതിനാനുപാതികമായി സേവനനിലവാരം ഉയരുന്നില്ല. കറുകുറ്റി പഞ്ചായത്തിന്റെ ഭൂവിനിയോഗം വിവിധവിളകളുടെ വിസ്തീർണവും ഉത്പാദനവും പട്ടിക താഴെ ചേർക്കുന്നു.

1964ൽ കറുകുറ്റി പഞ്ചായത്തിൽ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഏലാഫീസ് എന്ന പേരിൽ സ്ഥാപനം ആരംഭിച്ച് പ്രവർത്തനം നടത്തിപോന്നു. 1987 കൃഷിഭവനിൽ സ്വന്തമായി സ്ഥലവും കെട്ടിടവും നിർമിച്ച് പ്രവർത്തനം നടന്നുവന്നു. 11 വാർഡുകളായി 12 പാടശേഖര സമിതികൾ രൂപീകരിച്ച് നെൽകൃഷി വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേര കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും പഞ്ചായത്തുതലത്തിൽ കേരവികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. 1349 അംഗങ്ങൾഉള്ള ഈ സമിതിക്ക് സ്വന്തമായി സ്ഥലമോ ഓഫീസ് സൗകര്യമോ ഇല്ല. കുരുമുളക് വികസനത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ കുരുമുളക് വികസനസമിതിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വനിതാ കർഷകർക്ക് കൃഷിയിൽ കൂടുതൽ പ്രോത്സാഹനം നടത്തുന്നതിനുവേണ്ടി ഒരു വനിതാ കർഷകസമിതി പ്രവർത്തിച്ചുവരുന്നു.

കൃഷിഭവനിൽ നിന്നും വിതരണം ചെയ്ത നടീൽ വസ്തുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| ഇനം | 1993 94 | 1994 95 | 1995 96 |
|---|---|---|---|
| തെങ്ങ് | 300 നമ്പർ | 940 നമ്പർ | 1150 നമ്പർ |
| കശുമാവ് | | | |
| കുരുമുളക് | 10000 | | 2250 |
| കവുങ്ങ് | 750 | 1450 | 100 |
| മാവ് | 20 | | |
| പ്ലാവ് | 7 | | |
| സപ്പോട്ട | 2 | | |
| കൊക്കോ | | | 100 |
| ഗ്രാംമ്പൂ | | 50 | 120 |

പട്ടിക 1

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത(ഹെ.) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 1100.ഹെ | 1795.25 | 1632 കി.ഗ്രാം |
| നെല്ല് (രണ്ടാംവിള) | 1100 ഹെ. | 1496 S | 1360 കി ഗ്രാം |
| നെല്ല് (മൂന്നാംവിള) | 830 ഹെ | 1141.68 S | 1496 കി.ഗ്രാം |
| പയറ് | 15 ഹെ. | 3.1 S | 206 കി.ഗ്രാം |
| എള്ള് | 10 ഹെ. | 2.1 S | 210 കി |
| പച്ചക്കറികൾ | 65 ഹെ | 65 S | 1000 കി |
| തെങ്ങ് | 1650 ഹെ | 1732.5 S | 1050 കി |
| വാഴ | 150 ഹെ | 1620 S | 10800 കി |
| മരച്ചീനി | 30 ഹെ | 150 S | 5000 കി |
| കുരുമുളക് | 50 ഹെ | 37.55 S | 750 കി |
| പ്ലാവ് | 30 ഹെ | 281.25 S | 9375 കി |
| കശുമാവ് | 40 ഹെ | 30 S | 750 കി |
| മാവ് | 25 ഹെ | 37.5 S | 1500 കി |
| റബ്ബർ | 250ഹെ | 855 S | 3420 കി |
| കവുങ്ങ് | 60 ഹെ | 90 S | 1500 കി |
| ജാതി | 800 ഹെ | 180 S | 2400 കി |
| കൈതച്ചക്ക | 20 ഹെ | 60 .S | 3000 കി |
| ഇഞ്ചി, മഞ്ഞൾ | 40 ഹെ | 200 S | 5000 കി |

ദുരിതാശ്വാസം വിതരണം ചെയ്തതിന്റെ പട്ടിക താഴെ ചേർക്കുന്നു.

| പ്രളയബാധിത പ്രദേശത്തിന്റെ വിസ്തീർണം (ഹെക്ടർ) | | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| വർഷം | വെള്ള പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾ പൊട്ടൽ | | |
| 1993-94 | -- | - | 480 | - | 480 | .61711.00 |
| 1994-95 | .60 su | - | .218 | - | 278 | 44816.00 |
| 1995--96 | - | - | 92 | - | 92 | 124493.00 |

മിക്കവാറും പുരയിടങ്ങളിൽ ജലസേചന സൗകര്യം ലഭ്യമായതോടുകൂടി പുരയിട കൃഷിയിൽ ജാതി, കൊക്കൊ, വാഴ മുതലായവ മുന്നിട്ടുനിൽക്കുന്നു. ജാതിയുല്പന്നങ്ങളുടെ വിലക്കുറവും, കീടബാധയും ഈ കൃഷിക്ക് ഒരു ഭീഷണിയായി നിൽക്കുന്നു. അടുത്തകാലത്തായി ഏത്തവാഴകൃഷി നെൽപ്പാടങ്ങളിലും വ്യാപിപ്പിക്കുന്ന ഒരു പ്രവണത കൂടിവരികയാണ്. പച്ചക്കറികൃഷി നാമമാത്രമായാണ് ഇവിടെ കൃഷി ചെയ്തുവരുന്നത്. തുറസ്സായ കൃഷി ഭൂമിയുടെ ലഭ്യത കുറവും വർദ്ധിച്ച രോഗകീടങ്ങളുടെ ശല്യവും പച്ചക്കറി കൃഷിക്ക് സാധ്യത കുറഞ്ഞുവരുന്നു. കാഡ പദ്ധതിയും കൃഷിഭവനും ഗ്രാമസ്വരാജ് എക്സ്റ്റൻഷൻ പ്രോജക്റ്റ് മുഖേന സൗജന്യമായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു.

വിവിധ വിളകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും ലാഭകരമായി കൃഷി വികസനം നടപ്പാക്കുന്നതിന് വേണ്ടി വിതരണം ചെയ്ത കാർഷിക ഉപകരണങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | ഉഴവുപകരണങ്ങൾ | | | | മരുന്നുതളി ഉപകരണങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|
| നമ്പർ | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക് സ്പെയർ | നാപ്പ്സ്റ്റോക് സ്പെയർ | മറ്റുള്ളവ | മെതിയന്ത്രം | തെങ്ങു കയറ്റയന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
| 1 | 1 | 1 | 7 | 5 | 3 | | | | |
| 2 | | | | 3 | 1 | | | 2 | |
| 3 | | 2 | 4 | 3 | 3 | | | | |
| 4 | | 6 | 5 | 2 | | | | | |
| 5 | | 1 | 8 | 4 | 4 | | | | |
| 6 | | 1 | 10 | 3 | 4 | | | | |
| 7 | 1 | | 7 | 4 | 3 | | | | |
| 8 | | 1 | 10 | 2 | 2 | | | | |
| 9 | | | 7 | 2 | 4 | | | | |
| 10 | | | 5 | 3 | 5 | | | | |
| 11 | | 1 | 3 | 5 | 3 | | 1 | | |

അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു കാഴ്ചയാണ് കാണാൻ കഴിയുന്നത് ഏകദേശം 800 ൽപരം ടൺ കാലിവളവും കോഴിവളവും ഇവിടെ ഇറക്കുമതിചെയ്യുന്നു.

കറുകുറ്റി പഞ്ചായത്തിന്റെ കർഷകർക്ക് ആശ്രയമായിരിക്കുന്നത് കരയാംപറമ്പ് സർവീസ് സഹകരണബാങ്ക് കറുകുറ്റി സർവീസ് സഹകരണബാങ്കും ആണ്. കാർഷിക വളർച്ചയ്ക്ക് ഈ ബാങ്കുകളുടെ പ്രവർത്തനം പ്രമുഖ സ്ഥാനം വഹിക്കുന്നു. കേരകർഷകർക്കുവേണ്ടി കെട്ടുതെങ്ങ് സമ്പ്രദായം നടപ്പാക്കികൊണ്ട് കർഷകന് യഥാർത്ഥവില ഉറപ്പാക്കുകയും ആവശ്യമായ വായ്പനൽകുകയും ചെയ്യുന്നു. എലി നശീകരണത്തിനുവേണ്ടി മാഹാത്മാഗാന്ധി സർവകലാശാല വികസനപദ്ധതിയുമായി സഹകരിച്ചുകൊണ്ട് ഒരുപദ്ധതിക്ക് രൂപം നൽകുകയുണ്ടായി.

സഹകരണസ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങൾ വിതരണം ചെയ്ത രാസവള കീടനാശിനി വിപണന പട്ടിക താഴെ ചേർക്കുന്നു.

(പട്ടിക 1)

ഇപ്പോൾ പഞ്ചായത്തിന്റെ മുഖ്യവിളയായ തെങ്ങ്കൃഷി ഒരു വലിയ പ്രതിസന്ധി നേരിട്ട് കൊണ്ടിരിക്കുന്നത്. കാറ്റ് വീഴ്ച, ഓലചീച്ചിൽ, കുമ്പുചീയൽ, ചെന്നീരൊലിപ്പ് മൂലം തേങ്ങയുടെ ഉല്പാദനം 30% മായി കുറഞ്ഞതായി കാണാം. ഇതുമൂലം തെങ്ങ് വെട്ടിമാറ്റി റബർ കൃഷിയിലേക്ക് തിരിയുന്ന ഒരു പ്രവണത കണ്ടുവരുന്നു. 1996-ൽ നടത്തിയ സർവേപ്രകാരം തെങ്ങുകളെ സംബന്ധിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

### തെങ്ങ് എണ്ണം

| | |
|---|---|
| വാർഡ് | |
| തെങ്ങ്കൃഷി | .1650ഹെ |
| കായ്ക്കാത്തത് | 32500 |
| കായ്ക്കുന്നത് | 248720 |
| ആകെ | 281220 |

### രോഗം ബാധിച്ചതെങ്ങ്

| | |
|---|---|
| റൂട്ട്വിൽക് | 26112 |
| ലീഫ്റൂട്ട് | 9672 |
| ബഡ്റൂട്ട് | 2950 |
| സ്റ്റെം ബ്ലീഡിംഗ് | 2500 |
| മറ്റുള്ളവ | 239986 |
| ആകെ | 281220 |

പ്രകൃതിയെ മാത്രം ആശ്രയിച്ച് കൃഷിചെയ്തുവരുന്ന കർഷകന് പ്രകൃതിക്ഷോഭം മൂലം ധാരാളംകൃഷി നാശം സംഭവിക്കാറുണ്ട്. നിലവിൽ കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ഉണ്ടെങ്കിലും ഭൂരിഭാഗം കർഷകരും ഈ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടില്ല. ഒരു ലക്ഷം യുവകർഷകർക്ക് പ്രത്യേക തൊഴിൽദാന പദ്ധതിയിൽ നൂറ്റിപത്ത് പേർ അംഗങ്ങളായിട്ടുണ്ട്. കൃഷിഭവനിൽ നിന്നും

(പട്ടിക 1)

| | | 1994 95 | | | 19995 96 | | | കീടനാശിനി | |
|---|---|---|---|---|---|---|---|---|---|
| | എണ്ണം | N | P | K | N | P | K | ഖരം | ദ്രവം |
| കരയാംപറമ്പ് സഹകരണബാങ്ക് | 1 | 345T | -1904T | 280T | 385T | 210T | 300T | 165KG | 60ലി |
| കറുകുറ്റി സർവീസ് സഹകരണബാങ്ക് | 1 | 985T | 740 | 590 | 1065 | 850T | 760T | 700KG | 240ലി |
| സ്വാകാര്യം | 8 | 330T | 205T | 245T | 360T | 290T | 265T | 250KG | 200ലി |

പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വ്യാപിച്ചുവരുന്ന ഒരു കൃഷിയാണ് റബർ. റബറിന്റെ വർദ്ധിച്ചുവരുന്ന വില ഇതിനൊരു മുഖ്യാകാരണമാണ്. റബർകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും റബറിന് ന്യായമായ വില ലഭിക്കുന്നതിനും പാലിശ്ശേരിയിൽ റബർ ഉത്പാദകരുടെ ഒരു സംഘം പ്രവർത്തിച്ചുവരുന്നു.

## കൃഷി നടപ്പു പദ്ധതികളുടെ അവലോകനം

**1. നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രപദ്ധതി**

91 93 92 93, വർഷങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കർഷകരുടെയിടയിൽ ഈ പദ്ധതി നല്ല പ്രതികരണം ഉളവാക്കിയിട്ടുണ്ട്. നിർത്തിവച്ച ഈ പദ്ധതി വീണ്ടും നടപ്പാക്കണം.

**2. ഉദ്പാദന ബോണസ്**

നെൽകൃഷിക്കാർക്ക് ഉദ്പാദന ബോണസ് ഒരു വിളയ്ക്ക് ഒരു ഹെക്ടറിന് 250 രൂപ വച്ച് വിതരണം ചെയ്യുന്നു. 1995 മുണ്ടകൻ വിരപ്പു പുഞ്ചകൃഷി മുതലുള്ള ആനുകൂല്യം ഇതുവരേയും ലഭിച്ചിട്ടില്ല. ഇതിന്റെ ആനുകൂല്യം 250 രൂപയിൽ നിന്നും ഉയർത്തി 500 രൂപയാക്കണം.

**3. ഊർജ്ജിത വിത്തുൽപാദന പരിപാടി**

ഈ പദ്ധതി നടപ്പാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

**4. സീഡ് സ്റ്റോർ**

പാടശേഖര സമിതികൾക്ക് സ്റ്റോർ നിർമിക്കുന്നതിനാവശ്യമായ സ്വന്തമായ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

**5. സമഗ്ര നെല്ല് വികസനപദ്ധതി (ഐ.സി.ഡി.പി)**

ഈ പദ്ധതി ഇതുവരെ നടപ്പാക്കിയിട്ടില്ല.

**6. പാടശേഖരങ്ങളിൽ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.**

കർഷകർക്ക് വളരെ പ്രയോജനകരമായ പദ്ധതിയാണിത്. തോടുകൾ സംരക്ഷിക്കുന്നതിനും കുളങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും 85% അനുവദിക്കുന്നു. ഈ പദ്ധതി പൂർണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

7. സമഗ്രനാളികേര വികസന പദ്ധതി

ഇപ്പോൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇത് കർഷകർക്ക് വളരെ പ്രയോജനകരമായ ഒരു പദ്ധതിയാണ്. 1995 95 വർഷത്തിൽ ഈ പദ്ധതി പ്രകാരം വിതരണം ചെയ്ത വിവിധ ഘടകങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| 1. കിണർ | 160 എണ്ണം |
| 2. പമ്പ് സെറ്റ് | 100 എണ്ണം |
| 3. റോക്കർ സ്പ്രെയർ | 2 എണ്ണം |
| 4. തെങ്ങ് കയറ്റയന്ത്രം | 2 എണ്ണം |

കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതിക്ക് സാദ്ധ്യതയുണ്ട്. പക്ഷേ ഇതുവരെ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**8. നാളികേര വികസന ബോർഡിന്റെ പദ്ധതി**

കാറ്റുവീഴ്ച ബാധിച്ച ഉദ്പാദനം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പകരം മേൽത്തരം തൈ വയ്ക്കുന്നതിന് 200 രൂപ നിരക്കിൽ 520 തെങ്ങുകൾ നീക്കം ചെയ്തിട്ടുണ്ട്. കേടുവന്ന മുഴുവൻ തെങ്ങുകളുംഇനി വെട്ടിമാറ്റേണ്ടതുണ്ട്.

വളം കിറ്റ് വിതരണം 1994 95, 95 96 വർഷത്തിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. രാസവളത്തിന്റെ ഗുണമേന്മയെക്കുറിച്ച് പരക്കെ ആക്ഷേപമുണ്ട്. തെങ്ങിൻ തോട്ടങ്ങളിലെ ഇടവിള കൃഷി പദ്ധതി നാമമാത്രമായി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് വളരെ പ്രയോജനകരമായ ഒരു പദ്ധതിയാണിത്. സബ്സിഡി ആനുകൂല്യം ഇപ്പോഴത്തേതിൽ നിന്നും വർദ്ധിപ്പിക്കണം.

**9. കുരുമുളക് വികസന പദ്ധതി**

കുരുമുളക് വികസന പദ്ധതി വഴി ഇത് നടപ്പിലാക്കി വരുന്നു. കർഷകന്റെ നല്ല പ്രതികരണം ഈ പദ്ധതികുണ്ട്. പൂർണ്ണമായി പ്രയോജനപെടുന്നില്ല.

**10. പച്ചക്കറി വികസനം**

സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്തുവരുന്നു. ആവശ്യമായ ബോധവൽക്കരണം പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

**11. യൂത്ത് പ്രോഗ്രാം**

ഈ പദ്ധതി അനുസരിച്ച് 110 യുവകർഷകരെ ഈ പദ്ധതിയിൽ അംഗമായി ചേർത്തിട്ടുണ്ട്.

12. മണ്ണ് പരിശോധന

പഞ്ചായത്തിലെ കർഷകരുടെ സൗജന്യമായി പരിശോധിച്ച് നൽകുന്നു. ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## കാർഷികരംഗത്തെ ഇന്നത്തെ പ്രശ്നങ്ങൾ

1. ഭൂമി തുണ്ട് തുണ്ടായി വില്ക്കപ്പെടുന്നതുകൊണ്ട് ഗ്രൂപ്പ് ഫാമിംഗ് കൃഷി ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല.

2. നെൽകൃഷി ലാഭകരമല്ലാത്തതും വർദ്ധിച്ച ഭൂമിയുടെ വിലയും പാടങ്ങൾ നികത്തപ്പെടുന്നു.

3. വർദ്ധിച്ച കൂലിചെലവും അമിതമായ രാസവളങ്ങളുടെയും കീടനാശിനിയുടെ വിലവർദ്ധനവും ഉല്പന്നങ്ങളുടെ വിലകുറവും കൃഷി ലാഭകരമാകുന്നില്ല.

4. കർഷകതൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല.

5. നിലവിലുള്ള ആധുനിക യന്ത്രോപകരണങ്ങൾ പൂർണമായും ഈ പാടശേഖരങ്ങൾക്ക് അനുയോജ്യമല്ല.

6. കീടബാധ, എലിശല്യം മുതലായവ പൂർണമായി നിയന്ത്രിക്കാൻ കഴിയുന്നില്ല.

7. നെൽകൃഷി കർഷകന് നല്കുന്ന ഉല്പാദന ബോണസ് അപര്യാപ്തമാണ്. പാടശേഖര സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല.

8. കേരവികസന സമിതിയുടെ പ്രവർത്തനം പൂർണമായും നടപ്പാക്കാൻ കഴിയുന്നില്ല.

9. വനിത കർഷകസമിതിയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും വ്യാപിപ്പിച്ചിട്ടില്ല.

10. കാർഷിക ഉപകരണങ്ങളായ ടില്ലർ, മെതിയന്ത്രം, പമ്പുസെറ്റ് മുതലായവയുടെ ഇന്നത്തെ സബ്സിഡി കുറവാണ്.

11. പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്നതിന്റെ മുഴുവൻ ആനുകൂല്യം ലഭിക്കുന്നില്ല.

12. മാർക്കറ്റിംഗ് സംവിധാനത്തിന് നിലവിൽ പഞ്ചായത്തിൽ പൊതു സംവരണ കേന്ദ്രം ഇല്ല.

13. പാടശേഖരങ്ങളിൽ വിത്ത്, വളം, യന്ത്രോപകരണങ്ങൾ മുതലായവ കൊണ്ടുപോകുന്നതിന് ഉള്ള ഫാം റോഡുകൾ ഇല്ല.

14. മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ല.

15. ജൈവവളം, ജൈവവളചെടികൾ വേണ്ടത്ര ലഭിക്കുന്നില്ല. ചാണകം, കോഴിവളം, മുതലായ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

16. കാർഷിക വൃത്തി ചെയ്യുന്ന കൃഷിക്കാരന് സമൂഹത്തിൽ മറ്റു ജോലികളെ അപേക്ഷിച്ച് തുല്യമാന്യത ലഭിക്കുന്നില്ല.

17. കാർഷിക സർവകലാശാലകളിൽ കർഷകരുടെ മക്കൾക്ക് പ്രത്യേക സംവരണം നല്കുന്നില്ല.

18. കർഷകർക്ക് ആവശ്യമായ ക്ഷേമപദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നില്ല.

19. പച്ചക്കറി കൃഷിയിൽ കർഷകർക്ക് കൂടുതൽ താല്പര്യമില്ല. പുരയിടങ്ങളിൽ പച്ചക്കറി കൃഷി വിജയിക്കുന്നില്ല. പച്ചക്കറികൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു.

## കൃഷിസാധ്യതകൾ

1. നെൽകൃഷി ലാഭകരണാക്കുന്നതിനും വേണ്ട പദ്ധതികൾക്ക് രൂപം നൽകുക. ഗ്രൂപ്പ് ഫാമിങ്ങ് കൃഷി പൂർണമായും നടപ്പാക്കുക.

2. പാടം നികത്തുന്നത് സംബന്ധിച്ചുള്ള നിയമം കർശനമായി നടപ്പാക്കുക.

3. കൃഷിക്കാവശ്യമായ രാസവളം, കീടനാശിനികൾ, ജൈവവളം എന്നിവയ്ക്ക് 50% സബ്സിഡി നൽകുക.

4. കർഷകതൊഴിലാളികളുടെ ലഭ്യതയില്ലായ്മ പരിഹരിക്കാൻ പാടശേഖരങ്ങൾക്ക് അനുയോജ്യമായ ആധുനിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുക.

5. കീടബാധ, എലിശല്യം, മുതലായവ നയന്ത്രിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

6. കർഷകസമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക. പഞ്ചായത്തുതല വികസനസമിതിയുടെ കീഴിൽ വാർഡുതോറും കേരവികസനസമിതി പുനഃ സംഘടിപ്പിക്കുക.

7. പ്രകൃതിക്ഷോഭം മൂലം നശിക്കുന്ന കൃഷികൾക്ക് പൂർണമായ ആനുകൂല്യം നല്കണം. വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുക.

8. മാർക്കറ്റിംഗ് സംവിധാനത്തിന് രണ്ട് സഹകരണബാങ്കുകളുടെ കീഴിൽ പൊതുസംഭരണ കേന്ദ്രം തുറക്കുക.

9. പാടശേഖരങ്ങളിൽ വിത്ത്, വളം, യന്ത്രോപകരണങ്ങൾ, മുതലായവ കൊണ്ടു പോകുന്നതിന് തോടുകൾ കെട്ടി ഫാം റോഡ് നിർമിക്കാവുന്നതാണ്.

10. ജൈവവള ചെടികൾ ലഭിക്കുന്നതിനുവേണ്ടി പാടശേഖരങ്ങളിലും പുരിയിടങ്ങളിലും ജൈവവള വേലികൾ വച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതി യാവിഷ്കരിക്കുക.

11. ജൈവവളങ്ങളായ ചാണകം, കോഴിവളം എന്നിവ ആവശ്യത്തിന് വേണ്ടി ലഭിക്കുവാൻ കന്നുകാലി കൃഷിയും കോഴികൃഷിയും ഇവിടെ വ്യാപകമായയി നടപ്പിലാക്കുക.

12. കാർഷികവൃത്തി ചെയ്യുന്ന കൃഷിക്കാരന് സമൂഹത്തിൽ തുല്യമാന്യത ലഭിക്കുന്നതിനുള്ള ബോധവത്കരണം നടത്തുക.

13. ഓരോ കുടുംബങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കുക.

14. നിലവിൽ കേടുബാധിച്ചിട്ടുള്ള മുഴുവൻ തെങ്ങുകളും സമയബന്ധിതമായി വെട്ടിമാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

15. എല്ലാവർഷവും മണ്ണ് പരിശോധന നടത്തി വളപ്രയോഗത്തെ കുറിച്ച് കർഷകരെ ബോധവൽകരിക്കുക.

16. നല്ലയിനം തൈകൾ ഉല്പാദിപ്പിക്കുന്നതിന് കൃഷിഭവന്റെ നേതൃത്വത്തിൽ ഒരു നഴ്സറി ആരംഭിക്കുക.

17. നാളികേരത്തെ എണ്ണക്കുരുവായി അംഗീകരിക്കുക. വെളിച്ചെണ്ണയ്ക്ക് തറവില നിശ്ചയിക്കുക.

18. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുക.

19. എല്ലാ കർഷകർക്കും കാർഷിക പെൻഷൻ പദ്ധതി നടപ്പിലാക്കുക.

20. കാർഷിക വായ്പ്പ എളുപ്പമാക്കുന്നതിനുവേണ്ടി റേഷൻകാർഡിന്റെയും തന്നാണ്ട് കരംതീർത്ത രശീതിന്റെയും അടിസ്ഥാനത്തിൽ എല്ലാ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

21. കാർഷിക സർവ്വകലാശാലയിൽ കൃഷിക്കാരുടെ മക്കൾക്ക് സംവരണം നൽകുക.

# പാർപ്പിടം

മനുഷ്യജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം ഓരോരുത്തരും അവരവരുടെ കഴിവിനും ഭാവനയ്ക്കുമനുസരിച്ച് പലതരത്തിലുമുള്ള വീടുകൾ നിർമിക്കുന്നു. 1960 കാലഘട്ടത്തിൽ മുമ്പ് 65% വീടുകളും വൈക്കോൽ ഉപയോഗിച്ചു മേഞ്ഞിരുന്ന വീടുകളായിരുന്നു.ചെങ്കല്ല്, മണ്ണിഷ്ടിക മുള മുതലായവയായിരുന്നു. വീടുകൾ നിർമ്മിക്കുന്നതിന് ഉപയോഗിച്ചിരുന്നത്. ഭൂരിഭാഗം വീടുകളുടെയും തറ ചാണകവും മണ്ണും ഉപയോഗിച്ച് മിനുസപ്പെടുത്തിയിരുന്നു. സമീപ പഞ്ചായത്തിലെ വ്യാവസായിക മേഖലയിലെ തൊഴിൽ സാദ്ധ്യതകളും ഗൾഫ് പണത്തിന്റെ വരവും വീടുകളുടെ നിർമാണത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട് 1970ഓടുകൂടി കോൺക്രീറ്റു മേൽകൂരയുള്ള വീടുകൾ പണിതുതുടങ്ങി. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ശരാശരി 1200 വീടുകൾക്ക് നിർമാണ അനുമതി നൽകിയിട്ടുണ്ട്. സാമൂഹ്യസംഘടനകളുടെയും സർക്കാരിന്റെയും സഹായത്തോടുകൂടി ഓലയും വൈക്കോലും മേഞ്ഞ വീടുകൾ ഓടും കോൺക്രീറ്റുമാക്കി മാറ്റിയിട്ടുണ്ട് ഇപ്പോൾ ഈ പഞ്ചായത്തിൽ വൈക്കോൽ മേഞ്ഞവീടുകൾ ഒന്നുംതന്നെയില്ല. എന്നാൽ ഓല മേഞ്ഞവീടുകൾ പഞ്ചായത്തിലിപ്പോഴും കാണാം. 90% കെട്ടിടങ്ങളുടെയും ചുമർ ചെങ്കല്ല് ഇഷ്ടിക തുടങ്ങിയവ കൊണ്ട് നിർമിച്ചിരിക്കുന്നു. 70% വീടുകളുടെയും തറയുടെ നിർമ്മാണത്തിൽ സിമന്റ് ഉപയോഗിച്ചിരിക്കുന്നു. 10% വീടുകളിൽ തറ മൊസൈക്കും മാർബിളും ഉപയോഗിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിൽ ഇപ്പോളാകെ 6144 വീടുകളുണ്ട്. 15% വീടുകൾ 200 ചതുരശ്ര. അടിയിലും താഴെയുള്ളവയാണ്. 200 ചതുരശ്ര അടിമുതൽ 600 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വീടുകൾ ആകെയുള്ളതിന്റെ 55% വരും. ഇപ്പോൾ ഈ പഞ്ചായത്തിലുള്ള മൊത്തം വീടുകളുടെ എണ്ണവും വിവിധ തരം വീടുകളുടെ പട്ടികയും താഴെ ചേർക്കുന്നു.

1970ലെ ലക്ഷം വീട് പാർപ്പിട പദ്ധതിയനുസരിച്ച് 80 വീടുകൾ നിർമിച്ച് വിതരണം നടത്തി. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ പൊതുവെ തൃപ്തികരമാണ്. സംസ്ഥാന ഹൗസിംഗ് ബോർഡ് സാമൂഹ്യ ക്ഷേമവകുപ്പ്

കറുകുറ്റി പഞ്ചായത്തിലെ കെട്ടിടങ്ങലെ സംബനന്ധിച്ച വിവരങ്ങൾ

| വാർഡ് | മൊത്തം | കോൺക്രീറ്റ് | ഇരുനില | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| I | 810 | 280 | 35 | 425 | 27 | 43 |
| II | 652 | 243 | 52 | 330 | 6 | 21 |
| III | 592 | 154 | 3 | 412 | 12 | 11 |
| IV | 676 | 281 | 64 | 300 | 17 | 14 |
| V | 706 | 209 | 21 | 451 | 14 | 11 |
| VI | 520 | 192 | 14 | 305 | 7 | 2 |
| VII | 369 | 129 | 2 | 209 | 25 | 4 |
| VIII | 322 | 69 | 12 | 198 | 39 | 4 |
| IX | 362 | 122 | 7 | 207 | 24 | 2 |
| X | 477 | 115 | 1 | 315 | 45 | 1 |
| XI | 658 | 122 | 12 | 342 | 174 | 8 |
| Total | 6144 | 1916 | 223 | 3494 | 390 | 121 |

എസ്.ഡബ്ല്യൂ.സി വിവിധ സമുദായ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ 450 വീടുകൾ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇവിടെ നിർമിച്ചിട്ടുണ്ട്. പുറംപോക്കുകളിൽ കുടിൽ കെട്ടി താമസിക്കുന്നവരുടെ എണ്ണം 600 വരും. തമിഴ്നാട്ടിൽ നിന്നും വന്നവരുടെ എണ്ണം 60 ആണ്.

പഞ്ചായത്തിലെ കഴിഞ്ഞ മൂന്നുവർഷത്തിൽ നിർമിച്ച വീടുകൾ പരിശോധിച്ചാൽ കോൺക്രീറ്റ് മാർബിൾ ഭ്രമം കൂടിവരുന്നതായി കാണാം. കെട്ടിടനിർമാണ രംഗത്ത് അനാവശ്യചിലവുകൾക്കുള്ള പ്രവണത വളരെ കൂടുതലാണ്. അനാവശ്യ ചിലവുകളും ആർഭാടവും ഒഴിവാക്കികൊണ്ടുള്ള ചിലവുകുറഞ്ഞവീടുകളുടെ നിർമ്മാണത്തിന് വേണ്ടത്ര പ്രചാരം ലഭിക്കുന്നില്ല.

കെട്ടിടനിർമാണത്തിനാവശ്യമായ സാമഗ്രികൾ ഇവിടെ സുലഭമാണ്. ചെങ്കല്ല് കരിങ്കല്ല് മരം തുടങ്ങിയവ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ലഭ്യമാണ്. പക്ഷേ ഇപ്പോൾ മരത്തിന്റെ ദൗർലഭ്യം മൂലം സിമന്റുകൊണ്ടുള്ള റെഡിമെയ്ഡ് കട്ടിള,ജനൽ മുതലായവ ഉപയോഗിച്ചുവരുന്നു. ഇവ നിർമിക്കുന്ന മൂന്നു യൂണിറ്റുകൾ ഇപ്പോൾ നിലവിലുണ്ട്. മിക്കവാറും എല്ലാ വീടുകൾക്കുചുറ്റും മുള്ളുവേലികളും ജൈവവേലികളും ആയിരുന്നു. നിലവിലുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 20% ചെങ്കല്ലുകൊണ്ടും കരിങ്കല്ലുകൊണ്ടുമുള്ള മതിലുകളാണ് നിർമിക്കുന്നത്. ജൈവവേലികൾക്ക് കൂടുതൽ സാധ്യതയുള്ള പ്രദേശമാണിത്.

കെട്ടിടനിർമാണരംഗം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം നിർമാണ സാമഗ്രികളുടെ വർദ്ധിച്ചവരുന്ന വിലകയറ്റമാണ്. നിർമ്മാണരംഗത്ത് തൊഴിലാളികൾ സുലഭമാണെങ്കിലും അന്യസംസ്ഥാനങ്ങളിൽനിന്നും ഈ രംഗത്ത് ഏകദേശം 40ഓളം പേർ ഇവിടെവന്നു ജോലിചെയ്യുന്നുണ്ട് കെട്ടിടനിർമാണരംഗത്ത് ജോലിചെയ്യുന്നവരുടെ കൂലിയെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| | 1985 | | 1996 | |
|---|---|---|---|---|
| വിവിധമേഖലകൾ | പു | സ്ത്രീ | പു. | സ്ത്രീ |
| മെയ്സൻ | 60 | | 150 | |
| കാർപെന്റർ | 55 | | 130 | |
| മേയ്ക്കാട്ട് | 25 | 15 | 90 | 60 |

<u>നിലവിലുള്ള പ്രശ്നങ്ങൾ</u>

1. ഭൂരഹിതരായിട്ടുള്ള വീടില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനുള്ള സ്ഥലം ലഭിച്ചിട്ടില്ല.
2. ഓലമേഞ്ഞവീടുകൾ പുതുക്കിപണിയുന്നതിനാവശ്യമായ സാമ്പത്തികസഹായം വളരെകുറവാണ്.
3. ഭവനവായ്പയ്ക്ക് അപേക്ഷനൽകുമ്പോൾ അതിനാവശ്യമായ രേഖകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കുവാൻ കാലതാമസം നേരിടുന്നു.
4. ഇടത്തരം കുടുംബങ്ങൾക്ക് പഴയവീട് പൊളിച്ചുമാറ്റി പുതിയ വീടു നിർമിക്കുന്നതിനും ആവശ്യമായ വായ്പാപദ്ധതി നിലവിലില്ല.
5. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതുമൂലം ഭവന വായ്പയ്ക്കുള്ള അപേക്ഷ കൊടുക്കുവാൻകഴിയുന്നില്ല
6. ഹരിജൻ കോളനികളിലും ലക്ഷം വീട് കോളനികളിലും ഭവനങ്ങളുടെ മെയിന്റനൻസ് നടത്തുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

<u>സാധ്യതകൾ</u>

1. ഭൂരഹിതർക്കും വരുമാനം കുറഞ്ഞവർക്കും ഉള്ള പ്രത്യേക ഭവനനിർമാണ പദ്ധതി നടപ്പിലാക്കുക.
2. ഭൂമിയുടെ വില കാലോചിതമായി ഭൂരഹിത കർഷകർക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. ജീർണിച്ച വീടുകൾപുതുക്കി പണിയുന്നതിനുള്ള സഹായം 75000 രൂപയെങ്കിലും ആക്കി ഉയർത്തുക.
4. ഭവനവായ്പയ്ക്ക് അപേക്ഷ നൽകുമ്പോൾ അതിനാവശ്യമായ രേഖകൾ കഴിയുന്നതും പഞ്ചായത്തിൽ നിന്ന് നല്കുവാൻ നടപടി സ്വീകരിക്കണം.
5. ചിലവുകുറഞ്ഞ വീടു നിർമാണം പ്രചരിപ്പിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കുക.
6. ഭവനനിർമാണ രംഗത്ത് നിലനിൽക്കുന്ന ആഡംബരങ്ങൾ ഒഴിവാക്കുവാൻ വേണ്ട ബോധവത്കരണം സംഘടിപ്പിക്കുക.
7. ഏഴാറ്റുമുഖം പ്രദേശത്ത് നിധീരിയുടെ വക സ്ഥലത്ത് സ്ഥിരതാമസമാക്കി വീടുവച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കറുകുറ്റി. ദാരിദ്ര്യജനവിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം പേരും കാർഷികമേഖലയിൽ തൊഴിൽ എടുത്തിരുന്നവരാണ്. തുച്ഛമായ കൂലികൊണ്ട് കുടുംബംപോറ്റുന്നതിന് ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. അംഗസംഖ്യകൊണ്ട് എണ്ണത്തിൽ കൂടുതൽ ഉണ്ടായിരുന്ന കുടുംബങ്ങളിൽ വർഷത്തിൽ 80 90 ദിവസം മാത്രമായിരുന്നു ജോലി ലഭിച്ചിരുന്നത്. ഇവരുടെ അടിസ്ഥാനസൗകര്യമായ പാർപ്പിടം, വെള്ളം, വെളിച്ചം, കക്കൂസ് മുതലായവ ലഭ്യമല്ലായിരുന്നു.

പ്രധാനമായും ബ്ലോക്ക്വഴിയാണ് ക്ഷേമപ്രവർത്തനങ്ങൾ നടക്കുന്നത്. ഈ രംഗത്തെ സർക്കാർ പ്രവർത്തനങ്ങൾ പലതും കാര്യക്ഷമമല്ലെന്ന് കാണാം. ചില സന്നദ്ധസംഘടനകളുടെ പ്രവർത്തനം മൂലം കുറച്ച് നേട്ടങ്ങൾ ഈ രംഗത്ത് കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് തലത്തിൽ ദാരിദ്ര്യനിർമാർജനത്തിനായി നിരവധി പദ്ധതികൾ നടപ്പാക്കികൊണ്ടിരിക്കുന്നു. നിലവിലുള്ള ഐ.ആർ.ഡി.പി സർവ്വെ പ്രകാരം 2119 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയുള്ള വരാണ്. ഇതിൽ പട്ടികജാതി പട്ടികവർഗത്തിൽപെട്ട 115 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് മുകളിൽ എത്തിയ 76 കുടുംബങ്ങൾ ഉണ്ട്. ഐ.ആർ.ഡി.പി സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

<u>കറുകുറ്റി ഗ്രാമപഞ്ചായത്ത്</u>

<u>ഐ.ആർ.ഡി.പി സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം</u>

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്സി എസ്ടി കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്സി എസ്ടി കുടുംബങ്ങൾ | സഹായലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവരുൾപ്പെടുന്നു) |
| 2119 | 115 | 229 | 84 | 76 | 2043 |

മൊത്തമുള്ള 6144 കുടുംബങ്ങളിൽ 33.78% കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ് നിലവിലുള്ള ഐ.ആർ.ഡി.പി സർവേ പൂർണമല്ല എന്ന് ബന്ധപ്പെട്ടകണക്കുകൾ തെളിയിക്കുന്നു.

ട്രൈസം തൊഴിൽദാനപദ്ധതിയനുസരിച്ച് 25 പേർക്ക് പരിശീലനം നൽകിയെങ്കിലും 18 പേർമാത്രമേ സ്വയംതൊഴിൽ കണ്ടെത്തിയുള്ളു. ഇതിന്റെ പട്ടിക താഴെ ചേർക്കുന്നു.

| പരിശീലനവിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ | സ്വയംതൊഴിൽ കണ്ടെത്തിയവരുടെഎണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|
| | 25 | 18 | 7 |

പീ.ഡബ്ല്യൂ.സി.ആർ.സി പദ്ധതിപ്രകാരം മൂന്നാംവാർഡിൽ പത്തംഗങ്ങളുള്ള ഒരു തഴപ്പായ നെയ്ത്ത്സംഘം പ്രവർത്തിക്കുന്നുണ്ട്. ഗ്രാമീണ കൈതൊഴിൽകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി അനുസരിച്ച് ഐ.ആർ.ഡി.പി സർവേ പ്രകാരം 114 പേരെ കണ്ടെത്തുകയും 2 പേർക്ക് സഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ അടിസ്ഥാസൗകര്യങ്ങളിൽ കക്കൂസുകളുടെ കാര്യത്തിൽ കറുകുറ്റിപഞ്ചായത്ത് ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ടെങ്കിലും ഇനിയും 264 കുടുംബങ്ങൾക്ക് കക്കൂസാവശ്യമുണ്ട്. കക്കൂസുകളെ സംബന്ധിച്ച വിവരപട്ടിക താഴെ ചേർക്കുന്നു.

| സാനിട്ടറി കക്കൂസുകളില്ലാത്ത വീടുകളുടെ എണ്ണം ഐ.ആർ.ഡി.പി സർവേ പ്രകാരം | വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം 1992നുശേഷം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനികക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 298 | 34 | 32 | 264 |

സാമൂഹിക ക്ഷേമവകുപ്പിൽ നിന്നും പെൻഷനുകളുംമറ്റും സാമൂഹിക സഹായത്തിനും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അർഹരായ 90%പേർക്കും ഇതിന്റെ ആനുകൂല്യങ്ങൾ പൊതുവേ ലഭിക്കുന്നില്ല. സാധാരണ ജനവിഭാഗത്തിന് ഈപദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മമൂലം ക്ഷേമപദ്ധതികളിൽ അംഗമാകുവാൻ കഴിയാതെ വരുന്നു. നിലവിൽ പെൻഷൻ ലഭിക്കുന്നവരുടെ പട്ടിക താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 9 |
| വികലാംഗപെൻഷൻ | 10 |
| വിധവ പെൻഷൻ | 36 |
| കർഷകതൊഴിലാളി പെൻഷൻ | 15 |
| തൊഴിലില്ലായ്മ വേതനം | 20 |

സാമൂഹ്യ ക്ഷേമരംഗത്ത് ഏറ്റവും അവഗണിച്ച് പെട്ട്കിടക്കുന്ന വികലാംഗരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുവാൻവേണ്ടി അടുത്തകാലത്ത് സർവേ പഞ്ചായത്തുതലത്തിൽ നടത്തുകയുണ്ടായി ഇതിനെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | അന്ധൻ | മന്ദബുദ്ധി | ബധിരൻ | മൂകൻ | ചലനവൈകല്യമുള്ളവർ |
|---|---|---|---|---|---|
| 1 | 1 | 2 | 3 | 1 | 12 |
| 2 | | 7 | 1 | 1 | 10 |
| 3 | 3 | 2 | 2 | 4 | 15 |
| 4 | 3 | 8 | 6 | 1 | 13 |
| 5 | | 2 | 5 | 1 | 15 |
| 6 | 1 | 3 | 5 | 2 | 11 |
| 7 | 1 | | | | 4 |
| 8 | 2 | 5 | 3 | 3 | 13 |
| 9 | 1 | 3 | 4 | | 9 |
| 10 | 1 | 2 | 4 | 3 | 5 |
| 11 | 2 | 2 | 5 | 4 | 12 |
| ആകെ | 15 | 36 | 38 | 18 | 109 |

വിവിധ ക്ഷേമപദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ പട്ടിക താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി | 140 |
| തയ്യൽതൊഴിലാളി ക്ഷേമനിധി | 15 |
| കർഷകതൊഴിലാളി ക്ഷേമനിധി | 1254 |
| മരംവെട്ടുതൊഴിലാളി ക്ഷേമനിധി | |
| കരിങ്കൽതൊഴിലാളി ക്ഷേമനിധി | 40 |

പൊതുരംഗരംഗത്ത് കുറച്ചൊക്കെ മുന്നോട്ട്പോകുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും ഒട്ടേറെ കാര്യങ്ങ ചെയ്തു തീർക്കുവാനുണ്ട്. വിവിധ വാർഡുകളിൽ മൊത്തം 12 റേഷൻ കാർഡുകളിലൂടെ പൊതുവിതരണ സമ്പ്രദായം നിലനിർത്തുന്നുണ്ട്. ഓണകാലങ്ങളിൽ കറുകുറ്റി സർവീസ്സഹകരണ ബാങ്കിന്റെയും കരയാംപറമ്പ് സർവീസ്സഹകരണ ബാങ്കിന്റെയും നേതൃത്വത്തിൽ ഓണചന്തകൾ നടത്തി പുറം മാർക്കറ്റിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിന് സാധിക്കാറുണ്ട്. പൊതുവിതരണത്തെ സംബന്ധിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

വിവിധ പഞ്ചായത്തിന്റെ വാർഡുകളിലായി അഞ്ച് അംഗൻവാടികളും രണ്ട് ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. വാർഡുകളിലെ സമഗ്രകൂട്ടം കുടുംബക്ഷേമ പ്രവർത്തനം കേന്ദ്രങ്ങളിലായി വിവിരപെടുത്തുന്നതിന് ജനങ്ങളുടെ ക്ഷേമസമിതി രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്. നിലവിൽ ഈ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു കാണുന്നില്ല.

## ഇന്നത്തെ പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി ലിസ്റ്റിൽ ഉൾപെട്ടിട്ടുള്ള ഭൂരിഭാഗം പേർക്കും ആനുകൂല്യം ലഭിക്കുന്നില്ല.
2. ഐ.ആർ.ഡി.പി ലിസ്റ്റിൽ അനർഹരായ പലര് ഉൾപ്പെടുകയും അർഹരായ നിരവധിപേർ പുറംതള്ളപ്പെടുകയും ചെയ്തു.
3. ദരിദ്രനിർമാർജന പരിപാടികൾ വളരെകുറച്ച് കുടുംബങ്ങൾ മാത്രമേ ലഭിക്കുന്നുള്ളു.
4. ട്രൈസിസം പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നില്ല.
5. ഗ്രാമീണ കൈതൊഴിൽകാരെ സംരക്ഷിക്കാൻ പദ്ധതിയില്ല.
6. വിവിധ ക്ഷേമപദ്ധതികളുടെ പ്രവർത്തനം നടപ്പിലാക്കാൻ കഴിയുന്നില്ല.
7. പൊതുവിതരണകേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ ഗുണനിലവാരം പുലർത്തുന്നില്ല.
8. വികലാംഗർക്ക് ആവശ്യമായ പരിഗണനലഭിക്കുന്നില്ല.
9. ഡി.ഡബ്ല്യു.സി.ആർ.എ പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
10. ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

## സാധ്യതകൾ

1. ഐ.ആർ.ഡി.പി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ കുടുംബങ്ങൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തുക നീക്കിവെയ്ക്കുക.
2. പുതിയതായി ഐ.ആർ.ഡി.പി സർവേ നടത്തി പുതിയലിസ്റ്റ് പ്രസിദ്ധീകരിക്കുക.
3. വിവിധ ക്ഷേമപദ്ധതികളെകുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിന് വാർഡുതോറും ക്ലാസുകളുംസെമിനാറുകളും നടത്തുക.
4. പൊതു വിതരണകേന്ദ്രത്തിൽകൂടി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുവാൻ പഞ്ചായത്തുകളെ ചുമതലപ്പെടുത്തുക.
5. ദാരിദ്ര്യ ജനവിഭാഗങ്ങൾക്ക് ആനുകൂല്യം കാലതാമസംകൂടാതെ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.
6. ദാരിദ്ര്യരേഖയ്ക്കുള്ള വാർഷിക കുടുംബവരുമാനം 20000 രൂപയാക്കി ഉയർത്തുക.

## കറുകുറ്റി പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തന സ്ഥിതി വിവരകണക്കുകൾ

| | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുകൾ | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ARD No. | E | NE | ആകെ | മേജർ | മൈനർ | ആകെ | അരി | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റു വഴി വിതരണം | കാർഡ് വഴി വിതരണം |
| 234 | 173 | 209 | 382 | 1602 | 333 | 3617 | 1728 | 1728 | 1 | 4 | 108 | 3569 | 16 | 1788 | 15300 |
| 124 | 144 | 119 | 263 | 1202 | 214 | 2618 | 1296 | 1296 | 1 | 3 | 60 | 2656 | 3 | 240 | 11700 |
| 193 | 243 | 181 | 424 | 1770 | 312 | 2082 | 1920 | 1920 | 1 | 2 | 108 | 3951 | 6 | 492 | 21000 |
| 177 | 153 | 173 | 326 | 1512 | 240 | 1752 | 1440 | 1440 | 1 | 2 | 90 | 2973 | 11 | 1560 | 13200 |
| 113 | 233 | 246 | 479 | 2083 | 328 | 2411 | 2160 | 2160 | 2 | 5 | 108 | 4435 | 6 | 520 | 21120 |
| 111 | 104 | 391 | 495 | 2158 | 402 | 2560 | 2260 | 2260 | 1 | 6 | 90 | 5963 | 16 | 1580 | 10800 |
| 208 | 85 | 444 | 529 | 2225 | 416 | 2641 | 2304 | 2304 | 2 | 8 | 126 | 4744 | 47 | 4512 | 24480 |
| 116 | 152 | 147 | 299 | 1413 | 282 | 1695 | 1380 | 1380 | 2 | 6 | 90 | 2858 | 4 | 520 | 14400 |
| 267 | 95 | 99 | 194 | 769 | 159 | 928 | 1240 | 1240 | 1 | 3 | 39 | 2523 | 5 | 114 | 8000 |
| 109 | 275 | 111 | 386 | 1768 | 319 | 2087 | 1920 | 1920 | 52 | 3 | 84 | 3929 | 23 | 1843 | 7412 |
| 112 | 346 | 122 | 468 | 2063 | 398 | 2661 | 2304 | 2304 | 2 | 7 | 126 | 4743 | 222 | 1750 | 15624 |
| 266 | 73 | 159 | 232 | 1044 | 199 | 1243 | 624 | 624 | 1 | 2 | 60 | 1311 | 4 | 348 | 9000 |

# മത്സ്യ ബന്ധനം

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലായി ഒഴുകുന്ന 18 കിലോമീറ്ററോളം നീളമുള്ള തോടുകളും, 27 പൊതു കുളങ്ങളും, 200സ്വകാര്യകുളങ്ങളും ചാലക്കുടി പുഴയുടെ ഏഴാറ്റുമുഖം പ്രദേശവും കറുകുറ്റിമങ്ങലത്താഴം തോടിലുമായിട്ടാണ് മത്സ്യബന്ധനസാദ്ധ്യതകൾ ഉണ്ടായിരുന്നത്. അക്കാലത്ത് മത്സ്യബന്ധനത്തിനുവേണ്ടി ഉപയോഗിച്ചിരുന്നത് പ്രധാനമായും വീശൽവല, ഉറിവ്ടി, കുത്തുവല, കോരുവല, വടിവലകളും, വിവിധതരത്തിലുള്ള ഒറ്റൽ, കുരുത്തിക്കൂട്, വാക്കൂട്, പത്താഴം തടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചുവന്നിരുന്നു. അക്കാലത്ത് സധാരണ കണ്ടുവന്നിരുന്ന മത്സ്യങ്ങൾ വരാൽ, മുഷി, കുറുവ, തൂളി, കൂരി,പരൽ, കല്ലട,കൊഴുവ, ഞണ്ട്, ഞവണിക്ക മുതലായവയാണ്.

ശാസ്ത്രീയമായ കൃഷി രീതികൾ നടപ്പിലായതും കർഷകരുടെ അശാസ്ത്രീയമായ കീടനാശനി പ്രയോഗം മൂലം പരിസ്ഥിതി മലിനീകരണം ഉണ്ടാവുകയും രോഗം ബധിച്ച് മത്സ്യ സമ്പത്തിന് വംശനാശം സംഭവിക്കുകയും ചെയ്യു.അക്കാലത്ത് മത്സ്യബന്ധനം മുഖ്യപജീവനമർഗ്ഗമായി സ്വീകിച്ചു പോന്നിരുന്ന ഏകദേശം 100ളം കുടുംബങ്ങൾ കറുകുറ്റിയിലുണ്ടായിരുന്നു.ശുദ്ധജലമത്സ്യകൃഷി മാത്രമേ ഈപ്രദേശത്തുണ്ടയിരുന്നുള്ളൂ. ഭക്ഷ്യാഹാരത്തിന് കറുകുറ്റി പഞ്ചായത്തിലെ 90% ജനങ്ങളും മത്സ്യവും മാംസവും ഉപയോഗിച്ചു വരുന്നു. പ്രതിദിനം 2ടൺ മത്സ്യം കറുകുറ്റി പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വിറ്റഴിച്ചു വരുന്നു. ടി മേഖലയിൽ 150 മത്സ്യ വില്പനകേന്ദ്രംവഴി ഉപജീവനം നടത്തി വരുന്നു. 80% വില്പനക്കാർ സൈക്കിളും, മറ്റുള്ളവർ മോട്ടോർ സൈക്കിളും ഉപയോഗിച്ചു വരുന്നു.

പഞ്ചായത്തിന്റെ വിഭവശേഷി ഇപ്പോൾ 1% മാത്രമേയുള്ളൂ. മത്സ്യ ബന്ധനം മുഖ്യ തൊഴിലായി സ്വീകരിച്ച 15ളം പേർ ഇപ്പോൾ കറുകുറ്റി പ്രദേശത്തുണ്ട് . ഇവർ പഞ്ചായത്തിന് പുറത്തുപോയി മത്സ്യം പിടിച്ച് കറുകുറ്റിയിൽ വിറ്റഴിക്കുന്നു. മത്സ്യ വില്പനയ്ക്കായിപഞ്ചായത്തിൽ പൊതു മാർക്കറ്റില്ല.ഈ പ്രദേശത്തെ ജനങ്ങൾക്കാവശ്യമായ മത്സ്യം സ്ഥിരമായി ലഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ ഇവിടെയില്ല. പൊതു കുളങ്ങളിലും, സ്വകാര്യ കുളങ്ങളിലും മത്സ്യം വളർത്തുന്നതിനുള്ള സൗകര്യങ്ങളില്ല. പഞ്ചായത്തിലെ മത്സ്യ ഉല്പാദനത്തിൽ വളരെ കുറവുണ്ടായിട്ടുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് തുടങ്ങിയ സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

## സാധ്യതകൾ

1. നിലവിലുള്ള 27 പൊതുകുളങ്ങൾ കെട്ടി സംരക്ഷിച്ച് ശുദ്ധജല മത്സ്യ കൃഷി നടപ്പിലാക്കുക.
2. വിവിധ വാർഡുകളിലെ 250ളം സ്വകാര്യ കുളങ്ങളിൽ ശുദ്ധജല മത്സ്യ കൃഷിക്ക് സാധ്യതയുണ്ട്. ആയതിനാവശ്യമായ മത്സ്യകുഞ്ഞുങ്ങൾ വിതരണം സാമ്പത്തിക സഹായകവും, മത്സ്യ ആണ് വിതരണവും നടത്തുക.
3. പഞ്ചായത്ത് ലൈനിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

# മൃഗസംരക്ഷണം

പഴയകാലഘട്ടത്തിൽ കന്നുകാലികളെ കാർഷിക ആവശ്യത്തിനും പാലിനുവേണ്ടിയും നാടൻ പശുക്കൾ, എരുമ, ആടുകൾ എന്നിവയെ വളർത്തിയിരുന്നു. അന്നത്തെ വളർത്തു മൃഗങ്ങൾക്കാവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ കൃഷിയിടങ്ങളിൽ നിന്ന് ലഭ്യമായിരുന്നു. അന്നത്തെ ആളുകളുടെ ഭക്ഷ്യാവശ്യത്തിനു വേണ്ടി കോഴി, താറാവ് എന്നിവ വളർത്തിയിരുന്നു.കന്നുകാലികളിൽ 75% ഉഴവ് ആവശ്യത്തിനും, ഗതാഗത ആവശ്യത്തിനു വേണ്ടിയും ഉപയോഗിച്ചുവന്നു. അന്നത്തെ വളർത്തു മൃഗങ്ങൾക്ക് രോഗപ്രതിരോധശക്തി കൂടുതലുണ്ടായിരുന്നു.
താരതൃമേന രോഗങ്ങൾ പൊതുവെ കുറവായിരുന്നു മൃഗസംരക്ഷണത്തിനു അന്നത്തെ ജനങ്ങൾ വളരെയധികം പ്രാധാന്യം കല്പിച്ചിരുന്നു. മിക്കവാറും വീടുകളുടെ മുൻവശത്ത് സൗകര്യപ്രദമുള്ള തൊഴുത്തു നിർമ്മിക്കുകയും കന്നുകാലികൾക്കാവശ്യമായ വൈക്കോൽ സംഭരിച്ചുവയ്ക്കുന്നതിന് വൈക്കോൽതുറുകൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇത് അന്നത്തെ ഓരോ കുടുംബത്തിന്റെയും സാമ്പത്തിക നിലവാരം അളക്കുന്നതിനുള്ള അളവുകോലായി കണ്ടിരുന്നു.
1991 ലെ സെൻസസ് പ്രകാരം ഇപ്പോൾ ഈപഞ്ചായത്തിൽ 60% അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വളർത്തുമൃഗങ്ങൾ ഉണ്ട്. ഇപ്പോഴും നാമാവശേഷമാകാതെ നിലനില്ക്കുന്ന നാടൻ വളർത്തുമൃഗങ്ങൾ 400 ഓളം ഉണ്ട്. പക്ഷിവർഗ്ഗത്തിൽ നാടൻ കോഴികൾ ഏകദേശം 90% ഉണ്ട്. താരതമ്യേന ഇവയ്ക്ക് രോഗങ്ങൾ കുറവായിരുന്നു. കോഴിവസന്ത ചില സമയങ്ങളിൽ കണ്ടുവരുന്നു.
നിലവിൽ ഈ പഞ്ചായത്തിൽ താഴെ പറയുന്ന വളർത്തുമൃഗങ്ങൾ ഉണ്ട്. പട്ടിക താഴെ കാണുക
1984 കറുകുറ്റി പഞ്ചായത്തിൽ ആദ്യമായി മൃഗാശുപത്രി സ്ഥാപിതമായതോടുകൂടി മൃഗങ്ങൾക്ക് ഭാഗികമായി ചികിത്സാ സൗകര്യം ലഭ്യമാകാൻ തുടങ്ങി. അതിനുമുമ്പ് ആളുകൾ അങ്കമാലി മൃഗാശുപത്രിയെ ആണ് ആശ്രയിച്ചിരുന്നത്. എടക്കുന്നിലെ മൃഗാശുപത്രി ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ വാടക പൂർണ്ണമായും കറുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് കൊടുത്തുവരുന്നു. ഒരു ഡോക്ടർ അടക്കം 3 ജീവനക്കാരാണ് ഉള്ളത്. സ്വന്തമായി ഉടനെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ആവശ്യത്തിനുള്ള സ്റ്റാഫിനെ നിയമിക്കുകയും വേണം.
ക്ഷീരോല്പാദനരംഗത്ത് 50% വളർച്ച ഉണ്ടായിട്ടുണ്ട് ഏറ്റവും ആദ്യം പി.ഡി.ഡി.പിയുടെ നേതൃത്വത്തിൽ എടക്കുന്നിലാരംഭിച്ച ക്ഷീരോത്പാദകസംഘത്തിന്റെ വരവോടുകൂടി പാലുൽപാദകർ ഈ രംഗത്ത് കൂടുതൽ സജീവരാകുവാൻ തുടങ്ങി. ഇപ്പോൾ ഈ പഞ്ചായത്തിൽ അപ്ക്കോസിന്റെ അഞ്ചുസംഘവും പി.ഡി.ഡി.പി.യുടെ രണ്ടുസംഘവും പ്രവർത്തിക്കുന്നു.
7 ക്ഷീരോത്പാദക സംഘത്തിൽകൂടി ആകെ 1400 ക്ഷീരോത്പാദക അംഗങ്ങളുണ്ട്. ഇതിലിപ്പോൾ കൃത്യമായി പാലളക്കുന്നവരുടെ എണ്ണം 370 ആണ്. തീറ്റപുല്ല് കൃഷിചെയ്യുന്ന 15 കർഷകരുണ്ട്. മൃഗങ്ങളുടെ ചാണകം പ്രധാനമായും ജൈവവളമായി ഉപയോഗിക്കുന്നു. നാമമാത്രമായ ആടുവളർത്തൽ കൃഷി പഞ്ചായത്തിന്റെ വടക്കൻമേഖലയിൽ നടക്കുന്നതിനും ആടുകൃഷിക്ക് മുന്നൂർപിള്ളി ഏഴാറ്റുമുഖം എന്നീ മേച്ചിൽ പ്രദേശം അനുയോജ്യമാണ്. പ്രദേശങ്ങളിലുണ്ട് കോഴിവളർത്തലാണ് മൃഗസംരക്ഷണ മേഖലയിലെ പ്രധാന ഉപജീവനമാർഗം 40 ചെറുകിട ഇറച്ചി കോഴികളെ വളർത്തുന്ന കേന്ദ്രങ്ങളുണ്ട് നിലവിൽ പുതിയതായി എടക്കുന്നിൽ വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഹാച്ചറി യൂണിറ്റുണ്ട് ഒരുസമയം 70000 കോഴികുഞ്ഞുങ്ങളെ ഈ യൂണിറ്റിൽ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ട്. മിക്കവാറും എല്ലാകുടുംബങ്ങളിലും കോഴികൃഷി ചെയ്തു വരുന്നു.
ഇറച്ചികോഴി യൂണിറ്റ് ലാഭകരമായി പ്രവർത്തിക്കുന്നില്ല. അതിന്റെ പ്രധാനകാരണവും കോഴിതീറ്റയുടെ അമിതമായ വിലവർധനവാണ്. കോഴിക്കുഞ്ഞ് മുഖ്യമായും മറ്റുസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. കോഴികുഞ്ഞുങ്ങളുടെ വിലവർധനവ് വളരെ കൂടുതലാണ്. ഇപ്പോഴത്തെ കോഴികുഞ്ഞുങ്ങളുടെ വില ഒരെണ്ണത്തിന് 13 രൂപയാണ്. ഇറച്ചികോഴിയുടെ വില കാലാകാലങ്ങളിൽ വരുന്ന ഏറ്റകുറച്ചിലുമൂലം അപ്രതീക്ഷിതമായ നഷ്ടം സംഭവിക്കുന്നു. അതുപോലെതന്നെ പന്നികൃഷിയും മുയൽകൃഷിയും നാമമാത്രമായുള്ള ഒരു പ്രദേശമാണ് കറുകുറ്റി പഞ്ചായത്ത് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 16 മുയൽ യൂണിറ്റുകളുണ്ട്. തേനീച്ച വളർത്തൽ 4 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. താറാവ് കൃഷി 2,3, വാർഡുകൾ കേന്ദ്രീകരിച്ച് നടക്കുന്നു.

<u>മൃഗസംരംക്ഷണ നടപ്പുപദ്ധതി</u>

1. കോഴിവളർത്തൽ വീട്ടുവളപ്പിലെ കൃഷി കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യൽ

2. ആടുവളർത്തൽ പ്രോത്സാഹനം ആട്ടിൻകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുന്നു
3. പന്നിവളർത്തൽ പുതിയയൂണിറ്റുകൾക്ക് കുഞ്ഞുങ്ങളെ നൽകുന്നു
4. കന്നുകുട്ടിപരിപാലന പദ്ധതി ക്ഷീരസംഘങ്ങൾമുഖേന സൗജന്യ കാലിത്തീറ്റി വിതരണം, ഇൻഷ്വറൻസ് വൈദ്യസഹായം പ്രതിരോധ കുത്തിവയ്പ് എന്നിവ
5. ബീജസങ്കലനം മൃഗാശുപത്രിവഴി നടപ്പാക്കുന്നു. കൂടുതൽ ബീജസങ്കലനപരിപാടികൾ ഐ.സി.ഡി.പി എന്നീ പദ്ധതികൾ
6. ഊർജിത പേവിഷബാധ നിർമ്മാർജനം
7. കാലിവസന്ത നിർമ്മാർജന പദ്ധതി
8. മാതൃകായൂണിറ്റ് (ഡയറി) പദ്ധതി (മൂന്നുപശുക്കൾ നാലിലൊന്നു സബ്സിഡി)
9. കർഷക സമ്പർക്കപരിപാടി
10. മാതൃകാ കാലിതൊഴുത്ത് നിർമ്മാണം
11. ധാതുലവണ മിശ്രിതവിതരണം
12. പച്ചപുല്ലുൽപാദന പദ്ധതി വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തുക ധനസഹായം 15000 രൂപ
13. ക്ഷീരസംഘങ്ങൾ വഴി പുൽവ്യാപാരം അധികം ഉൽപാദിപ്പിക്കുന്ന പുല്ല് സംസ്കരിച്ച് വിൽപനനടത്തുന്നതിന് ധനസഹായം
14. സഹകരണാടിസ്ഥാനത്തിൽ കാലിതീറ്റ കോഴിതീറ്റ ചെറുകിട നിർമ്മാണ യൂണിറ്റ് മൊത്തം 4 ലക്ഷം സബ്സിഡി 1 ലക്ഷം

ഇന്നത്തെപ്രശ്നങ്ങൾ

1. കാലിതീറ്റയുടെ അമിതമായ വിലവർദ്ധനവും പാലിന്റെ വിലകുറവും പാലുൽപാദനം ലാഭകരമാക്കുന്നില്ല.
2. എടക്കുന്ന് മൃഗാശുപത്രിയുടെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ലഭിക്കുന്നില്ല.
3. മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.
4. ക്ഷീരോത്പാദക സംഘങ്ങൾ കൂടുതൽ കാർഷിക സെന്റർ തുടങ്ങിയിട്ടില്ല. ക്ഷീരോത്പാദക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
5. കന്നുകാലി കോഴിവളർത്തൽ മേഖലയിൽ ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുക.
6. ഇറച്ചികോഴിയുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനുള്ള പദ്ധതി ഇല്ല. തമിഴ്നാടിൽ നിന്നും ഇറക്കുമതി നിർത്തൽ ചെയ്യുക.
7. നാടൻ കോഴികൾക്ക് എല്ലാവർഷവും കോഴിവസന്ത എന്ന രോഗം ബാധിച്ചു നശിച്ചുപോകുന്നു.
8. പേവിഷബാധ നിർമ്മാർജന പദ്ധതി പൂർണമായും നടപ്പാക്കാൻ കഴിയുന്നില്ല.
9. നെൽകൃഷി കുറഞ്ഞുവരുന്നതുകൊണ്ട് വയ്ക്കോൽ ആവശ്യത്തിന് ലഭിക്കുന്നില്ല.
10. തീറ്റപുല്ല് കൃഷി വ്യാപകമായി നടപ്പാക്കുന്നില്ല.
11. കാലിതീറ്റയും കോഴിതീറ്റയും കുറഞ്ഞചിലവിലുൽപാദിപ്പിക്കുന്ന ചെറുകിട യൂണിറ്റില്ല.

<u>സാധ്യതകൾ</u>

1. മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നിർമിക്കുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് രൂപം നൽകുക.
2. ആഴ്ചയിൽ ഒരിക്കൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മൊബൈൽ ചികിത്സാസൗകര്യം നടപ്പിലാക്കുക.
3. പാലുൽപാദകരുടെ സൗകര്യം മാനിച്ച് പാലുൽപാദക സംഘങ്ങളുടെ കീഴിൽ കൂടുതൽ കളക്ഷൻ സെന്ററുകൾ തുടങ്ങുക
4. ക്ഷീരോത്പാദക സംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുക.
5. പഞ്ചായത്തുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ കാലിതീറ്റ കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. പശുവളർത്തൽ ഇറച്ചികോഴി യൂണിറ്റ് മുട്ടകോഴിയൂണിറ്റ്, മുയൽവളർത്തൽ, കാടപക്ഷിവളർത്തൽ എന്നീ മേഖലയിൽ ആവശ്യമായ സാമ്പത്തികസഹായം നൽകി കൂടുതൽ കുടുംബങ്ങളെ ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കുക.
7. പാലുൽപാദകർക്ക് പാലെടുക്കുന്നതിന് സൈക്കിൾ മറ്റുപകരണങ്ങൾ എന്നിവവാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.
8. പശു, എരുമ, കറവക്കാർക്ക് ക്ഷേമ പദ്ധതി ഏർപ്പെടുത്തുക.
9. താറാവ് കൃഷിക്ക് ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക.

| വാർഡ് നമ്പർ | കാളനാടൻ | | കാള സങ്കരം | | പശുനാടൻ | | പശു സങ്കരം | | എരുമ | | | | | വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | വാത്ത ഗിനി |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | | 1 | 2 | 3 | 4 | 5 | 6 |
| I | | | | | 50 | 40 | 70 | 25 | 25 | 10 | 4 | 30 | 450 | | 521 | 1952 | 752 | 25 | 29 | 15 |
| II | 8 | | | | 60 | 20 | 180 | 40 | 8 | | 8 | 27 | 180 | | 456 | 2123 | 465 | | 4 | |
| III | 9 | | | | 50 | 21 | 128 | 24 | 14 | 8 | 4 | 52 | 170 | | 348 | 1859 | 376 | 14 | 46 | 7 |
| IV | 12 | | 6 | | 45 | 27 | 314 | 28 | 11 | | 8 | 51 | 321 | | 251 | 1441 | 379 | 28 | 24 | 2,14 |
| V | 6 | | | | 74 | 23 | 264 | 50 | 12 | 3 | 6 | 53 | 173 | | 374 | 1484 | 247 | 28 | 54 | 12 |
| VI | 4 | | | | 62 | 12 | 318 | 37 | 25 | 5 | 4 | 30 | 224 | | 382 | 1289 | 416 | 18 | 25 | 15 |
| VII | 3 | | | | 35 | 07 | 211 | 35 | 11 | 2 | | 15 | 110 | | 284 | 957 | 366 | 13 | 23 | 7 |
| VIII | 2 | | | | 44 | 20 | 160 | 38 | 12 | 3 | 6 | 44 | 121 | | 218 | 1235 | 321 | 7 | 16 | 4 |
| IX | 3 | | | | 45 | 12 | 121 | 26 | 12 | 3 | 2 | 28 | 130 | | 235 | 1096 | 325 | 10 | 21 | 13 |
| X | 2 | | | | 44 | 30 | 319 | 34 | 15 | 4 | 4 | 175 | 215 | | 351 | 2012 | 374 | 6 | 26 | 14,16 |
| XI | 2 | | 6 | | 24 | 7 | 305 | 33 | 15 | 7 | 4 | 207 | 214 | | 259 | 1384 | 417 | 30 | 37 | 25,21 |

# വിദ്യാഭ്യാസം

<u>ചരിത്രപശ്ചാത്തലം</u>

കറുകുറ്റി പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസ ചരിത്രത്തിന്റെ ഏടുകൾ മറിച്ച് നോക്കുമ്പോൾ അത്രയൊന്നും തിളക്കമുള്ളതായിരുന്നില്ല എന്ന് നമുക്ക് കാണാം. കർഷകരും കർഷകതൊഴിലാളികളും കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തിന്റെ തെക്കൻ മേഖലയിൽ ജനങ്ങൾ കുടിയേറി പാർത്തു. വടക്കൻ മേഖല വിദ്യാഭ്യാസരംഗത്ത് ആശാവഹമായ പുരോഗതി കൈവരിച്ചിട്ടില്ല ഇതിന്റെ കാരണങ്ങളിലേക്ക് കടക്കുമ്പോൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ആദ്യകാലങ്ങളിൽ പഞ്ചായത്തിൽ കുറവായിരുന്നു എന്ന് കാണാം. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, കൃഷിക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന സമൂഹ്യ അവസ്ഥ, സ്കൂളുകൾ തേടി വളരെ ദൂരേക്ക് പോകേണ്ടിവന്ന സാഹചര്യം, ഇവയെല്ലാം വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കേണ്ടി വന്നതിന്റെ കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ആശാൻ പള്ളിക്കൂടങ്ങൾ ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസത്തിന് ഏറെ സഹായകരമായിരുന്നു. നീരോലിപാറ, കരയാംപറമ്പ്, കറുകുറ്റി, എടക്കുന്ന്, മൂന്നാംപറമ്പ്, ഞാലൂക്കര, എന്നീസ്ഥലങ്ങൾ കേന്ദ്രീകരിച്ച് വിദ്യാഭ്യാസം നൽകിയിരുന്നു.

1905ൽ കറുകുറ്റി സെ. സേവ്യേഴ്സ് പള്ളിയുടെ കീഴിൽ ആരംഭിച്ച എസ്എച്ച് ഓഫ് സെ. മേരീസ് എൽപി സ്കൂൾ ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമാണ് കർമ്മലീത്ത സഭാമാനേജുമെന്റായുള്ള സെ. ജോസഫ് എൽ.പി. സ്കൂൾ, നോർത്ത് കറുകുറ്റി, സെ.ജോസഫ് എൽ.പി.സ്കൂൾ കറുകുറ്റി കരയാംപറമ്പ് സെ. ജോസഫ്സ് പള്ളിയുടെ കീഴിലുള്ള സെ. ജോസഫ് എൽപിസ്കൂൾ എന്നീ വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലെ ആദ്യകാല വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പെടുന്നു.

ആ കാലഘട്ടത്തിൽ ഇവിടുത്തെ ഉന്നതവിദ്യാഭ്യാസരംഗം ശോഭനമായിരുന്നില്ല. മൂഴിക്കുളം, തുറവൂർ, ആലുവ, കൊരട്ടി, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഏറെ ദൂരം താണ്ടിപോകേണ്ട അവസ്ഥയായിരുന്നു. നീണ്ട നാളത്തെ കാത്തിരിപ്പിനുശേഷം കറുകുറ്റിയിൽ കർമലീത്തസഭയുടെ കീഴിൽ ഒരു ഗേൾസ് ഹൈസ്കൂൾ ആരംഭിച്ചതുവഴി പെൺകുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യമുണ്ടായെങ്കിലും ആൺകുട്ടികൾക്ക് പിന്നേയും പഞ്ചായത്തിനുപുറത്തുള്ള സ്ഥാപനങ്ങളെ ആശ്രിയക്കേണ്ടിവന്നു. ഈ കാലഘട്ടത്തിൽ വായനശാലകൾ വിദ്യാഭ്യാസരംഗത്ത് ഒരു പുത്തൻ ഉണർവ് വരുത്തി.

1961ൽ പാലിശ്ശേരിയിലാരംഭിച്ച ഗവ. യുപി സ്കൂൾ ഈ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ്. ക്രിസ്ത്യൻ എഡ്യൂക്കേഷണൽ സൊസൈറ്റി മാനേജ്മെന്റായി 1979ലാരംഭിച്ച സ്റ്റാർ ജീസസ് ഹൈസ്കൂൾ ആൺകുട്ടികളുടെ വിദ്യഭ്യാസത്തിന് ഏറെ സഹായകമായി. കർമ്മലീത്താ സഭയുടെ കീഴിൽപ്രവർത്തിക്കുന്ന ടീച്ചർ ട്രെയിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പഞ്ചായത്തിലെ ഏക വനിതാ അധ്യാപിക പരിശീലനകേന്ദ്രമാണ്. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഉന്നതവിദ്യാഭ്യാസത്തിനോ സാങ്കേതിക വിദ്യാഭ്യാസത്തിനോ യാതൊരു സൗകര്യവും പഞ്ചായത്തിലില്ല.

സാക്ഷരത പ്രവർത്തനത്തിന്റെ ഫലമായി 90% ആളുകളെയും എഴുത്തും വായനയും പഠിപ്പിക്കാൻ കഴിഞ്ഞത് ഒരു വൻനേട്ടമാണ്. പഞ്ചായത്തിലിപ്പോൾ 3 ജനവിദ്യാകേന്ദ്രവും 11 അക്ഷരസംഘങ്ങളും പ്രവർത്തിച്ചുവരുന്നു. ഇതിൽ 6 അക്ഷരസംഘങ്ങൾ രജിസ്റ്റർ ചെയ്തതാണ്.വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റുനേടിയ 6ഓളം പേർ ഈ പഞ്ചായത്തിൽ വിവിധതലങ്ങളിൽ ജോലി ചെയ്യുന്നു. ദേശീയതലത്തിൽ പ്രശസ്തിനേടിയ ശ്രീ ജോസഫ് പടയാട്ടിൽ ആണ് പഞ്ചായത്തിലെ പ്രഥമ ഡോക്ടറേറ്റ് ബിരുദധാരി.കറുകുറ്റി സെന്റ് തോമസ് യു.പി. സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന സി.പി. ദേവസിമാസ്റ്റർ അദ്ധ്യാപകർകുള്ള ദേശീയ അവാർഡ് കരസ്ഥമാക്കുകയുണ്ടായി

<u>പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ</u>

1. സെന്റ് ആന്റണീസ് എൽപിസ്കൂൾ എടക്കുന്ന്
2. ഒഎൽപിഎച്ച് യുപി സ്കൂൾ എടക്കുന്ന്.
3. സെന്റ് ജോസഫ് എൽപി സ്കൂൾ കരയാംപറമ്പ്
4. ഗവ. യു.പി. സ്കൂൾ പാലിശേരി
5. ഓർഫനേജ് എൽപിഎസ് പാദുവാപുരം
6. സെന്റ് ജോസഫ് എൽപിഎസ് നോർത്ത് കറുകുറ്റി

7. സെന്റ് ജോസഫ് ജി.എച്ച്.എസ് കറുകുറ്റി
8. സെന്റ് ജോസഫ് ജിഎൽപിഎസ് കറുകുറ്റി
9. സ്റ്റാർജീസസ് ഹൈസ്കൂൾ കറുകുറ്റി
10. സെന്റ് മേരീസ് എൽപിഎസ് കറുകുറ്റി
11. സെന്റ് മേരീസ് യുപിഎസ് കറുകുറ്റി
12. ടീച്ചർ ട്രെയിനിംഗ് സ്കൂൾ കറുകുറ്റി

ഇന്നുപല സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കിലുള്ള ഗണ്യമായ കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അമിതമായ താൽപര്യവും ഇതിനു കാരണമാവുന്നു.

പല വിദ്യാലയങ്ങളിലും പരിസര ശുചീകരണം നന്നായി ശ്രദ്ധിക്കുന്നുണ്ട്. എന്നാലും കളിസ്ഥലങ്ങളുടെ പോരായ്മ കായികരംഗങ്ങളിലുള്ള വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്നു. അധ്യാപക രക്ഷകർത്തൃസംഘടനയും മാതൃസംഘങ്ങളും നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അധ്യാപക വൃത്തിയിലേർപ്പെട്ടിരിക്കുന്നവരിൽ 65% സ്ത്രീകളാണ്. 35% മാത്രമാണ് പുരുഷൻമാർ.പഠിതാക്കളിൽ പെൺകുട്ടികളുടെയെണ്ണം ആൺകുട്ടികളുടേതിനേക്കാൾ കൂടുതലാണ്.

ഉച്ചഭക്ഷണം പാകംചെയ്യുന്നതിന് പല സ്കൂളിലും പരിമിതമായ സൗകര്യങ്ങളേയുള്ളു. പഞ്ചായത്തിന്റെ തെക്കൻ മേഖല വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ മുന്നിലാണ് എല്ലാ വിദ്യാലയങ്ങളും വൈദ്യുതീകരിച്ചതാണ്. ഒരു സ്കൂളിലും ദൃശ്യഉപകരണങ്ങളില്ല എന്നത് പ്രത്യേകം എടുത്തുപറയേണ്ട വസ്തുതയാണ്. എല്ലാ സ്കൂളുകളിലും കുടിവെള്ള സൗകര്യമുണ്ട്.

എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയശതമാനത്തിൽ രണ്ട് ഹൈസ്കൂളുകളും നല്ലനിലവാരം പുലർത്തുന്നുണ്ട്. ഇടയ്ക്കുവച്ച് പഠനംനിർത്തിപോവുന്നവരുടെ എണ്ണം വളരെ കുറവാണ്.

S.S.L.C. പരീക്ഷയുടെ വിജയത്തിന്റെ ശതമാനപട്ടിക താഴെ കൊടുക്കുന്നു

സ്റ്റാർ ജീസസ് ഹൈസ്ക്കൂൾ, കറുകുറ്റി

| വർഷം | മൊത്തം വിദ്യാൾത്ഥികൾ | വിജയിച്ചവർ ശതമാനം | വിജയ |
|---|---|---|---|
| 1991-92 | 190 | 180 | 95% |
| 1992-93 | 212 | 203 | 96% |
| 1993-94 | 223 | 216 | 96% |
| 1994-95 | 188 | 180 | 96% |
| 1995-96 | 200 | 172 | 86% |

സെ.ജോസഫ്സ് ഗേൾസ് ഹൈസ്ക്കൂൾ, കറുകുറ്റി

| | | | |
|---|---|---|---|
| 1991-92 | 190 | 180 | 95% |
| 1992-93 | 212 | 203 | 96% |
| 1993-94 | 223 | 216 | 96% |
| 1994-95 | 188 | 180 | 96% |
| 1995-96 | 200 | 172 | 86% |

നഴ്സറി സ്കൂളുകൾ

കറുകുറ്റി ക്രിസ്തുരാജാ ആശ്രമത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ശോഭാ നഴ്സിറി സ്കൂൾ,എൻ.എസ്.എസ് കരയോഗം (പാറപ്പുറം), മാനേജ്മെന്റായുള്ള വ്യാസവിദ്യാമന്ദിർ നഴ്സറി സ്കൂൾ, ചാരിറ്റി കോൺവെന്റ്, (സിഹിയോൻപുരം)സി.എം.സി. കോൺവെന്റ് മുന്നൂർപിള്ളി. ആവിലഭവൻ കോൺവെന്റ് അട്ടാറഎന്നീ സ്ഥലങ്ങളോടനുബന്ധിച്ചുള്ള നഴ്സറി സ്കൂളുകൾ, മൂന്നാംപറമ്പ് സെന്റ് മേരീസ് പള്ളി മാനേജ്മെന്റായുള്ള നഴ്സറി സ്കൂൾ, സെന്റ് ജോസഫ് എൽപിഎസ് കറുകുറ്റി, സെന്റ് ജോസഫ് എൽപിഎസ് നോർത്ത് കറുകുറ്റി, ഓർഫനേജ് എൽപിഎസ് പാദുവാപുരം, ഒഎൽപിഎച്ച് യുപി എടക്കുന്ന് എന്നീവിദ്യായലയങ്ങളോടനുബന്ധിച്ചും നേഴ്സറി സ്കൂൾ പ്രവർത്തിക്കുന്നു

പ്രശ്നങ്ങൾ

1. 2, 3, 6 വാർഡുകളിൽ നേഴ്സറി സ്കൂളുകൾ ഇല്ല.
2. പല നേഴസ്റി സ്കൂളുകളിലും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ല.
3. ഹരിജൻ കോളനികളിൽ നേഴ്സറി സ്കൂളുകൾ ഇല്ല.

സാധ്യതകൾ

1. 2, 3, 6 വാർഡുകളിൽ നേഴ്സറി സ്കൂളുകൾ ആരംഭിക്കുക
2. അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക
3. ഹരിജൻ കോളനികളിൽ നേഴ്സറി സ്കൂളുകൾ ആരംഭിക്കണം

എൽപി സ്കൂളുകൾ

1. പഞ്ചായത്തിലെ 1,3,8,10 വാർഡുകളിൽ എൽപിസ്കൂളുകൾ ഇല്ല.
2. എൽപിസ്കൂളുകളിൽ കളിസ്ഥലങ്ങൾ അപര്യാപ്തമാണ്
3. ഉച്ചകഞ്ഞിപാകം ചെയ്യുന്നതിന് വേണ്ട സൗകര്യങ്ങൾ കുറവാണ്.
4. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ എം.എൽ.എൽ സ്കീം എല്ലാവിദ്യാലയത്തിലും നടപ്പാക്കിയിട്ടില്ല.
5. ഉച്ചകഞ്ഞിക്ക് നൽകിവരുന്ന ഇപ്പോഴുള്ള

സാമ്പത്തികസഹായം പര്യാപ്തമല്ല.
6. പലസ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.

സാധ്യകൾ

1. ഉച്ചകഞ്ഞിപാകം ചെയ്യുന്നതിനുള്ളബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണം
2. 1, 3,8, 10 വാർഡുകളിൽ എൽ.പി.സ്കൂളുകൾ ആരംഭിക്കണം
3. നിലവിലുള്ള സ്കൂളുകളിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കണം
4. എം.എൽ.എൽ. സ്കീം എല്ലാ വിദ്യാലയത്തിലും നടപ്പിലാക്കണം
5. ശാസ്ത്രീയമായ പഠനരീതികൾ അവലംബിക്കണം അതിനായി അധ്യാപകർക്ക് പരിശീലനം നൽകണം
6. ഉച്ചകഞ്ഞിക്ക് ഇപ്പോൾ നൽകിവരുന്ന സാമ്പത്തിക സഹായംവർധിപ്പിക്കണം
7. പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികളുടെ മാനസീകവും, ബുദ്ധിപരവും ശാരീരികവുമായ വളർച്ചയ്ക്ക് ഉതകും വിധത്തിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കണം
8. കരയാംപറമ്പ് എൽ. പി. സ്കൂൾ യു. പി. സ്കൂൾ ആക്കി ഉയർത്തുക.

ഹൈസ്കൂൾ പ്രശ്നങ്ങൾ

1. പഠനനിലവാരം മെച്ചപ്പെടുത്തുവാൻ ദൃശ്യശ്രാവ്യ ഉപകരണങ്ങൾ ഇല്ല.
2. പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് സജീവമല്ല
3. അദ്ധ്യാപകർക്ക് ഇൻസർവീസ് കോഴ്സുകൾ വേണ്ടത്ര നൽകുന്നില്ല.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നു.
5. വിദ്യഭ്യാസം തൊഴിലധിഷ്ഠിതമല്ല.
6. സ്പോർട്ട്സ്, ഗെയിംസ് പരിശീലനത്തിനുള്ള സൗകര്യങ്ങൾ വേണ്ടത്ര ഇല്ല.
7. ലൈബ്രറി സൗകര്യങ്ങൾ കുറവാണ് വേണ്ടത്ര രീതിയിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
8. പഞ്ചായത്തിലെ 9, 10, 11 വാർഡുകളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ല.

സാധ്യതകൾ

1. പഠനനിലവാരം മെച്ചപ്പെടുത്താൻ ദൃശ്യസ്രവ്യ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. ഇന്ന് നിലവിലുള്ള പി.ടി.എ, മാതൃസംഘങ്ങൾ സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കാൻ നടപടികൾ സ്വീകരിക്കണം.
3. എല്ലാ വിഷയങ്ങൾക്കും ഇൻ സർവീസ് കോഴ്സുകൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
4. എൽ.പി.യു.പി സ്കൂളുകളിൽ നൽകുന്നതുപോലെ തന്നെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് ഉച്ചകഞ്ഞി നൽകണം.
5. പഞ്ചായത്തിന്റെ വടക്കുകിഴക്കൻ മേഖലകളിൽ പ്ലസ് ടു ഉൾപ്പെടുന്ന ഒരു ഹൈസ്കൂൾ ആരംഭിക്കണം
6. രണ്ട് ഹൈസ്കൂളുകളിലും പ്ലസ് ടു ആരംഭിക്കണം
7. സ്പോർട്സ്, ഗെയിംസ് പരിശീലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പികണം.
8. എല്ലാ വിദ്യാർത്ഥികൾക്കും ലൈബ്രറി സൗകര്യങ്ങൾ പ്രയോജനപ്പെടും വിധം ഇന്നുള്ള സംവിധാനത്തിൽ മാറ്റം വരുത്തണം.
9. പാലിശ്ശേരി സർക്കാർ യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തണം.

ഉപരിപഠനം

കറുകുറ്റി പഞ്ചായത്തിൽ ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ നിലവിലില്ല. ഒരു പാരലൽ കോളജ് മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അവിടെ സയൻസ് വിഷയങ്ങൾ പഠിപ്പിക്കുന്നില്ല. ആലുവ, അങ്കമാലി, കാലടി, ചാലക്കുടി എന്നീ സ്ഥലങ്ങളിലുള്ള കോളജുകളാണ് പഞ്ചായത്തു നിവാസികൾക്ക് ഉപരിപഠനത്തിനുള്ള ഏക ആശ്രയം, ഇവയെല്ലാം പതിനഞ്ചു കി.മി അധികം ദൂരെയാണ് സാങ്കേതിക വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ല.

സാധ്യതകൾ

1. കറുകുറ്റിയുടെ വടക്കു കിഴക്കൻ മേഖലയിൽ ഒരു വിദ്യാഭ്യാസ സമുച്ചയത്തിന് രുപകല്പന ചെയ്യുക.
2. ഈ സമുച്ചയത്തിൽ ഉന്നത പഠനത്തിനായി കോളജ് സ്ഥാപിക്കുക.
   1. ഹൈസ്കൂൾ സ്ഥാപിക്കുക 2. പ്ലസ് ടു കോഴ്സ് ആരംഭിക്കുക.3. തൊഴിലധിഷ്ഠിത കോഴ്സുകളാരംഭിക്കുക.
3. സാങ്കേതിക വിദ്യഭ്യാസത്തിനായി ഈ സമുച്ചയത്തിൽ പ്രത്യേക ബ്ലോക്കായി 1. ഐ.ടി.ഐ ആരംഭിക്കുക
   2. പോളിടെക്നിക് ആരംഭിക്കുക
4. വിദ്യാഭ്യാസസമുച്ചയത്തിന്റെ മോണിട്ടറിംഗിന് ഉചിതമായ സംവിധാനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
5. കറുകുറ്റിയിലെ അൽഫോൺസ ആശുപത്രിയിലെ സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ട് ഒരു നേഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
6. എടക്കുന്ന് സ്റ്റെല്ലാ മേരീസ് ആശുപത്രിയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തികൊണ്ട് പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുക.

## കറുകുറ്റി പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ

| വാർഡ് | ഹൈസ്ക്കൂൾ | | | | യു.പി.സ്ക്കൂൾ | | | | എൽ.പി.സ്ക്കൂൾ | | | | നഴ്സറി സ്ക്കൂൾ | | | | സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ | | | | കോളേജുകൾ | | | | പാരലൽ കോളേജുകൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ | | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 |
| I | | | | | | 1 | | 1 | | | | | | | 1 | 1 | | | | | | | | | | |
| II | | | | | | | | | | 1 | | 1 | | | | | | | | | | | | | | |
| III | | | | | | | | | | | | | | | | | | | | | | | | | | |
| IV | | 2 | | 2 | | 1 | | 1 | | 2 | | 2 | | | 3 | 3 | | | | | | | | | | |
| V | | | | | | | | | | 1 | | 1 | | | 1 | 1 | | | | | | | | | 1 | 1 |
| VI | | | | | | | | | | | | | | | | | | | | | | | | | | |
| VII | | | | | | | | | | 1 | 1 | 2 | | | 1 | 1 | | | | | | | | | | |
| VIII | | | | | | | | | | | | | | | 2 | 2 | | | | | | | | | | |
| IX | | | | | | 1 | | 1 | | | | | | | 2 | 2 | | | | | | | | | | |
| X | | | | | 1 | | | 1 | | | | | | | | | | | | | | | | | | |
| XI | | | | | | | | | | | | | | | | | | | | | | | | | | |

## വിദ്യാലയ വിവരങ്ങൾ 1995-96

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ് മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആകെ | ആൺ | പെൺ |
| 1. | സെ.ആന്റണീസ് L.P.S. എടക്കുന്ന് | Aided | 39 | 33 | 72 | 5 | 3 | 2 |
| 2 | O.L.P.H.U.P.S എടക്കുന്ന് | Aided | 270 | 237 | 508 | 13 | | 13 |
| 3 | സെ.ജോസഫ്സ് L.P.S. കരയാംപറമ്പ് | Aided | 86 | 66 | 152 | 5 | 1 | 4 |
| 4 | ഗവ. U.P.S. പാലിശ്ശേരി | സർക്കാർ | 185 | 148 | 333 | 12 | 3 | 9 |
| 5 | O.L.P.S. പാദുവാപുരം | Unaided | 58 | 61 | 119 | 4 | | 4 |
| 6 | സെ. ജോസഫ്സ് L.P.S. N. കറുകുറ്റി | Aided | 88 | 85 | 173 | 6 | | 6 |
| 7 | സെ. ജോസഫ്സ് H.S. കറുകുറ്റി | Aided | | 1271 | 1271 | 43 | | 43 |
| 8 | സെ. ജോസഫ്സ് L.P.S. കറുകുറ്റി | Aided | 217 | 274 | 491 | 13 | | 13 |
| 9. | സ്റ്റാർ ജീസസ് H.S. കറുകുറ്റി | Aided | 721 | | 721 | 24 | 24 | |
| 10 | S.H.of സെ.മേരീസ് L.P.S. കറുകുറ്റി | Aided | 75 | 37 | 112 | 4 | | 4 |
| 11 | സെ.തോമസ് U.P.S. കറുകുറ്റി | Aided | 362 | | 362 | 12 | 4 | 8 |

### വിദ്യാലയ സൗകര്യങ്ങളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | സെ.ആന്റണീസ് L.P.S. എടക്കുന്ന് | 1.25 | ✔ | ✔ | ✕ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 2 | O.L.P.H.U.P.S എടക്കുന്ന് | 1.5 | ✔ | ✔ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 3 | സെ.ജോസഫ്സ് L.P.S. കരയാംപറമ്പ് | 21.5 | ✔ | ✔ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 4 | ഗവ. U.P.S. പാലിശ്ശേരി | 2 | ✔ | ✔ | ✕ | ✔ | ✔ | ✕ | ✔ | ✔ | ✔ | ✔ |
| 5 | O.L.P.S. പാദുവാപുരം | 3 | ✔ | ✔ | ✕ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 6 | സെ. ജോസഫ്സ് L.P.S. N. കറുകുറ്റി | 1.5 | ✔ | ✔ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 7 | സെ. ജോസഫ്സ് H.S. കറുകുറ്റി | 3 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 8 | സെ. ജോസഫ്സ് L.P.S. കറുകുറ്റി | 1.25 | ✔ | ✔ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 9. | സ്റ്റാർ ജീസസ് H.S. കറുകുറ്റി | 2.5 | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 10 | S.H.of സെ.മേരീസ് L.P.S. കറുകുറ്റി | .5 | ✔ | ✔ | ✕ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ |
| 11 | സെ.തോമസ് U.P.S. കറുകുറ്റി | 1 | ✔ | ✔ | ✕ | ✔ | ✔ | ✔ | ✔ | ✔ | ✔ | ✔ |

# കുടിവെള്ളം

കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ മുഖ്യകുടിനീർ ശ്രോതസ്സ് കിണറുകളാണ്. മൊത്തം വീടുകളിൽ 70% കുടുംബങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിച്ചുവരുന്നത്. 10% അയൽവീടുകളുടെ കിണറുകളിൽനിന്ന് കുടിവെള്ളം ശേഖരിക്കുമ്പോൾ 8% കുടുംബങ്ങൾ മാത്രമാണ് പൊതുജലവിതരണ സമ്പ്രദായത്തെ ആശ്രിയക്കുന്നത്.

ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകൾ 1, 3, 5, 7, 10, 11 എന്നിവയാണ്. ഒന്നാംവാർഡ് കുന്നും പ്രദേശമായതിനാൽ ജലനിരപ്പ് ആഴത്തിലും കിണറുകുഴിക്കുവാൻ കൂടുതൽ ചെലവ് വരുന്നതുകൊണ്ട് കിണറുകുഴിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്തിലെ ഏറ്റവും അധികം കുടിവെള്ളക്ഷാണം അനുഭവപ്പെടുന്ന വാർഡും ഒന്നാണ്. ഇതിനുവേണ്ടി നിർമിച്ച ആമത്തറ ലിഫ്ട് ഇറിഗേഷൻ ചെറിയതോതിൽ സഹായകമാകുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി കൊടുത്തിട്ടുള്ള ഈ പദ്ധതി നേരിട്ട് പൊതുടാപ്പിലേക്ക് വെള്ളം പമ്പുചെയ്യുകയാണ് ഉയർന്ന പ്രദേശത്ത് ജലസംഭരണി നിർമിച്ച് അതിൽനിന്നും വെള്ളം വിതരണം ചെയ്യാത്തതുമൂലം പൊതുടാപ്പുകളിൽ എല്ലാസമയവുംജലം ലഭിക്കുന്നില്ല.11ാം വാർഡിൽ കാരക്കുന്ന്, പാലക്കുണ്ട് എന്നിവിടങ്ങളിലും 11-ാം വാർഡിൽ അമ്പലതുരുത്തിലും 3-ാം വാർഡിൽ മണിയൻകുഴി ഭാഗത്തും ലക്ഷംവീടും .

വേനൽകാലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ, പട്ടിക താഴെ ചേർക്കുന്നു.

വിവിധപ്രദേശങ്ങളിലെ ലിഫ്ട് ഇറിഗേഷനുകൾ പൂർത്തിയാകുകയും ഇടതുകര കനാലിൽ ആവശ്യമായ വെള്ളം വിതരണം നടത്തുകയും ചെയ്താൽ കിണറുകളിൽ ആവശ്യമായ നീരൊഴുക്ക് ലഭ്യമാകും

പാലിശ്ശേരിയിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണർ ഉപയോഗ പ്രദമാക്കിയാൽ ആ പ്രദേശങ്ങളിൽ ആവശ്യമായ കുടിവെള്ളം എത്തിക്കാൻ കഴിയും. താഴ്ന്ന വരുമാനക്കാർക്ക് കിണർകുഴിക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകി കൂടുതൽ കിണർ കുഴിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

കറുകുറ്റി പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു പദ്ധതിക്ക് ഏഴാറ്റുമുഖത്ത്, പാറ്റാഞ്ചേരികുന്നിൽ കോതകുളങ്ങര

| നമ്പർ | വാർഡ് | കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശം |
|---|---|---|
| 1 | 1 | പൂർണമായും |
| 2 | 2 | ഗയിറ്റ്ഭാഗം |
| 3 | 3 | ലക്ഷംവീട് ഭാഗം, മണിയൻകുഴിഭാഗം |
| 4 | 4 | കമ്പനിപ്പടിഭാഗം, പവ്വർഹൗസ് |
| 5 | 5 | ആലുക്കമുക്ക്, പഞ്ചായത്ത് ആഫീസ് പരിസരം |
| 6 | 6 | ബസ്ലഹേം |
| 7 | 7 | യാക്കോബായ പള്ളി |
| 8 | 8 | പാണ്ടറകോളനി (തെക്കുഭാഗം)കനാൽ ബണ്ടുഭാഗം |
| 9 | 9 | ഇല്ല |
| 10 | 10 | കാരമറ്റം, കൂനത്താൻകുന്ന്, പാലക്കുന്ന് |
| 11 | 11 | അമ്പലതുരുത്ത് പാലിശ്ശേരി ആശുപത്രി (റോഡിന് കിഴക്കുഭാഗം) |

നോർത്ത് ശുദ്ധജലപദ്ധതി എന്ന പേരിൽ കേരള വാട്ടർ അതോറിറ്റി രൂപംകൊടുത്തിട്ടുണ്ട്. ഇതിനുവേണ്ടി, കറുകുറ്റി പഞ്ചായത്ത് 80 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയെ ഏൽപിക്കുന്ന ഒരു നടപടി പൂർത്തിയായി വരുന്നു. ഈ പദ്ധതി പൂർണമാകുന്നതോടുകൂടി പഞ്ചായത്തിന്റെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാകും.

## പ്രശ്നങ്ങൾ

1. ആമത്തറ ലിഫ്ട് ഇറിഗേഷൻ പദ്ധതിക്ക് ജലസംഭരണിയില്ല.

2. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ നിലവിൽ പദ്ധതികൾ ഒന്നും ഇല്ല.

3. കുടിവെള്ളത്തിന് താഴ്ന്ന വരുമാനക്കാർക്ക് കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തികസഹായം ലഭിക്കുന്നില്ല.

4. നിലവിലുള്ള കുഴൽകിണറിൽ പമ്പുസെറ്റ് സ്ഥാപിച്ചിട്ടില്ല.

5. ഇടതുകരകനാലിൽ മുഴുവൻ സമയവും വെള്ളം വിതരണം നടക്കാത്തതുകൊണ്ട് കിണറുകളിൽ ആവശ്യത്തിന് ജലം ലഭിക്കുന്നില്ല കോൺക്രീറ്റ് ലൈനിംഗ് ആയതുകൊണ്ട് നീരൊഴുക്ക് കുറയുന്നു.

6. സുരക്ഷിതമായ സാനിട്ടറി സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് കിണറുകളിലെ കുടിവെള്ളത്തിൽ പലരോഗാണുക്കൾ കടന്നുകൂടുന്നുണ്ട്.

7. ചാലക്കുടി ഇടതുകര കനാലിൽ കൊരട്ടി കുഷ്ഠരോഗാശുപത്രി കോമ്പൗണ്ടിൽ കൂടി കടന്നുപോകുന്ന കനാലിൽ അവിടുത്തെ രോഗികൾ കുളിക്കുകയും വസ്ത്രം അലക്കുകയും ചെയ്യുന്നതുമൂലം വെള്ളം മലിനീകൃതമാകുന്നു.

8. കോതകുളങ്ങര നോർത്ത് ശുദ്ധജലപദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസ് നേരിടുന്നു.

## സാധ്യതകൾ

1. ഒന്നാം വാർഡിൽ ആമത്തറ ലിഫ്ട് ഇറിഗേഷൻ ശാസ്ത്രീയമായ രീതിയിൽ പരിഷ്കരിക്കുക.

2. കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പദ്ധതികൾക്ക് രൂപം കൊടുക്കുകയോ, നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയോ ചെയ്യുക ആശാരിത്താഴ് ലിഫ്റ്റ് ഇറിഗേഷൻ മണിയൻകുഴി ഭാഗത്തേക്കും ലക്ഷംവീടുഭാഗത്തേക്കും extent ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

3. നിലവിൽ കാർഷിക ആവശ്യത്തിനാണ് കിണർ കുഴിക്കുന്നതിന് സഹായമുള്ളു. താഴ്ന്ന വരുമാനക്കാർക്ക് കുടിവെള്ളത്തിന് കിണർകുഴിക്കുന്നതിന് സഹായം നൽകണം.

4. പഴയകിണർ കെട്ടിസംരക്ഷിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം കൊടുക്കുക.

5. ശാസ്ത്രീയമായ രീതിയിൽ സാനിട്ടറി സൗകര്യങ്ങൾക്കുള്ള കക്കൂസുകൾ നിർമിക്കുക.

6. കിണറുകളിൽ കാലാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തുക

7. പകർച്ചവ്യാധിരോഗമുള്ള രോഗികൾ പൊതുകനാലിൽ കുളിക്കുന്നത് കർശനമായി നിരോധിക്കുക.

# സഹകരണം

ഭാരതത്തിൽ 1881ൽ സർ ഫെഡറിക് നിക്കോളാസ് സഹകരണപ്രസ്ഥാനംഎന്ന ആശയം ആദ്യമായ അവതരിപ്പിച്ചത്. കേരളത്തിൽ സാധാരണക്കാരുടെ ജീവിത്തിൽ ആശാവഹമായ പ്രവർത്തനങ്ങളിലൂടെ ശക്തിപ്രാപിച്ചുവരുന്ന ഒരു ജനാധിപത്യ സംവിധാനമാണ് സഹകരണപ്രസ്ഥാനം. 1904ൽ ആണ് കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കമിട്ടത്.

കറുകുറ്റി ഗ്രാമപഞ്ചായത്തിലെ സഹകരണ പ്രസ്ഥാനം പരിശോധിച്ചാൽ ഉദ്ദേശം 70 വർഷം മുമ്പുതന്നെ ഇവിടെ സഹകരണപ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ചതായി ചരിത്ര രേഖകൾ പറയുന്നു. കരയാംപറമ്പ് കേന്ദ്രീകരിച്ച് 1924ൽ ഒരുവിവധോദ്ദേശ സഹകരണസംഘം പ്രവർത്തനമാരംഭിച്ചു. പ്രസ്തുതസംഘം കർഷകർക്ക് വായ്പനൽകുകയും, വിത്ത് വളം മുതലായവ നൽകി കർഷകരെ സഹായിച്ചുപോരുകയും ചെയ്തു. എന്നാൽ ടി സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാഭാഗങ്ങളിലും ഏത്തിക്കുവാൻ കഴിഞ്ഞില്ല. ക്രമേണ സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു. തുടർന്ന് 1934ൽ കറുകുറ്റി പള്ളിയങ്ങാടിയിൽ പരസ്പരസഹായസംഘം എന്നപേരിൽ ഒരു പ്രസ്ഥാനമാരംഭിച്ചു. ചുരുങ്ങിയ കാലങ്ങൾക്കുശേഷം ടി സംഘത്തിന്റെ പ്രവർത്തനം നിലച്ചുപോയി. കർഷകരുടെ പുരോഗമനം ലക്ഷ്യമാക്കി ഉദ്ദേശം 5 വർഷങ്ങൾക്കുശേഷം കറുകുറ്റി ബാങ്ക് എന്നപേരിൽ കർഷകരെ ഉൾപ്പെടുത്തി ഒരു സഹകരണപ്രസ്ഥാനം ആരംഭിച്ചു. 10 വർഷത്തോളം ടി ബാങ്ക് നല്ലനിലയിൽ പ്രവർത്തിച്ചെങ്കിലും ടി ബാങ്കിനെ ആലുവായിലെ ഒരു വ്യവസായ ഗ്രൂപ്പിന് കൈമാറുകയും അവർ പ്രസ്തുത സ്ഥാപനത്തെ ആലുവയിലേക്ക് മാറ്റുകയും ചെയ്തു.

1940ൽ ഈ ഗ്രാമത്തിന്റെ വിവിധ മേഖകൾ ഉൾപ്പെടുത്തി കർഷകരെസഹായിക്കാനായി കർഷക സേവാസമിതി എന്ന സംഘടന രൂപീകരിച്ചു. ധാരാളം കർഷകർ ഈ സമതിയിൽ ചേർന്ന് സജീവമായി പ്രവർത്തിച്ചിരുന്നു. കർഷകരിൽ നിന്ന് സർക്കാർ അന്യായമായി ചുമത്തിയിരുന്ന ലെവി, കരം എന്നിവയ്ക്കെതിരെ ഒത്തൊരുമിച്ച് പോരാടിയതിന്റെ ഫലമായി പലവിധ ഇളവുകൾ കർഷകർക്ക് ലഭിച്ചു. അധികാര വടംവലിയുടെ പേരിൽ ടി സമിതിയുടെ പ്രവർത്തനം മുരടിച്ചുപോയി.

1960 പന്തയ്ക്കൽ കേന്ദ്രീകരിച്ച് ഒരു വിവിധോദ്ദേശ സഹകരണസംഘം രജസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ പ്രസിഡന്റെ റവ. ഫാ. കുര്യാക്കോസ് ചിറമേൽ ആയിരുന്നു. കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ, വായ്പ എന്നിവ വിതരണം ചെയ്യുവാൻ ഈ സ്ഥാപനം വഴി സാധിച്ചു. 1961 മാർച്ച് 22ആം തീയതി ടി സംഘം ഒരു സർവീസ് സഹകരണസംഘം ആയി ഉയർത്തി. നല്ലനിലയിൽ പ്രവർത്തിച്ചതിന്റെ ഫലമായി 1977ൽ ടി സംഘം ഒരു സർവീസ് സഹകരണബാങ്കായി ഉയരുകയും ഇന്ന് 6510 അംഗങ്ങളും 20 ലക്ഷം രൂപ ഓഹരിമൂലധനവുമുള്ള എ ക്ളാസ് ബാങ്കായി പ്രവർത്തിച്ചുവരുന്നു.

കറുകുറ്റി കരയാംപറമ്പിൽ 1972ൽ പഴയ സഹകരണസംഘം പുനരുദ്ധരിക്കുകയും തുടർന്ന് 1990ൽ ഒരു സർവീസ് സഹകരണബാങ്കായി സ്ഥാപനം ഉയർത്തപ്പെടുകയും ചെയ്തു. ഈ സഹകരണസ്ഥാപനത്തെകുറിച്ചുള്ള വിശദവിവരങ്ങൾ പട്ടികയിൽ വ്യക്തമാക്കപ്പെടുന്നു.

| ക്രമനം. | സംഘത്തിന്റേ പേരും രജിസ്റ്റർ നമ്പറും | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാർ | | ആകെ യെണ്ണം | ഓഹരി മൂലധനം | ലാഭം നഷ്ടം |
|---|---|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | | | |
| 1. | കറുകുറ്റി സർവീസ് സഹകരണ ബാങ്ക് ഇ. 63 | 1960 | 6510 | 5 | 4 | 9 | 20,00,000 | ലാഭം |
| 2. | കരയാംപറമ്പ് സർവീസ് സഹകരണബാങ്ക് 1593 | 1972 | 4204 | 3 | 2 | 5 | 956488 | നഷ്ടം |

ക്ഷീരോത്പാദനമേഖലയിലും ശ്രദ്ധേയമായ നേട്ടംകൈവരിക്കാൻ ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ടെന്നുള്ളത് പാൽ ഡയറികളുടെ എണ്ണം വ്യക്തമാക്കുന്നു. 7 പാൽ ഉല്പാദക സഹകരണ സംഘങ്ങൾ ഫലപ്രദമായി ഇവിടെ പ്രവർത്തിച്ചു വരുന്നു. ആദ്യമായി എടക്കുന്നിലാണ് പിഡിഡിപി സംഘം റവ. ഫാ. ജോസഫ് മുട്ടുമനയുടെ നേതൃത്വത്തിലാരംഭിച്ചത്. തുടർന്നു പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പാൽ സംഭരണ സംഘങ്ങളാരംഭിച്ചു. ഈ സംഘങ്ങൾ വഴി പാൽ ഉൽപാദകർക്ക് തങ്ങളുടെ പാലിന് ന്യായമായ വില ലഭ്യമാക്കുകയും പാൽ ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് പാൽ ലഭ്യമാക്കുകയും, നല്ല പാൽ ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ പശുക്കളുടെയും കിടാരികളുടെയും ആരോഗ്യസംരക്ഷണ മുറപ്പുവരുത്തുകയും, ഗുണമേന്മയുള്ള ഇനങ്ങളെ വളർത്തുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സംഘങ്ങൾ വഴി സബ്സിഡി നിരക്കിൽ കാലതീറ്റ വിതരണം ചെയ്യുന്നതിനും കന്നുകാലികൾ ക്കുണ്ടാകുന്ന രോഗങ്ങൾ യഥാസമയം കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ടി സംഘങ്ങൾ വഴി കർഷകർക്ക് ലഭിച്ചുവരുന്നു. തന്മൂലംക്ഷീരോത്പാദനം വ്യാപകമാവുകയും പാലും പാലുത്പന്നങ്ങളും കൂടുതലാളുകൾ ഉപയോഗിക്കുവാൻ തുടങ്ങിയതുമൂലം ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുവാനും കഴിഞ്ഞു.

സഹകരണ പ്രസ്ഥാനത്തിന്റെവളർച്ചയോടുകൂടി ഈ പഞ്ചായത്തിന്റെ എല്ലാമേഖലകളിലും കൃഷിയിലും വ്യവസായത്തിലും സഹകരണസംഘങ്ങൾ രൂപം കൊണ്ടു. റബർ ഉത്പാദകസംഘം നെല്ലുല്പാദക സംഘം കേരകർഷകസംഘം കാഡയുടെ ആഭിമുഖ്യത്തിൽ കർഷകസമിതികളും എല്ലായിടത്തും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണത്തിൽ ഈ പഞ്ചായത്തിലെ സർവീസ് സഹകരണബാങ്കുകൾ സ്തുത്യർഹമായ പങ്കുവഹിക്കുന്നു.ഓണം ക്രിസ്തുമസ് എന്നീ വിശേഷങ്ങൾക്ക് പ്രത്യേക ചന്തകൾ നടത്തി ഗുണനിലവാരമുള്ള സാധനങ്ങൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് നല്കിവരുന്നു. ഈ പഞ്ചായത്തിലെ ഒരു വ്യക്തിയുടെ ജനനം മുതൽ മരണംവരെയുള്ള എല്ലാ ആവശ്യങ്ങളിലും സഹായിക്കുവാൻ സഹകരണബാങ്കുകൾ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഉദാഹരണമായി വിദ്യാഭ്യാസം, ചികിത്സാ, വിവാഹം, ഭവനനിർമാണം, വസ്തുവാങ്ങൽ, കാർഷിക ഉപകരണങ്ങൾ, ഗൃഹോപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുവാനും സ്വയം തൊഴിലിനും വിദേശജോലിയ്ക്കുള്ള വായ്പ എന്നീ ആവശ്യങ്ങൾക്കും മരണാവശ്യങ്ങൾക്കുപോലും ബാങ്കിൽനിന്നും യഥാസമയം വായ്പകൾ ലഭിക്കുന്നു.

## വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

1. സഹകരണബാങ്കിൽ നിന്നും വായ്പയെടുക്കുമ്പോൾ നിലവിലുള്ള ഈട് വ്യവസ്ഥകൾ ലഘൂകരിക്കേണ്ടത് ?അത്യാവശ്യമാണ്. ആയത് നിലവിൽ സഹകരണകാർഷീക ഗ്രാമവികസന ബാങ്കുകളിലേതുപോലെ ഗഹാൽ സമ്പ്രദായം നിലവിൽ വരുത്തുക.

2. സഹകരണബാങ്കുകളിലെ ഡെപ്പോസീറ്റ് റെസീറ്റ് ചില ധനകാര്യ സ്ഥാപനങ്ങൾ ഈടായി സ്വീകരിക്കാത്തതുമൂലം നിക്ഷേപങ്ങൾ കൂടുതലും ദേശസാത്കൃത ബാങ്കുകളിലേക്കും ഷെഡ്യൂൾഡ് ബാങ്കുകളിലേക്കുമാണ് പോകുന്നത് കൂടാതെ പ്രാഥമിക സഹകരണബാങ്കുകളിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ലഭ്യമല്ലാത്തതും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇവയ്ക്ക് പരിഹാരമുണ്ടാക്കുക.

3. സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നവർക്കുള്ള ഓഹരി അനുപാതം ഉയർത്തുക.

4. സഹകരണമേഖലയിൽ ഇപ്പോൾ നിലവിലുള്ള ത്രീ ടെയർ സമ്പ്രദായം നിർത്തലാക്കി ടൂ ടെയർ സമ്പ്രദായം ഏർപ്പെടുത്തുകയും കാർഷിക ആവശ്യത്തിനായി നബാടിൽ നിന്നും നൽകുന്ന വായ്പയുടെ പരിധി ഉയർത്തുകയും ചെയ്യുക.

5. യഥാസമയങ്ങളിൽ വായ്പ തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി അപ്പപ്പോൾ തന്നെ തിരിച്ചുനൽകുവാൻ വേണ്ട നിയമനടപടികൾ ഉണ്ടാക്കുകയും ചെയ്യുക.

6. സഹകരണസംഘങ്ങളിൽ അംഗങ്ങളായവരെ ഉൾപ്പെടുത്തി ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നിലവിൽ വരുത്തുകയും ആയതിന്റെ പ്രീമിയം തുക സർക്കാരിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുക.

7. പാചകവാതക വിതരണം സഹകരണ സംഘങ്ങളേ ഏൽപ്പിക്കുക.

## ക്ഷീരസഹകരണസംഘം (അപ്കോസ് ഉൾപ്പെടെ)

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ദിവസം മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ തന്നെ വില്കുന്നത് ലിറ്റർ | പുറത്തേക്ക് അയക്കുന്ന ലിറ്റർ |
|---|---|---|---|---|
| 1. | പന്തയ്ക്കൽ അപ്കോസ് സംഘം | 350 | 20 | 330 |
| 2. | പാലിശ്ശേരി അപ്കോസ് സംഘം | 300 | 40 | 260 |
| 3. | പി.ഡി.ഡി.പി സംഘം കേബിൾ നഗർ | 320 | 20 | 300 |
| 4. | പി.ഡി.ഡി.പി സംഘം എടക്കുന്ന് | 430 | 25 | 405 |
| 5. | മുന്നൂർപ്പിള്ളി അപ്കോസ് | 300 | 25 | 250 |
| 6. | കരയാംപറമ്പ് അപ്കോസ് | 200 | 40 | 160 |
| 7. | കറുകുറ്റി പാറപ്പുറം ക്ഷീരോല്പാദകസംഘം | 520 | 40 | 480 |

# പൊതുജനാരോഗ്യം

ആദ്യകാലങ്ങളിൽ കറുകുറ്റി ഗ്രാമത്തിൽ ചികിത്സാസൗകര്യങ്ങൾ പരിമിതമായിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വ്യാപകമായിരുന്നതുകൊണ്ട് മരുന്നിനോടൊപ്പം മന്ത്രവും നടത്തിയാലേ രോഗശമനം ലഭിക്കൂ എന്നൊരു ധാരണ പൊതുവിൽ ഉണ്ടായിരുന്നു. നാട്ടുവൈദ്യന്മാരെ ആശ്രയിച്ചാണ് ചികിത്സ നടത്തിവന്നത്. 20 ാം നൂറ്റാണ്ടിൻെറ ആരംഭത്തോടുകൂടി ആലുവായിലും ചാലക്കുടിയിലും സർക്കാർ ആശുപത്രികൾ സ്ഥാപിച്ചതോടെ അലോപ്പതി ചികിത്സയ്ക്ക് തുടക്കം കുറിച്ചു.

മുൻകാലങ്ങളിൽ ജനങ്ങൾ കണ്ടുവരുന്ന മാരകമായ രോഗങ്ങൾ മസൂരി മലമ്പനി കോളറ തുടങ്ങിയവയാണ്. കുട്ടികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ കരപ്പൻ, ഗ്രഹണി, ചൊറി മുതലായവയാണ്. ആധുനിക ചികിത്സാസൗകര്യങ്ങൾ ലഭ്യമായതോടുകൂടി ഈ രോഗങ്ങൾക്കെല്ലാം ഒരു നിയന്ത്രണം ഉണ്ടായെങ്കിലും പുതിയപുതിയ രോഗങ്ങൾ കണ്ടുവരുന്നു. ഒരു കാലത്ത് സമൂഹം വെറുക്കപ്പെട്ട കുഷ്ഠ രോഗികൾക്കു വേണ്ടി കൊരട്ടിയിൽ കുഷ്ഠരോഗാശുപത്രി സ്ഥാപിക്കുകയും കുഷ്ഠരോഗികൾക്ക് ആവശ്യമായ ചികിത്സ നടത്തിവരികയും ചെയ്തു. ഈ ആശുപത്രി പഞ്ചായത്തിൻെറ വടക്കു-പടിഞ്ഞാറു അതിർത്തിയിൽ സ്ഥിതിചെയ്യുന്നു. പ്രധാനമായും ആയുർവേദ ചികിത്സാസമ്പ്രദായം നിലവിൽ ഇരുന്ന ഈ പഞ്ചായത്തിൽ 1943ൽ ഡോ. V. U. S. MANY, ROYAL HOMOEO PHARMACY ആരംഭിക്കുകയും ഹോമിയോ ചികിത്സയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. വർഷങ്ങൾക്ക് മുമ്പ് ഡോ. മൈക്കിൾ ഒരു പ്രകൃതി ചികിത്സ കേന്ദ്രം ആരംഭിക്കുകയും പ്രകൃതിചികിത്സക്ക് പ്രോത്സാഹനം ചെയ്യുകയും ചെയ്തിരുന്നു. 1948ൽ കറുകുറ്റിയിൽ പള്ളിവക ഒരു ആസ്പത്രി ആരംഭിച്ചതോടുകൂടി അലോപ്പതി ചികിത്സയ്ക്ക് കറുകുറ്റിയിൽ തുടക്കംകുറിച്ചു. 100 രോഗികളെ കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള അൽഫോൻസ ആശുപത്രിയിൽ 9 ഡോക്ടർമാർ സേവനമനുഷ്ഠിച്ചുവരുന്നു. പഞ്ചായത്തിൻെറ വടക്കൻ മേഖലകളിൽ ജനങ്ങൾക്ക് ചികിത്സാസൗകര്യം ലഭ്യമാകുന്നതിന് മുഖ്യപങ്കുവഹിക്കുന്നത് സ്റ്റെല്ലാമേരീസ് ആശുപത്രിയുടെ സേവനത്തോടുകൂടിയാണ്. 50 രോഗികളെ കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള ഈ ആശുപത്രിയിൽ 4 ഡോക്ടർമാർ സേവനമനുഷ്ഠിച്ചുവരുന്നു. ഈ പഞ്ചായത്തിനോട് ചേർന്ന് ക്യാൻസർ രോഗികളെ ചികിത്സിക്കുന്നതിനുവേണ്ടി ഡോ. പോൾ മാമ്പിള്ളിയുടെ നേതൃത്വത്തിൽ ഔസേഫ് മറിയം ക്യാൻസർ സെൻെറർ പ്രവർത്തിച്ചുവരുന്നു.

പൊതുമേഖലയിൽ ജനപങ്കാളിത്തത്തോടെ 1972ൽ പാലിശ്ശേരിയിൽ ആരംഭിച്ച സർക്കാർ ആശുപത്രിയാണ് വടക്കു പ്രദേശത്തുള്ള സാധാരണ ജനങ്ങളുടെ ചികിത്സാ കേന്ദ്രം നിലവിൽ ആശുപത്രിയുടെ സ്ഥിതി പരിശോധിച്ചാൽ വേണ്ടത്ര മരുന്നുകളോ, ചികിത്സാ സൗകര്യങ്ങളോ, ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങളോ ഇല്ല. ഇവിടെ ഒരു ഡോക്ടറുടെ സേവനം ലഭിച്ചുവരുന്നു.

ഒരു സമൂഹത്തിന്റെ ആരോഗ്യ സംവിധാനത്തിന്റെ ഗുണമേന്മ പരിശോധിക്കുമ്പോൾ ജനന നിരക്ക്, ശിശു മരണ നിരക്ക്, ആയൂർ ദൈർഘ്യം എന്നീ മേഖലകളിൽ മറ്റു നാടുകൾക്ക് ഒപ്പം നിൽക്കാവുന്ന ശേഷി നാം കൈവരിച്ചിട്ടുണ്ട്. എന്നാൽ സാധാരണ ജനങ്ങൾ സർക്കാർ ആശുപത്രിയേക്കാൾ സ്വകാര്യ ആശുപത്രികളെ കൂടുതൽ ആശ്രയിച്ചു പോരുന്നു.

പി.എച്ച്. സി.ന്റെ കീഴിൽ 5 സബ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പാലിശ്ശേരി ഒഴിച്ച് മറ്റ് സബ് സെന്ററുകളിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. സർക്കാർ മേഖലയിൽ ആയൂർവേദ ഹോമിയോ ഡിസ്പൻസറികൾ ഈ പഞ്ചായത്തിൽ നിലവിലില്ല. ചില സ്വകാര്യ ആയൂർവ്വേദ, ഹോമിയോ ക്ലിനിക്കുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ആരോഗ്യസംവിധാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് പരിസരശുചിത്വം. തുറന്നസ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യുക. വെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കുക എന്നിവയാണ് മലിനീകരണത്തിന്റെ പ്രധാന പ്രശ്നങ്ങൾ. കോളറ, വയറിളക്കം, വയറുകടി, വിരശല്യം, മഞ്ഞപ്പിത്തം, പിള്ളവാതം, സന്നിപാതജ്വരം തുടങ്ങിയ രോഗങ്ങൾക്ക് കാരണം പരിസര മലിനീകരണമാകുന്നു. അശാസ്ത്രീയമായ കക്കൂസ് നിർമ്മാണം ജലസ്രോതസ്സുകളെ മലിനീകരിക്കുന്നു. അതുവഴി രോഗാണുക്കൾ പകരുന്നു. Double pit കക്കൂസുകൾ, ക്ലോസറ്റുകൾപൊതുമൂത്രപുരകൾ എന്നിവയുടെ ലഭ്യതയെകുറിച്ച് സമഗ്രമായ ഒരു പഠനം നടത്തി ഇതിനാവശ്യമായ പൊതുജനങ്ങളുടെയും സഹകരണം ഉറപ്പാക്കാൻ കഴിയണം. എല്ലാവർഷവും പേയ്നായ്ക്കളുടെ ശല്യം ഉണ്ടാകാറുള്ള ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത് അലഞ്ഞു തിരിയുന്ന പട്ടികളെ കൊല്ലുന്നതിനുള്ള നടപടികൾ ഫലപ്രദമായി നടപ്പാക്കാനുള്ള പ്രായോഗികമായ ചിലപ്രശ്നങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. നിലവിൽ പഞ്ചായത്തിൽ പൊതുശ്മശാനം ഇല്ല. വിവിധ സമുദായങ്ങളിലുള്ള ജനങ്ങൾക്ക് മൃതദേഹം അടക്കംചെയ്യുന്നതിന് സാമുദായിക പൊതു ശ്മശാനങ്ങൾ നിലവിലുണ്ട്.

കുടുംബക്ഷേമപദ്ധതിയുടെ പരിധിയിൽ വരുന്ന 40% ദമ്പതികളും സ്ഥിരമായ സന്താന നിയന്ത്രണം സ്വീകരിച്ചവരാണ് എങ്കിലും കുട്ടികളുടെ എണ്ണം സംസ്ഥാനശരാശരിയേക്കാൾ 2% കൂടുതലാണ്.

## ഇന്നത്തെ പ്രശ്നങ്ങൾ

1. അശാസ്ത്രീയമായ കക്കൂസ്നിർമാണം ജലസ്രോതസുകളെ മലിനീകരിക്കുന്നു.

2. പേയ്നായ്ക്കൾ, എലികൾ, കൊതുകുകൾ മുതലായവയുടെ ഉപദ്രവങ്ങൾ കൂടിവരുന്നു.

3. നിലവിൽ പഞ്ചായത്തിൽ പൊതുശ്മശാനമില്ല.

4. മാതൃശിശുസംരക്ഷണം, പ്രതിരോധകുത്തിവയ്പ്, ഗർഭിണികളുടെ ശുശ്രൂഷ, സാക്രമികരോഗങ്ങളുടെ നിയന്ത്രണം എന്നീ പദ്ധതികൾ പൂർണമായും നടപ്പിലാക്കാൻ സൗകര്യങ്ങളില്ല.

5. സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് സാധാരണക്കാർക്ക് താങ്ങാൻ ആവാത്തവിധത്തിൽ ഫീസ് ഈടാക്കുന്നു.

6. അറവുശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്താത്തമൂലം ശുചിത്വരഹിതമായ ചുറ്റുപാടുകളിൽ മാംസം വിൽക്കപ്പെടുന്നു.

7. എല്ലാ വാർഡുകളിലും മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളില്ല.

8. പഞ്ചായത്തിൽ പൊതുമേഖലയിൽ ഒരു ആയുർവേദ ആശുപത്രിയും ഹോമിയോ ഡിസ്പെൻസറിയും ആരംഭിക്കേണ്ടിയിരിക്കുന്നു.

9. പാലിശ്ശേരിയിലെപ്രാഥമികാരോഗ്യകേന്ദ്രത്തിൽ 30 കിടക്കകളോടുകൂടിയ ഒരു വാർഡ് നിർമിച്ച് ചികിത്സാസൗകര്യം വർദ്ധിപ്പിക്കുക. ഡോക്ടർമാർക്ക് താമസസൗകര്യം ഏർപ്പെടുത്തുക

10. ആറാം വാർഡിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന് അനുവദിച്ചിരിക്കുന്ന 10 സെന്റ് സ്ഥലത്ത് പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടിസ്വകരിക്കുക.

11. മൂന്നാം വാർഡിൽ കസ്തൂർബ്വാ ബാലവാടിയുടെ കെട്ടിടത്തിന്റെ മെയിന്റനൻസ് പണി നടത്തുക. അതോടൊപ്പം സബ്സെന്റർ ആക്കാനുള്ള കെട്ടിടംപണിയ്ക്ക് നടപ്പടികൾ സ്വീകരിക്കുക. കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് കക്കൂസ് നിർമ്മിക്കുക. കുട്ടികൾക്ക് ആവശ്യമായ കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം.

# വനിതാക്ഷേമം

കറുകുറ്റി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ അധികവും സ്ത്രീകളാണ്. 1991 ലെ സെൻസസ് അനുസരിച്ച് മൊത്തം ജനസംഖ്യ 24449 ആണ്. അതിൽ 1240 പേർ സ്ത്രീകളാണ്. (50.3%) അതായത് 1000 പുരുഷന്മാർക്ക് 1015 സ്ത്രീകൾ വരും. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരുടെ എണ്ണം കൂടുതലാണ്.

1949 ൽ ഭരണപരമായ നിയമങ്ങൾ നിലവിൽ വന്നപ്പോൾ സ്ത്രീ പുരുഷനോടൊപ്പം തന്നെ നിയമപരമായ അവകാശങ്ങൾ നേടിയെങ്കിൽ തന്നെയും സ്ത്രീയുടെ നില ഇന്നും മെച്ചമല്ല എന്നു കാണാം. അതിനുമുമ്പ് സ്ത്രീ വെറുമൊരു ഉപഭോഗ വസ്തുമാത്രമായിരുന്നു. നല്ലരീതിയിലുള്ള വസ്ത്രധാരണത്തിനും സ്വാതന്ത്ര മുണ്ടായിരുന്നില്ല. പ്രത്യേകിച്ച്താഴ്ന്ന ജാതിയിൽപ്പെടുന്ന സ്ത്രീകൾക്ക് സ്വന്തം മാറുമറക്കുന്നതിനുള്ള അവകാശം പോലും നിഷേധിച്ചിരുന്നു. അക്കാലങ്ങളിൽ നമ്മുടെ സമൂഹത്തിൽ ശൈശവ വിവാഹം നിലവിലു ണ്ടായിരുന്നു. 1950 വരെ കാർഷികരംഗത്ത് 70% സ്ത്രീകളായിരുന്നു ജോലി ചെയ്ത് പോന്നത്. ആധുനിക യന്ത്രങ്ങൾ ഇല്ലാതിരുന്നതുകൊണ്ട്തന്നെ ഉത്പ്പാദിപ്പി ക്കപ്പെടുന്ന നെല്ല് മുഴുവൻ കുത്തി അരിയാക്കുന്ന പണിയും സ്ത്രീകളുടേതായിരുന്നു. പഞ്ചായത്തിൽ 10% സ്ത്രീകൾ കുട്ട, പനമ്പ് നെയ്ത്ത്, പപ്പട നിർമ്മാണം തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ ചെയ്തുവരുന്നു.

വനിതാ ക്ഷേമത്തിനും അവരുടെ വികസന മേഖലകൾക്കും തുടക്കം കുറിച്ചത് 1899 ൽ കർമ്മലീത്ത സഭാ സ്ഥാപനം കുറുകുറ്റിയിലാരംഭിച്ചതോടുകൂടിയാണ്. അതിന്റെ കീഴിൽ ഒരു കുടി പള്ളിക്കൂടം ആരംഭിച്ചു. കൂടാതെ ഈ സ്ഥാപനത്തിൽ അനാഥരായ കുട്ടികളേയും, പ്രായം ചെന്നവരേയും അഗതികളേയും സംരക്ഷിച്ചു വരുന്നു. 1962 ൽ ആദ്യമായ് കറുകുറ്റിയിൽ ആരംഭിച്ച മഹിളാസമാജമാണു ഇന്നു പ്രവർത്തിക്കുന്ന വനിതാ സാധുസേവക് മഹിളാ സമാജം. ആ സ്ഥാപനത്തിൽ 25 ഓളം സ്ത്രീകൾ കൊരട്ടി കോട്ടൺ മിൽസിന്റെ സഹായ ത്തോടുകൂടി തുണിനെയ്തു് വന്നിരുന്നു. ടി കോട്ടൺ മിൽസിന്റെ പ്രവർത്തനം നിലച്ചതോടുകൂടി തുണിനെയ്ത്ത് ഇല്ലാതായി. ഇപ്പോൾ ഒരു ബാലവാടിയും അതിനോടനുബന്ധിച്ച് ഒരു തയ്യൽ പരിശീലനകേന്ദ്രവും, റെഡിമെയ്ഡ് യൂണിറ്റും പ്രവർത്തിച്ചു വരുന്നു. 1952 ൽ തന്നെ എടക്കുന്ന് നസ്രത്ത് സ്ഥാപനത്തിന്റെ കീഴിൽ 30 ഓളം സ്ത്രീകൾ സ്ഥിരമായ് നെയ്ത്തു തൊഴിൽ ചെയ്തുവരുന്നു. കൂടാതെ അവിടെ അനാഥരായ കുട്ടികളെ ദത്തെടുത്ത് വളർത്തുന്നുണ്ട്. അഗതികളായ 40 ഓളം സ്ത്രീകളെ ഈ സ്ഥാപനം വഴിസംരക്ഷിച്ചുവരുന്നു. അവിടെ തന്നെ സെന്റ് ജൂഡ് ഫാമിലി കൗൺസലിംഗ് സെന്റർ എന്ന പേരിൽ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുകയും പെൺകുട്ടികൾക്ക് പാചകം, തയ്യൽ തുടങ്ങിയ പരിശീലനങ്ങൾ കൊടുക്കുകയും ചെയ്യുന്നു.

വിദ്യഭ്യാസ രംഗത്ത് സ്ത്രീകളുടെ നില പുരുഷന്മാരെക്കാൾ മെച്ചമാണെങ്കിലും കുടുംബ ജീവിതത്തിൽ ഒതുങ്ങി ജീവിക്കുന്നതല്ലാതെ നേടിയ വിദ്യാഭ്യാസംകൊണ്ട് രാഷ്ട്രീയ സാമൂഹ്യ രംഗത്തേയ്ക്ക് കടന്നുവരാൻ ശ്രമിക്കുന്നില്ല. പഞ്ചായത്തിൽ മൊത്തം 7 വായന ശാലയുണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. മുൻകാലങ്ങളിൽ വനിതകൾ വിദ്യഭ്യാസ രംഗത്ത് പിന്നിലായിരുന്നെങ്കിലും ഇപ്പോൾ പുരുഷന്മാരുടൊപ്പം തന്നെ എത്തിയിട്ടുണ്ട്. കാർമ്മലീത്ത സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പെൺകുട്ടികൾക്ക് മാത്രമായ് സെന്റ്. ജോസഫ് ഗേൾസ് ഹൈസ്കൂൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഈ പഞ്ചായത്തിന്റെ വടക്കൻ മേഖലകളിലുള്ള പെൺകുട്ടികൾ യാത്രാ ക്ലേശംമൂലം ഇവിടെ വന്നു പഠിക്കുവാൻ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു. നല്ലൊരു ശതമാന് പെൺകുട്ടികൾ ഉന്നത വിദ്യഭ്യാസത്തിന് മറ്റിടങ്ങളിൽ പോകുന്നു. ബിരുദം നേടിയ തൊഴിൽ രഹിതരായ പെൺകുട്ടികളും ഇവിടെയുണ്ട്. അടുത്ത കാലത്തായ് നഴ്സിങ്ങ്, ടി.ടി.സി, സഹകരണ ബാങ്കിംഗ് തുടങ്ങിയ മേഖലകളിലേക്കാണ് പെൺകുട്ടികളെ കൂടുതൽ ആകർഷിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ മറ്റുതലങ്ങളിലേക്ക് അവരുടെ കഴിവുകൾ വികസിക്കന്നില്ല. മെഡിക്കൽ, എഞ്ചിനീയറിംങ്ങ് ക്രമസമാധാനം തുടങ്ങിയ മേഖലകളിൽ പെൺകുട്ടികളുടെ നിലവാരം ശുഷ്ക്കമാണ്. കുട്ടികളുടെ വിദ്യഭ്യാസരംഗത്ത് പുരുഷന്മാരെക്കാൾ കൂടുതൽ

### പട്ടിക വനിത സംരംഭങ്ങൾ

| വാർഡ് | തൊഴിൽസംരംഭം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 2 | വസ്ത്ര നിർമ്മാണം | 1990 | 12 | തൃപ്തികരം |
| | ബ്യൂട്ടിപാർലർ | 1992 | 10 | |
| | മുല്ലകൃഷി | 1993 | 2 | |
| 3 | പനമ്പ്നെയ്ത്ത് | 1993 | | |
| | തലപായ | 1993 | | തൃപ്തികരം |
| 4 | ബ്യൂട്ടിപാർലർ | 1993 | 3 | തൃപ്തികരം |
| | ബുക്ക്ബൈയിന്റിംഗ് | 1967 | 20 | |
| | പലഹാര നിർമ്മാണം | 1994 | 10 | |
| | മുല്ലകൃഷി | 1994 | 3 | |
| 5 | വസ്ത്ര നിർമ്മാണാ | 1995 | 12 | തൃപ്തികരം |
| | K.GT.E തയ്യൽപരിശീലനം | 1995 | 18 | |
| | അലങ്കാര വസ്തുക്കളുടെ നിർമ്മാണം | 1990 | 3 | |
| | ഓർക്കിഡ് | 1996 | 1 | |
| | മുല്ലകൃഷി | 1994 | | |
| 6 | പലഹാര യൂണിറ്റ് | 1991 | 4 | തൃപ്തികരം |
| | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 1996 | 5 | |
| 7 | കൊട്ടാ, പനമ്പ് നെയ്ത്ത് | 1984 | 14 | തൃപ്തികരം |
| 8 | സ്റ്റെബിലൈസർ അസംബ്ലിംഗ് യൂണിറ്റ് | 1992 | 12 | തൃപ്തികരം |
| 9 | വസ്ത്ര നിർമ്മാണം | 1994 | 6 | തൃപ്തികരം |

കാര്യങ്ങൾ സ്ത്രീകൾക്ക് ചെയ്യുവാൻ കഴിയുമെങ്കിലും ഗൃഹഭരമത്തിന്റെ ഭാരിച്ച ചുമതല കാരണം സ്ത്രീകൾക്ക് ഇനക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ കഴിയുന്നില്ല.

അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവജനങ്ങളിൽ 40% പേർ സ്ത്രീകളാണ്. അധ്യാപനരംഗത്ത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണ്. മറ്റു മേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകളിൽ 70% പേരും ഗൃഹഭരണത്തിൽ ഒതുങ്ങി കഴിയുന്നവരാണ്. ഏകദേശം 10% സ്ത്രീകൾ പരമ്പരാഗത തൊഴിൽ ചെയ്തുപോരുന്നു. എന്നാൽ പനമ്പ്, പായ എന്നിവ നെയ്യുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവും ആകർഷകമായ കൂലി ലഭിക്കാത്തതു കൊണ്ടും ഈ തൊഴിൽ രംഗത്തെ വളർച്ചയ്ക്ക് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മൂന്നാം വാർഡിൽ ഒരു രജി. തഴപ്പായ് നെയ്ത്തു സംഘവും പന്തയ്ക്കലും പാറപുറത്തും ബാംബു കോർപറേഷൻ എന്ന സ്ഥാപനവും പ്രവർത്തിച്ചുവരുന്നു.

കേര കൃഷിയിൽ മുമ്പന്തിയിൽ നില്കുന്ന കറുകുറ്റിയിൽ ഓല ധാരാളം കിട്ടുന്നുവെങ്കിലും ഓല മെടച്ചിൽ സ്ത്രീയുടെ പങ്കാളിത്തം കുറവാണ്. കറുകുറ്റയിൽ സ്ഥാപിതമായിരിക്കുന്ന സാതുസേവക് ലേഡീസ് ക്ലബ് എന്ന സ്ഥാപനത്തിൽ സ്വന്തമായി കൊട്ടിടവും ഇരുപത് സെന്റ് സ്ഥലവും ഉണ്ട്. ഇവിടെ ഇപ്പോൾ ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ആരംഭിച്ചിരിക്കുന്നു. പഞ്ചായത്തിലെ 10% സ്ത്രീകൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് തൊഴിൽ ചെയ്യുന്നവരാണ്. ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഒരു നല്ല വ്യവസായ യൂണിറ്റ് തുടങ്ങുന്നതിനുള്ള സാധ്യതകൾ ഇവിടെ നിലവിലുണ്ട്. പലഹാരനിർമ്മാണത്തിലും അച്ചാർ നിർമ്മാണത്തിലും നുപുണരായ വനിതകൾ ഏറെയുണ്ട്. അതിനുള്ള യൂണിറ്റുകൾ പഞ്ചായത്തിലില്ല.

കറുകുറ്റി പഞ്ചായത്തിലെ പൂർവ്വകാല ചരിത്രത്തിലും ആധുനിക കാലഘട്ടത്തിലും സാമൂഹ്യരാഷ്ട്രീയരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. 1964 ലെ പഞ്ചായത്ത് ഭരണസമിതിയിൽ പ്രഥമ വനിതാ പ്രധിനിധിയായ് വി.ജെ. ഭാരതിയമ്മയെ നോമിനേറ്റ് ചെയ്തു. തുടർന്നുള്ള പഞ്ചായത്ത് സമിതികളിൽ വനിത പ്രാതിനിധ്യം ലഭിക്കുകയും ചെയ്തു. അങ്ങനെ ജില്ലാ, ബ്ലോക്ക് തലത്തിൽ ഒരോ വനിതയും പഞ്ചായത്തിൽ 4 വാർഡിലും പ്രസിഡണ്ട് സ്ഥാനവും വനിതകൾ പ്രതിനിധാനം ചെയ്യുന്നു. ഇതൊരു വനിതാ പഞ്ചായത്താണ് 1, 3, 5, 8 എന്നീ വാർഡുകളിൽ യഥാക്രമം ശ്രീമതി ലീല വർഗ്ഗീസ്, അഡ്വ. ചിന്നു മുരളി, മേരിജോസഫ്, ശ്രീമതി മേരി ആന്റണി എന്നിവർ പ്രതിനിധാനം ചെയ്യുന്നു. ശ്രീമതി മേരി ആന്റണിയാണ് ഇപ്പോഴത്തെ പ്രഥമ വനിതാ പ്രസിഡണ്ട്. ബഹുജന സംഘടനകളുടെ ഭാരവാഹികളായി ഏകദേശം 135 പേർ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സ്ത്രീകൾ കുടുംബനാഥകളായ് ചുമതല വഹിക്കുന്ന 650 കുടുംബങ്ങൾ ഇവിടെയുണ്ട്.

75% സ്ത്രീകൾ വീട്ടുജോലിയോടൊപ്പം മൃഗസംരക്ഷണം, കോഴിവളർത്തൽ വിറക് ശേഖരിക്കൽ, പുരയിടകൃഷി തുടങ്ങിയ ജീവിതത്തിന്റെ വിവധ മേഖലകളിൽ ജോലി ചെയ്യുന്നു. ഈ പഞ്ചായത്തിൽ 36 പേർക്ക് വിധവ പെൻഷൻ ലഭിക്കുന്നു. ഇനിയും പെൻഷന് അർഹരായവർ 65 പേർ കൂടിയുണ്ട്. ഐ സി ഡി എസ് പ്രേജക്റ്റുകളുടെ പ്രവർത്തനഫലമായ് 6 മഹിളാസമാജങ്ങളും അതിനോടനുബന്ധിച്ചു 6 ബാലവാടികളും പ്രവർത്തിക്കുന്നു.

**പട്ടിക തൊഴിൽ പങ്കാളിത്തം**

| തൊഴിൽ | സ്ത്രീ | പുരുഷൻ |
|---|---|---|
| കൃഷിക്കാർ | 135 | 3035 |
| കർഷക തൊഴിലാകൾ | 1061 | 1742 |
| മത്സ്യ ബന്ധനം മൃഗസംരക്ഷണം | 324 | 530 |
| ഖനനം(കരിങ്കൽ, ചെങ്കൽ ക്വാറി) | 503 | 1078 |
| കുടിൽ വ്യവസായം | 245 | 369 |
| കെട്ടിട നിർമ്മാണം | 600 | 1011 |
| വ്യാപാരം | 95 | 501 |
| സ്ഥിരജോലി | 168 | 601 |
| വിദേശ ജോലി | 287 | 540 |
| മറ്റുജോലികൾ | 122 | 542 |
| ആകെ | | |

മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള പട്ടിക താഴേ ചേർക്കുന്നു.

| വാർഡ് | ബാലവാടി, മഹിളാ സമാജം | എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ത്രീസ്റ്റാർ മഹിളാസമാജം | 1 | |
| 1 | വിജയ മഹിളാ സമാജം പാവാട്ടാട്ടുകുന്ന് | 1 | |
| 3 | കസ്തൂർബാ മഹിളാ സമാജം | 1 | |
| 5 | സാധുസേവക് മഹിളാ സമാജം, കറുകുറ്റി | 1 | |
| 9 | എടക്കുന്ന് മഹിളാ സമാജം, എടക്കുന്ന് | 1 | |
| 11 | S.N.D.P. വായനശാല മഹിളാ സമാജം പാലിശ്ശേരി | 1 | |

പഞ്ചായത്തിന്റെ കീഴിൽ കൃഷിഭവന്റെ നേതൃത്ത്വത്തിൽ 100 അംഗങ്ങളുള്ള വനിതാ കർഷക സമാജം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അങ്കമാലി ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ DWCRA യുടെ ഒരു

യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇവയ്ക്കു പുറമെ മഹാത്മാഗാന്ധി യൂണിവെഴ്സിറ്റിയുടെ ഗ്രാമസ്വരാജ് പ്രൊജക്ടിന്റെ നേതൃത്വത്തിൽ രണ്ടു വനിതാ ഗാർമെന്റ്സ് യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ 9-ാം വാർഡിൽ കാർമ്മലീത്ത സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സ്റ്റെബിലൈസർ അസംബ്ലിംങ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിലെ സ്ത്രീ വിദ്യഭ്യാസത്തിൽ വന്നിട്ടുള്ള പുരോഗമനം ആരോഗ്യപരമായയും സാംസ്ക്കാരികമായും കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ ആരോഗ്യരംഗത്തെ സൂക്ഷ്മമായ് പരിശോധിച്ചാൽ രോഗം ബാധിച്ച സ്ത്രീകൾ ഏറെയുണ്ട്. ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഇല്ലെന്ന് തന്നെ പറയാം. സാധാരണക്കാരുടെ ആശാ കേന്ദ്രമായ പാലിശ്ശേരി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കുന്നതിനോ, പ്രസവ സംബന്ധമായ ചികിത്സക്കോ .ആതൊരു സൗകര്യവുമില്ലാത്തതിനാൽ മറ്റുള്ള സ്വകര്യ ആശുപത്രികളെയാണ് സമീപിക്കുന്നത്. സ്ത്രീകളുടെ മരണനിരക്ക് കുറവാണെങ്കിലും വിവിധതരം രോഗങ്ങൾ അവരിൽ കൂടിവരുന്നു. പോഷകാഹാരകുറവാണു മറ്റൊരു കാരണം. പഞ്ചായത്തിലെ ഇപ്പോഴത്തെ കണക്കനുസരിച്ച് മൊത്തം സ്ത്രീകളിൽ 392 പേർ ഗർഭണികളും ഒരു വയസ്സിനു താഴെയുള്ള കുട്ടികൾ 372 പേരുമാണുള്ളത്. പഞ്ചായത്തിന്റെ എല്ലാവാർഡുകളിലും സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ആരോഗ്യ സംരക്ഷണം പ്രവർത്തനങ്ങൾ എത്തേണ്ടതാണ്.

സ്ത്രീ പക്ഷത്തു നിന്നും കാര്യങ്ങൾ നോക്കുമ്പോൻ പുരുഷമേധാവിത്വം ചില മേഖലകളിൽ കാണാൻ കഴിയും. സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ സ്ത്രീകളെ മുൻനിരയിലേക്കു കൊണ്ടുവരുന്നതിനുള്ള ശ്രമം പുരിഷന്മാരുടെ ഭാഗത്തു നിന്നും ഇല്ലെന്നുള്ളതാണ് സത്യം. പുരിഷന്റെ മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും മൂലംസ്ത്രീകൾ മാനസികമായും ശാരീരികമായും പീഡിപ്പിക്കപ്പെടുന്നു. സ്ത്രീ പീഡനവും നാമമാത്രമായ് നിലനിലമക്കുന്നു. ചാരായ നിരോധനത്തെ തുടർന്ന്, വ്യാപകമായ വ്യാജമദ്യം നിരവധി കുടുംബങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രതിദിനം 40,000 രൂപ കറുകുറ്റിപഞ്ചായത്തിൽനിന്നും ചാരായത്തിന്റെ ഉപയോഗത്തിനു വേണ്ടി ചിലവഴിച്ചിരുന്നതായി കാണാം. മദ്യനിരോധനത്തനു വേണ്ടി ഈ പഞ്ചായത്തിലെ സ്ത്രീകൾ രൂക്ഷമായ സമരങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ ഗ്രാമസഭാ ചർച്ചകളിലും വനിതകളുടെ ഏകകണ്ഠമായ അഭിപ്രയം മദ്യനിരോധനം പൂർണ്ണമായും ഏർപ്പെടുത്തേണം എന്നതാണ്. സ്ത്രീകൾക്കു നേരെ ശാരീരിക ആക്രമണം വർദ്ധിച്ചുവരുന്നുവെങ്കിലും ലൈംഗീക പീഡനം കുറവാണ്. സ്ത്രീധനം നിയമ വിരുദ്ധമാണെങ്കിലും നിയമം പാലിക്കപെടാത്തിതിനാൽ സ്ത്രീധനത്തിന്റെ തോത് കൂടിവരുന്നുവെന്നത് ഭീതിജനകമാണ്. സാധാരണ ക്കാരായ പെൺകുട്ടികളുടെ വിവാഹം, സ്ത്രീധന സമ്പ്രദായം മൂലം വളരെ വൈകിയാണ് നടക്കുന്നത്. ഈ രംഗത്ത് സാമൂഹ്യപരമായ ഒരു ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്തിലെ വിവിധ സാമൂഹ്യസംഘടന കളുടെ നേതൃത്വത്തിൽ സ്ത്രീകളിൽ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി സഹൃദയക്ഷേ സംഘങ്ങൾ, സ്വാധ്യായ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

കലാ, കായിക, സാംസ്ക്കാരിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾക്ക് മാത്രമായ് പ്രവർത്തിക്കുന്ന കലാസാംസ്ക്കാരിക സംഘടനകൾ ഒന്നും തന്നെയില്ല.

## പ്രശ്നങ്ങൾ

1. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.
2. തൊഴിലിൽ വേണ്ടത്ര പരിശീലന കുറവ്.
3. തൊഴിൽ യൂണിറ്റുകൾ വിജയിക്കുന്നില്ല.
4. പരമ്പരാഗത തൊഴിൽ ക്ഷയിച്ചുക്കൊണ്ടിരിക്കുന്നു.
5. രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ സ്ത്രീകൾ കടന്നു വരുന്നില്ല..
6. സ്ത്രീകളുടെ കൂലിനിരക്ക്.
7. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ.
8. മഹിളാ സമാജങ്ങളുടെ പ്രവർത്തനമില്ലായ്മ.
9. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ.
10. മദ്യപാനമൂലമുള്ള കുടുംബങ്ങളുടെ തകർച്ച
11. 3 ാം വാർഡിൽ കസ്തൂർബാ ബാലവാടിക്ക് പ്രാഥമിക സൗകര്യം.

## സാധ്യതകൾ

1. സ്ത്രീകളെ ഉദ്പ്പാദന മേഖലയുമായ് ബന്ധപ്പെടുത്തി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. വേണ്ടത്ര പരിശീലന ക്ലാസ്സുകൾ കൊടുക്കണം.

2. കൃഷിഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന വനിതാ കർഷകസമാജം വഴി കൂടുതൽ പദ്ധതികൾ നടപ്പിലാക്കി പ്രവർത്തനം സജീവമാക്കണം

3. പരമ്പരാഗത തൊഴിലുകളായ പനമ്പ് നെയ്ത്ത്,തലപ്പായ, ഓടമെടച്ചിൽ എന്നിവ വളർത്തുന്നതിനാവശ്യമായ അസംസ്കൃതസാധനങ്ങളും ആകർഷകമായ കൂലിയും ഉണ്ടാക്കണം. ഈ പഞ്ചായത്തിൽ ഓലമെടച്ചിലിനുള്ള സാധ്യതയുണ്ട്.

4. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പലഹാര യൂണിറ്റ് പപ്പടനിർമാണം അച്ചാർ, കറിപൗഡർ യൂണിറ്റുകൾ തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നതിനുള്ള സാധ്യതകൾ പഞ്ചായത്തിൽ നിലവിലുണ്ട്.

5. ഉദ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം

6. പഴ സംസ്കരണം, ചിപ്സ്, ബേക്കറിസാധനങ്ങൾ, പാലുല്പന്നങ്ങൾ, ആട്, കോടി പശുവളർത്തൽ തുടങ്ങിയവയിലും പരിശിലനം കൊടുത്ത് തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാം.

7.കരയാംപറമ്പിൽ വനിതകൾക്കായി സ്ഥാപിച്ച പഴ സംസ്കരണ യൂണിറ്റിന്റെ ഉദ്ഘാടനം നടന്നെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല ഇവിടെ 50 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്.

8. നിർധനരായ പെൺകുട്ടികൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കണം.

9. മദ്യനിരോധനം പൂർണമായും നടപ്പിലാക്കണം.

10. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ എല്ലാവാർഡിലും കാര്യക്ഷമമാക്കണം.പഞ്ചായത്തിലെ ഏക ആശ്രയമായ പാലിശ്ശേരി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനങ്ങൾ സജീവമാക്കണം മൂന്നാം വാർഡിൽ കസ്തൂർബാ ബാലവാടിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം. പുകയില്ലത്ത അടുപ്പുകൾ വന്നാൽ ശ്വാസകോശ സംബന്ധമായ സ്ത്രീകളുടെ രോഗങ്ങൾക്ക് പരിഹാരമാകും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം

11. സ്ത്രീകൾക്ക് കൂലി നിരക്ക് വർദ്ധിപ്പികണം

12. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ സ്ത്രീകൾ കടന്നുവരുന്നതിനുള്ള അവസരങ്ങൾ സമൂഹത്തിൽ നിന്നുണ്ടാകണം.

13. സ്ത്രീധന സമ്പ്രദായത്തിനെതിരെബോധവത്കരണ ക്ലാസുകൾ നടത്തണം

14. കലാകായിക സാംസ്കാരിക മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടാകുവാൻ വനിതാ സാംസ്കാരി സംഘടനകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം

15. ആരോഗ്യപരമായ കാരണങ്ങളാലും മറ്റും അവിവാഹിതരായിട്ടുള്ള സ്ത്രീകളുടെ സംരക്ഷണത്തിന് ഉചിതമായ സഹായദനം ലഭ്യമാക്കണം.

# വ്യവസായം

ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന പ്രശ്നങ്ങളിൽ മുഖ്യമായ ഒന്നാണ് തൊഴിൽ ഇല്ലായ്മ, കാർഷിക വ്യവസായ, സഹകരണസർവ്വീസ് മേഖലകളുടെ സംതുലിതമായ വളർച്ചകൊണ്ട് മാത്രമെ ഇതിന് ശാശ്വതമായ പരിഹാരം കാണുവാൻ കഴിയു. ഈ പഞ്ചായത്തിലെ 60% ത്തോളം ആളുകളും കൃഷിയും അതുമായി ബന്ധപ്പെട്ട മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ്. ഭാഗികമായുള്ള തൊഴിൽ അവസരങ്ങളെ കാർഷിക മേഖലകളിൽനിന്ന് ഉണ്ടാകുന്നുള്ളു. വർദ്ധിച്ച് വരുന്ന പ്രശ്നത്തിനുള്ള ഏക പോംവഴി വ്യവസായിക സഹകരണ മേഖലകളുടെ വളർച്ചയാണ്.

വ്യവസായിക വളർച്ചയിൽ മറ്റുപഞ്ചായത്തുകളെ അപേക്ഷിച്ച് കറുകുറ്റി പഞ്ചായത്ത് വളരെ പിന്നിലാണ്. വ്യവസായിക ചരിത്രത്തെപ്പറ്റി ചിന്തിക്കുമ്പോൾ പരമ്പരാഗത വ്യവസായങ്ങളിലാണ് കൂടുതൽ പേരും തൊഴിൽ കണ്ടെത്തിയിരിക്കുന്നത്. ഇതോടൊപ്പം തന്നെ കൈത്തറി പോലെയുള്ള കുടിൽ വ്യവസായ യൂണിറ്റുകളും പ്രവർത്തിച്ചിരുന്നു. ആദ്യകാലങ്ങളിൽ മരച്ചക്ക് ഉപയോഗിച്ച് എണ്ണക്കുരുകൾ ആട്ടി കൊടുക്കുന്ന യുണിറ്റുകൾ ഇവിടെ ഉണ്ടായിരുന്നു. കറുകുറ്റി പഞ്ചായത്ത് രൂപീകൃതമാകുന്നതിന് വളരെ മുൻപ്തന്നെ ഓയിൽ എഞ്ചിൻ ഉപയോഗിച്ചുള്ള നെല്ല് കുത്ത് മില്ലുകൾ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഉണ്ടായിരുന്നു. ഇതിനുപുറമെ ഏതാണ്ട് 50ൽ പരം ആളുകൾ ജോലി ചെയ്തിരുന്ന ബീഡി തെറുപ്പ് യൂണിറ്റുകളും ഇവിടെ ഉണ്ടായിരുന്നു. ആധുനിക രീതിയിലുള്ള ചെറുകിട വ്യവസായയൂണിറ്റുകൾ എഴുപതുകളിൽ നമ്മുടെ പഞ്ചായത്തിൽ നിലവിൽ വന്നു. ഇത് നമ്മുടെ പഞ്ചായത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് തുടക്കം കുറിച്ചെങ്കിലും ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

## പരമ്പരാഗത തൊഴിൽ

പഞ്ചായത്തിലെ ആദ്യകാല തൊഴിൽ മേഖലകളായിരുന്നു കൃഷിയും, പരമ്പരാഗത വ്യവസായ മേഖലയും സാധാരണ കുടുംബങ്ങളിൽ 10% പനമ്പ്, കുട്ട, മുറം, തഴപ്പായ നെയ്ത്തും, പപ്പട നിർമാണം മുതലായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ഇന്ന് ഈ മേഖലകൾ പലവിധ പ്രശ്നങ്ങളാലും ഏതാണ്ട് സ്തംഭനാവസ്ഥയിലാണ് ഈ പഞ്ചായത്തിലെ പരമ്പരാഗത വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ. നമ്പർ | വ്യവസായ യൂണിറ്റ് സ്വഭാവം | തൊഴിലാളികൾ | | ആകെ | യൂണിറ്റ് എണ്ണം |
|---|---|---|---|---|---|
| | | പു | സ്ത്രീ | | |
| 1 | പനമ്പ് നെയ്ത്ത് | 15 | 80 | 95 | |
| 2. | ചൂരൽ നെയ്ത്ത് | 10 | | 10 | |
| 3. | പായ | | 15 | 15 | |
| 4 | കുട്ട, മുറം | | 39 | 39 | |
| 5 | പപ്പട നിർമ്മാണം | 10 | 20 | 30 | |
| 6. | ബീഡി തെറുപ്പ് | 5 | 5 | 10 | |

ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ കൊടുത്തിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കുറഞ്ഞവിലയ്ക്കുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവ്
2. മറ്റുമേഖലകളെ അപേക്ഷിച്ച് കുറഞ്ഞകൂലി.
3. വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.
4. വിപണനസാധ്യതകളുടെ അപര്യാപ്തത.
5. മൂലധനത്തിന്റെ കുറവ്.

## സാധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളായ കൈത ഓല, മുള, ഈറ്റ, ചൂരൽ, തുടങ്ങിയവ ബാംബൂ കോർപറേഷൻ പോലുള്ള സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുക

2. ഉൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുക.

3. തൊഴിൽ പരിശീലനം കൊടുക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് തലത്തിൽ കൈകൊള്ളുക.

4. സഹകരണസംഘങ്ങൾ സ്ഥാപിച്ചുകൊണ്ട് കൂടുതൽ വിപണനമേഖലകൾ കണ്ടെത്തുക.

5. ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6. ജീവിത ഭദ്രത ഉറപ്പ് വരുത്തുവാൻ മുഴുവൻ തൊഴിലാളികളെയും ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക

# ചെറുകിട വ്യവസായം

പരിമിതമായ ചെറുകിട വ്യവസായ യൂണിറ്റുകളെ പഞ്ചായത്തിൽ ഉള്ളു. ഇവയുടെ നിലനിൽപ്പ് തന്നെ വളരെ ശോചനീയമാണ് വർദ്ധിച്ച് വരുന്ന ഉൽപാദനച്ചെലവും കിടമത്സരവും ഇവയ്ക്ക്ഭീഷണി ഉയർത്തുന്നു.

## പ്രശ്നങ്ങൾ

1. ചിലവ് കുറഞ്ഞ സാങ്കേതിക വിദ്യയുടെ ലഭ്യതകുറവ്

2. വിദഗ്ദ്ധരായ തൊഴിലാളികളുടെ ലഭ്യതകുറവ്

3. ലൈസൻസ് ലഭിക്കുന്നതിനുള്ള കാലതാമസം

4. പവർകട്ട് മൂലം ഉൽപാദനത്തിൽ ഗണ്യമായ കുറവ് വരുന്നു.

5. ധനത്തിന്റെ ലഭ്യതക്കുറവ്

6. പഴകിയ യന്ത്രസാമഗ്രികളുടെ ഉപയോഗം

7. വിപണന സാധ്യതകുറവ്

8. പി.എം.ആർ.വൈ, ഐ.ആർ.ഡി.പി തുടങ്ങിയ നടപ്പുപദ്ധതികൾ തുടങ്ങുന്നതിനുള്ള വായ്പകൾ ലഭ്യമാക്കുന്നതിന് ബാങ്കുകളുടെ സഹകരണം പൂർണമായി ലഭിക്കുന്നില്ല.

9. സാങ്കേതിക വിജ്ഞാനത്തിന് ലഭ്യതകുറവ്

10. വൈദ്യുതി കണക്ക്ഷൻ ലഭിക്കുവാനുള്ള കാലതാമസം

| ഇനം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികൾ | | ആകെ |
|---|---|---|---|---|
| | | പു | സ്ത്രീ | |
| ഫ്ലവർമിൽ | 30 | 30 | 2 | 32 |
| എക്സ്പെല്ലർ | 20 | 30 | 10 | 40 |
| ബേക്കറി | 5 | 23 | 2 | 25 |
| ഐസ്നിർമാണം | 1 | | | |
| ബൾബ് നിർമാണം | 2 | 5 | 20 | 25 |
| സിമന്റ്, ഇഷ്ടിക | 3 | 10 | 8 | 18 |
| സോമിൽ | 4 | | | |
| കവർഫയൽ നിർമാണം | 1 | 1 | 2 | 3 |
| വയർ നിർമാണം | 3 | 5 | 10 | 15 |
| ഹാച്ചറി | 1 | 2 | 1 | 3 |
| കറിപൗഡർ | 2 | 2 | 9 | 11 |
| റൈസ്മില്ല് | .34 | 42 | 10 | 52 |
| ടയർ റീട്രെഡിംഗ് | 3 | 6 | | 6 |
| പ്രിന്റിംഗ് പ്രസ്സ് | 6 | 12 | 18 | 30 |
| എജിനീയറിംഗ് വർക്ക് ഷോപ്പ് | 21 | 63 | | 63 |
| ബസ് ബോഡി നിർമാണം | 2 | 10 | | 10 |

## സാധ്യതകൾ

1. സ്വകാര്യ വൈദ്യുത ഉൽപാദനയൂണിറ്റുകൾ ആരംഭിക്കുവാൻ അനുവദിക്കുക.

2. ജനറേറ്റർ വാങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

3. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

4. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളായ റബ്ബർ, തേങ്ങ, ചകരി, ഓല, തടി ഉപയോഗിച്ചുള്ള വ്യവസായം യൂണിറ്റുകൾ ആരംഭിക്കുക.

5. കാലിത്തീറ്റ കോഴീത്തീറ്റ, മുതലായവ ഉൽപാദിപ്പിക്കുവാൻ ആവശ്യമായ തവിട്, പിണ്ണാക്ക്, പുളിങ്കുരു, ഉപയോഗപ്പെടുത്തി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

6. റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ് സ്ഥാപിക്കുക.

7. കുട നിർമ്മാണം, സോപ്പ് നിർമ്മാണം, മുതലായ യൂണിറ്റുകൾ സ്ഥാപിക്കുക.

## വൻകിട വ്യവസായം

കറുകുറ്റി പഞ്ചായത്തിൽ ആകെയുള്ള 3 വൽകിട വ്യവസായശാലകളിൽ മുൻപന്തിയിൽ നിൽക്കുന്നത് കറുകുറ്റി പ്രീമിയർ കേബിൾസ് കമ്പനിയാണ്. ഇത് 1950 സ്ഥാപിച്ചു. ഏതാണ്ട് 400 ഓളം തൊഴിലാളികൾ നേരിട്ടും 150 ഓളം പരോക്ഷമായും ഈ വ്യവസായ ശാലയിൽ ജോലി ചെയ്യുന്നു. എന്നാൻ 1990 ൽ ഈ വ്യവസായശാല ലോക്കൗട്ട് ചെയ്തു. ഇതുവരെയും ഈ കമ്പനി തുറന്ന് പ്രവർത്തിക്കുവാൻ വേണ്ട സാഹചര്യം കൈവന്നിട്ടില്ല. അതുപോലെ 1985ൽ കരയാംപറമ്പിൽ ആരംഭിച്ച സതേൺ പൈപ്പിസിൽ 75ഓളം തൊഴിലാളികൾ നേരിട്ടും 15 ഓളംപേർ പരോക്ഷമായും ജോലി ചെയ്തിരുന്നു. ഈ സ്ഥാപനം 1994 ലോക്കൗട്ട് ചെയ്തിരിക്കുന്നു. മറ്റൊരു വ്യവസായശാല കറുകുറ്റി കൊച്ചിൻ ക്ലേ പ്രോഡക്ട്സ് 1987ൽ ആണ് സ്ഥാപിതമായത് ഈ വ്യവസായശാലയിൽ 40ഓളം പേർ ജോലി ചെയ്യുന്നു. ഏതാണ്ട് 1500 ഓളം പേർക്ക് തൊഴിൽ ലഭിക്കുവാൻ സാധ്യതയുള്ള പേപ്പർ നിർമാണ യൂണിറ്റിന്റെ പണി അവസാനഘട്ടത്തിലെത്തിയിരിക്കുകയാണ് 1997 ൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### പ്രശ്നങ്ങൾ

1. പവർകട്ട് ഉൽപാദനം കുറയ്ക്കുന്നതിന് കാരണമാകുന്നു.

2. വ്യവസായ സ്ഥാപനങ്ങൾ പൂട്ടി കെടുക്കുന്നതിനാൽ ധാരാളം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതുമൂലം നിരവധി കുടുംബങ്ങളെ പട്ടിണിയിലേക്ക് എത്തിച്ചിരിക്കുന്നു.

### സാധ്യതകൾ

1. പൂട്ടിക്കിടക്കുന്ന പ്രീമിയർ കേബിൾസ് കമ്പനി സർക്കാർ ഏറ്റെടുത്ത് എത്രയും വേഗം തുറന്ന് പ്രവർത്തിക്കണം.

2. പ്രീമിയർ കേബിൾ ഫാക്ടറി കോമ്പൗണ്ടിൽ ചെറുകിട വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

3. സതേൺ പൈപ്പ്സ് ഉടനെ തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

4. പ്രാദേശിക അസംസ്കൃത സാധനങ്ങളായ പിണ്ണാക്ക്, തവിട്, പുളിങ്കുരു ഉപോയോഗിച്ചുള്ള കാലിതീറ്റ നിർമ്മാണ വ്യവസായ ശാല സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കണം.

# ഗതാഗതം

ഒരുനാടിന്റെ പുരോഗതിയിൽ പ്രധാനമായ സ്ഥാനം വഹിക്കുന്നവയിൽ ഒന്നാണ് ഗതാഗതമാർഗ്ഗങ്ങൾ. കറുകുറ്റി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഇന്നു കാണുന്ന വളർച്ചയ്ക്കു നിദാമായ റോഡുകളുടെ നിർമാണത്തിന് പ്രധാനമായും റോഡുഗതാഗതവും റെയിൽവേ യാത്രാസൗകര്യവുമാണ നമ്മുടെ പഞ്ചായത്തിലുള്ളത്. മുൻകാലങ്ങളിൽ പല്ലക്കിലും കാളവണ്ടിയിലും യാത്രചെയ്തിരുന്ന ഇവിടുത്തെ പിൻതലമുറക്കാർ ആവശ്യത്തിനു റോഡുകൾ നിർമിക്കുന്ന കാര്യത്തിൽ പിശുക്കു കാണിച്ചിരുന്നതായി നിലവിലുള്ള റോഡുകളുടെ വീതി പരിശോധിച്ചാൽ മനസിലാക്കാം.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽകൂടി ഒഴുകിയിരുന്ന തോടുകളിൽ പാലങ്ങളും കലുങ്കുകളും നിർമിച്ചതോടുകൂടി ഇന്ന് പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഒരു റോഡു ശൃംഖല ഉണ്ടായിട്ടുണ്ട്. കാളവണ്ടിയുഗം അവസാനിക്കാറായതോടുകൂടി സൈക്കിൾ സാധാരണക്കാരായ ജനങ്ങളുടെ ഒരു വാഹനമായി തീർന്നു. ഇന്ന് സ്വകാര്യവാഹനങ്ങളുടെ ഉപയോഗം ഈ പഞ്ചായത്തിൽ വളരെയധികം കൂടിയിട്ടുണ്ട്. പത്തുശതമാനം ജനങ്ങൾ സ്വകാര്യവാഹനങ്ങളെ ആശ്രയിക്കുമ്പോൾ ബഹുഭൂരിപക്ഷംജനങ്ങളും പൊതുയാത്രാസൗകര്യം ഉപയോഗപ്പെടുത്തുന്നു.

റോഡുവികസനത്തിനുവേണ്ടി പഞ്ചായത്തിന്റെ റോഡുകൾ അടുത്തകാലത്ത് വീതിവർദ്ധിപ്പിക്കുകയും ജനങ്ങളുടെ ശ്രമഫലമായി റോഡു പണിയിക്കുകയും ചെയ്തുവരുന്നു. എൻ.എച്ച്. 47 നാലു കിലോമീറ്റർ നീളത്തിൽ പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടി കടന്നുപോകുന്നു. ഇരുപത്തിമൂന്നര കിലോമീറ്റർ പിഡബ്ല്യുഡി റോഡുകളും 8മീറ്റർ വീതിയുള്ള 14 റോഡുകളും 6 മീറ്റർ നീളമുള്ള 17 റോഡുകളും ഇടവഴികളും നടപ്പാതകളും അടക്കം മൊത്തം 149 കി.മി ദൈർഘ്യമുള്ള ഒരു റോഡുശൃംഖല പഞ്ചായത്തിനുണ്ട്.

വർഷങ്ങൾക്കുമുമ്പ് പി.ഡബ്ല്യു.ഡി ഏറ്റെടുത്ത നിലവിലുള്ള റോഡുകൾക്ക് ഏഴുമീറ്റർ വീതിമാത്രമെയുള്ളു. വർധിച്ചവരുന്ന വാഹനങ്ങളുടെ എണ്ണവും റോഡിന്റെ വീതിക്കുറവും കാരണം ഗതാഗതക്കുരുക്ക് സ്ഥിരമായി അനുഭവപ്പെടുന്നു. ഏഴാറ്റുമുഖം തുമ്പൂർമുഴി അതിരപ്പിള്ളി മുതലായ വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കുള്ള ഏഴാറ്റുമുഖം കറുകുറ്റി എടക്കുന്ന് റോഡുവികസിപ്പിച്ചാൽ നിലവിലുള്ള സൗകര്യത്തേക്കാൾ പതിനാറ് കിലോമീറ്റർ ലാഭിക്കാവുന്നതാണ്. വെറ്റിലപാറയിൽ ഒരു പാലം നിർമിക്കുകയോ അല്ലെങ്കിൽ മലയോര പാതയോ വന്നാൽ പഞ്ചായത്തിന് അതു വികസനത്തിനു വഴിതെളിക്കുന്നതാണ്.

## റെയിൽവേ

വർഷങ്ങൾക്കു മുമ്പേ ആരംഭിച്ച കറുകുറ്റി റെയിൽവേ സ്റ്റേഷനിൽ ഇപ്പോൾ രണ്ടു പാസഞ്ചർ ട്രെയനികൾക്ക് മാത്രമാണ സ്റ്റോപ്പുള്ളത്. നിരവധി യാത്രക്കാരുള്ള ഈ പ്രദേശത്ത് കൂടുതൽ ട്രെയനികൾക്ക് സ്റ്റോപ്പനുവദിക്കേണ്ടത് അത്യാവശ്യമാണ്. എളവൂർ റോഡിലും മാമ്പ്രറോഡിലും ഓരോ ലെവൽ ക്രോസുകളുണ്ട്. ട്രെയിനുകളുടെയെണ്ണം വർദ്ധിച്ച തോടുകൂടി ലെവൽ ക്രോസ് കൂടുതൽ സമയം അടഞ്ഞുകിടക്കുന്ന ഒരു പ്രവണത കൂടിവരികയാണ്. വർഷങ്ങൾക്ക് മുമ്പ് മാമ്പ്രറോഡിൽ ലെവൽക്രോസ് സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി പഞ്ചായത്തുമായി റെയിൽവേ ഉണ്ടാക്കിയ കരാറിന്റെ തുക അടയ്ക്കുന്നത് ഇന്നു പഞ്ചായത്തിന്റെ ഒരു ബാധ്യതയായി മാറിയിരിക്കുകയാണ്. കാലാകാലങ്ങളിൽ ലവൽ ക്രോസിൽ വരുന്ന മെയിന്റനൻസ് തുകയും മറ്റുചിലവുകളും നമ്മുടെ പഞ്ചായത്തിന്റെ ഇന്നത്തെ വരുമാനം കൂടി കണക്കിലെടുത്താൽ നമുക്ക് താങ്ങാൻ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. ഇപ്പോൾ കുടിശിഖയായ 9ലക്ഷം രൂപയോളം പഞ്ചായത്ത് ഉടനെ അടയ്ക്കേണ്ടസ്ഥിതി വന്നിരിക്കുകയാണ്. എളവൂർ റോഡിലെ മെയിന്റനൻസ് തുക പിഡബ്ല്യൂഡിയിൽ അടച്ചുകൊണ്ടിരിക്കുന്നു.

## ജലഗതാഗതം

മംഗലത്താഴം തോടിൽ വർഷങ്ങൾക്കു മുമ്പ്

വള്ളങ്ങളിൽ ചരക്കുകയറ്റിപോകുന്ന സ്ഥിതി നിലവിലുണ്ടായിരുന്നു. തോടുകളുടെ ആഴവും വീതിയും കുറയുകയും ആ മേഖലയിൽ റോഡുഗതാഗതം സുഗമമാവുകയും ചെയ്തതോടെ ജലഗതാഗത സാദ്ധ്യത ഇല്ലാതായി.

<u>റോഡുഗതാഗതം</u>

റോഡുഗതാഗതം പ്രധാനമായും ബസുകളെ ആശ്രയിച്ചതാണ് നാഷണൽ ഹൈവേയിൽ കറുകുറ്റി കേബിൾ നഗറിൽ ഫാസ്റ്റ്പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് എന്നിവയ്ക്ക് ഫെയർ സ്റ്റേജ് അനുവദിക്കാത്തതുകാരണം യാത്രക്കാർ വലിയ ബുദ്ധിമുട്ടനുഭവപ്പെടുകയാണ്. മുന്നൂർപ്പിള്ളി, പാലിശ്ശേരി, ഏടക്കുന്ന്, പന്തയ്ക്കൽ, കേബിൾ നഗർ , മൂന്നാംപറമ്പ്, കറുകുറ്റി പള്ളിയങ്ങാടി, ആഴകം, എന്നീ പ്രദേശങ്ങളിൽകൂടിയാണ് പ്രധാനമായും ബസ് സൗകര്യമുള്ളത്. നിലവിൽ കെ.എസ്.ആർ.ടി.സിയുടെ 3 ബസുകൾ സർവീസ് നടത്തികൊണ്ടിരിക്കുന്ന ഈ റൂട്ടുകളിൽ ഇപ്പോൾ കെ.എസ്.ആർ.ടി.സി ബസ് നാമമാത്രമായിട്ടാണ് സർവീസ് നടത്തുന്നത്. മുഖ്യമായും പ്രൈവറ്റ് ബസുകളാണ് സർവീസ് നടത്തുന്നത്. യാത്രക്കാരുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ ഇപ്പോഴത്തെ സർവീസുകൾ തീരെ അപര്യാപ്തമാണ്. ബസുകഴിഞ്ഞാൽ ടാക്സികളെ ആശ്രയിക്കുന്ന ഒരു പ്രവണത കൂടിവരുന്നതായി കാണാം. കറുകുറ്റി കേബിൾ നഗറിലും റെയിൽവേസ്റ്റേഷൻ കവലയിലും എളവൂർ കവലയിലും ഓരോ ടാക്സി സ്റ്റാന്റുകൾ നിലവിലുണ്ട്. ആവശ്യത്തിന് ടാക്സി കാറുകളും ഓട്ടോറിക്ഷകളും ടെമ്പോകളും ഇവിടെ പാർക്കുചെയ്തുവരുന്നു. സ്വകാര്യ വാഹനങ്ങൾ പ്രധാനമായും കാറ്, ടൂവീലറും ഉപയോഗിച്ചുവരുന്നു. നിലവിലുള്ള സ്ഥിതി പരിശോധിച്ചാൽ യാത്രക്കാർ കൂടിവരികയും യാത്രാസൗകര്യം കുറഞ്ഞുവരുന്നതായും കാണാം.

| വാർഡ് I | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരംk.m | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1. | അസീസി നഗർ പടിഞ്ഞാറെ ബൗണ്ടറി മേച്ചേരികുന്ന് റോഡ് | 1.750 | | X | | | X |
| 2. | ഉദയനഗർ കനാൽ ഒ.എൽ.എച്ച് ലിങ്ക് റോഡ് | 1.250 | | X | | | X |
| 3. | കമ്പനി ഒ.എൽ.എച്ച് കുഞ്ചൻ മാസ്റ്റർ റോഡ് | 1.750 | | X | | | X |
| 4. | മരോട്ടിചോട്- കനാൽ റോഡ് | .750 | | X | | | X |
| 5. | ആമത്താഴ് - പറമ്പികോളനി റോഡ് | 1.250 | | X | | | X |
| 6. | നാരങ്ങാക്കുന്ന് അതിർത്തിറോഡ് | 3.100 | | X | | | X |
| 7. | പമ്പുഹൗസ് റോഡ് | 1.000 | | X | | | X |
| 8. | മൊണസ്ട്രീ പീച്ചാനിക്കാട് റോഡ് | 1.200 | | X | | | X |
| 9. | നെല്ലാച്ചിറ പാവട്ടാട് കുന്ന് റോഡ് | 1.000 | | X | | | X |
| 10. | അരീക്കൽ മോണാസ്ട്രീ റോഡ് | 1.000 | | X | | | X |
| 11. | മരോട്ടിച്ചോട് കനാൽ തണ്ടാപ്പിള്ളി റോഡ് | 1.300 | | X | | | X |
| 12. | പമ്പുഹൗസ് കനാൽ അസീസിനഗർ റോഡ് | 1.300 | | X | | | X |
| 13. | എൻ.എച്ച്. അസീസിറോഡ് | 1.500 | X | | X | | |
| 14. | പാവട്ടാട്ടുകുന്ന് വൈ.എം.സി പീച്ചാനിക്കാട് ലിങ്ക് റോഡ് | 2.500 | | X | X | | |
| 15. | കുരിശുപൊക്കം കല്ലൂക്കാരൻ റോഡ് | | | | | | |
| 16. | മേച്ചേരികുന്ന് ഹരിജൻ സെറ്റിൽമെന്റ് റോഡ് | 1.000 | | X | | | X |
| 17, | മോണാസ്ട്രി ഹരിജൻ സെറ്റിൽമെന്റ് ബാലവാടി റോഡ് | 1.800 | | X | | | X |

| വാർഡ്I | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരംk.m | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 18. | കൊവേന്താ ബാലവാടി പീച്ചാനിക്കാട് ലിങ്ക് റോഡ് | 2.000 | | X | | | X |
| 19. | നാലുസെന്റ് പീച്ചാനിക്കാട് റോഡ് | 1.500 | | X | | | X |
| 20. | വാട്ടർടാങ്ക് കുടീരിക്കൽ റോഡ് | 1.200 | | X | | | X |
| 21. | നാല് സെന്റ് കോളനിറോഡ് | .600 | | X | | | X |
| 22. | ആശാൻകോളനി റോഡ് | 1.000 | | X | | | X |
| 23. | റെയിൽവേഗേറ്റ് മോണാസ്ട്രീ റോഡ് | 2.500 | X | | X | | |
| 24. | കറുകുറ്റി റെയിൽവേ സ്റ്റേഷൻ റോഡ് | .500 | | X | X | | |
| 25. | നാലുസെന്റ് റെയിൽവേ റോഡ് | .200 | | X | | | X |
| 26. | സോമിൽ മാവേലി റോഡ് | .800 | | X | | | X |
| 27. | കറുകുറ്റി അസീസി റോഡ് | 1.750 | | X | | | X |

| വാർഡ്II | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | കരയാംപറമ്പ് മങ്ങാട്ടുകര റോഡ് | 1.300 | | X | | | 300 |
| 2 | എളവൂർ കവലമൂക്കന്നൂർ ലിങ്ക് റോഡ് | 1.500 | | X | | | 500 |
| 3 | എൻ.എച്ച് എളവൂർകവ ലിങ്ക് റോഡ് | | .750 | X | | | 750 മി |
| 4 | എൻ.എച്ച് കനാൽ റോഡ് | .750 | .750 | X | | | 750 മി |
| 5 | പാമ്പിൻകാടു് എൻ.എച്ച് റോഡ് | .750 | | X | | | |
| 6 | ഉണ്ണിമഠം റോഡ് | 500 | | X | | | 500 മി |
| 7 | ചെമ്പൺതാഴം റോഡ് | 500 | | X | | | 500മി |
| 8 | ചെമ്പൻതാഴം പള്ളികവല ലിങ്ക് റോഡ് | 300 | | X | | | 300 മി |
| 9 | എളവൂർകവല പഴയ മംഗലത്താഴം റോഡ് | 1.500 | X | | 750മി | 300മി | 450മി |
| 10 | കുളത്തികാവ് മൂക്കന്നൂർ റോഡ് | 800 | | X | | | 800മി |
| 11 | മണിയൻകുഴി റോഡ് | 600മീ | | X | | | 600മി |

| വാർഡ്III | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | ഞാലൂക്കര പാറപ്പുറം റോഡ് | 2.000 | X | | 500മി | 250മി | 1.250 കിമി |
| 2 | മണിയൻകുഴി കനകംറോഡ് | 1.500 | | X | | | X |
| 3 | ആശാരിത്താഴം റോഡ് | 1.000 | | X | | | X |
| 4 | വായനശാല ആശാരിതാഴം പള്ളിറോഡ് | .500 | | X | | | X |
| 5 | വായനശാല തേപ്പാടം റോഡ് | 1.250 | | X | | | X |
| 6 | ലക്ഷംവീട് കോളനിറോഡ് | .750 | | X | | | X |
| 7 | നായരങ്ങാടി കെ.പി.ജി റോഡ് | 1.250 | | X | | | X |
| 8 | മിഞ്ചുഞ്ഞപ്പാടം നായരങ്ങാടി റോഡ് | .750 | | X | | | X |
| 9 | കെ.പി.ജി.കവല കുണ്ടൂർപാടംഓഞ്ഞാടംറോഡ് | 1.000 | | X | | | X |
| 10 | കെ.പി.ജി.കവല നെല്ലികായൂർ റോഡ് | .750 | | X | | | X |
| 11 | പാറപ്പുറം കോട്ടയ്ക്കകം റോഡ് | 1.000 | | X | | | X |

| വാർഡ്IV | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | സബ്സ്റ്റേഷൻറോഡ് | 1.000 | X | | | | X |
| 2 | വടക്കേക്കര പൊങ്ങം ബൗണ്ടറി റോഡ് | 2.000 | | X | | | X |
| 3 | വടക്കേക്കര സബ്സ്റ്റേഷൻ ഓട്ടുകമ്പനിറോഡ് | 1.500 | X | | | 1500 | X |
| 4 | ചാത്തൻകുളം റോഡ് | .750 | | X | | | X |
| 5 | പൂഞ്ചിററോഡ് | 1.000 | X | | | | X |
| 6 | എസ്ഡി കോൺവെന്റ് റോഡ് | .750 | | X | | | X |
| 7 | പള്ളിയങ്ങാടി അരീക്കൽ റോഡ് | 1.000 | X | | 1.000 | | |
| 8 | കമ്പനിപ്പടി നീറുങ്ങൽ | 2.000 | X | X | 2.000 | | |
| 9 | കേബിൾ കോൺവെന്റ് റോഡ് | 1.500 | X | | | | X |
| 10 | സെമിത്തേരി മൂന്നാം പറമ്പ് റോഡ് | .750 | | X | | | X |
| 11 | ബസ്ലേഹം നീലോലിപാറ റോഡ് | 1.200 | | X | 250മി | 400മി | 550മി |

| വാർഡ്V | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | പള്ളിയങ്ങാടി സെമിത്തേരി റോഡ് | .750 | | X | | | X |
| 2 | ശ്രീകൃഷ്ണ നീരോലിപ്പാറ റോഡ് | .500 | | X | | | X |
| 3 | മണിയൻകുഴി റോഡ് | .750 | | X | | | X |
| 4 | ലേഡീസ് ക്ലബ് പാറപ്പുറം റോഡ് | 1.000 | | X | | | X |
| 5 | ലേഡീസ് ക്ലബ് പാറക്കണ്ടം റോഡ് | .500 | | X | | | X |
| 6 | കറുകുറ്റി പള്ളിയങ്ങാടി നീറുങ്ങൽ റോഡ് | 1.000 | | X | | 200മീ. | X |
| 7 | ചുരുളിച്ചിറ ലക്ഷംവീട് കോളനി | .500 | | X | | | X |
| 8 | തെക്കേകപ്പേള കനകം റോഡ് | 1.000 | | X | | | X |
| 9 | കല്ലൻതേമാലി റോഡ് | .500 | | X | | | X |
| 10 | നീരോലിപാറ തോട്ടകം റോഡ് | 1.000 | | X | | | X |
| 11 | തോട്ടകം കുളിക്കുളം റോഡ് | .750 | | X | | | X |
| 12 | ചാത്തൻപിള്ളിപാടം പാറപ്പുറം റോഡ് | .500 | | X | | | X |
| 13 | മാറങ്ങാടം നീറുങ്ങൽ റോഡ് | 1.500 | | X | | | X |
| 14 | പാറപ്പുറം ചാത്തൻപിള്ളിറോഡ് | .750 | | X | | | X |
| 15 | പള്ളിയങ്ങാടി നീറുങ്ങൽ റോഡ് | 800മി | | X | | | X |

| വാർഡ്VI | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | മൂന്നാംപറമ്പ് പന്തയ്ക്കൽ റോഡ് | 1.750 | X | | 1.250 | | 250മി |
| 2 | വാഴച്ചാൽ തോട്ടകം റോഡ് | .500 | | X | | | 500മി |
| 3 | പന്തയ്ക്കൽ ലെപ്രസി റോഡ് | 1.850 | X | | 1 കിമി | | 750 മി |
| 4 | ബസ്ലേഹം പടി. ബൗണ്ടറി റോഡ്(മുടപ്പുഴ) | 1.800 | | X | | | X |
| 5 | ഉദയപുരംപന്തയ്ക്കൽ പാടം റോഡ് | .500 | | X | | | X |
| 6 | തോട്ടകം ആശാരികോളനി റോഡ് | .300 | | X | | | X |
| 7 | വാഴച്ചാൽ ഉദയപുരം കനാൽ ബൗണ്ടറിറോഡ് | 1.000 | | X | | | X |
| 8 | ചീനികരിപ്പാല ബൗണ്ടറി റോഡ് | .700 | | X | | | X |
| 9 | മരങ്ങാടം റോഡ് | .300 | 8മീ. | | | | 1.800 |
| 10 | മരങ്ങാടം പടി. കുരിശുകവല സൊസൈറ്റി റോഡ് | .500 | | X | | | X |
| 11 | കണ്ണംകുളം ബസ്ലേഹം റോഡ് | .500 | | X | | | X |

| വാർഡ്VII | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | നസ്രത്ത്മഠം ചീനി റോഡ് | 1.900 | | X | | | X |
| 2 | എടക്കുന്ന് യാക്കോബായ പള്ളി റോഡ് | 2.000 | | X | 500മി | | 1500 കിമി |
| 3 | കാലുനീട്ടി കളിയാറ റോഡ് | 1.000 | | X | | | X |
| 4 | എടക്കുന്ന് ചീനിറോഡ് | 1.000 | | X | | | X |
| 5 | കരിപ്പാല റോഡ് | .750 | | X | | | X |
| 6 | നസ്രത്തുമഠം കോളനി മുതുക്കാട്ട് റോഡ് | 1.500 | | X | | | X |
| 7 | സ്റ്റെല്ലാമേരീസ് കുഴിക്കാട്പാടം റോഡ് | .750 | | X | | | X |
| 8 | പുതുക്കാട്ചിറ സ്റ്റെല്ലാമേരീസ് ഹോസ്പിറ്റൽ റോഡ് | 1.000 | | X | | | X |
| 9 | കാളിയാറ പുലിക്കല്ല് റോഡ് | .250 | | X | | | X |
| 10 | എടക്കുന്ന് നെല്ലിക്കണറോഡ് | .750 | | X | | | X |
| 11 | പടിഞ്ഞാറെ കോളനി കുണ്ടേപ്പാടം റോഡ് | .500 | | X | | | X |
| 12 | ലക്ഷംവീട് കോളനിറോഡ് | .500 | | X | | | X |
| 13 | എടക്കുന്ന് മൃഗാശുപത്രി കണ്ടേപ്പാടം റോഡ് | 1.000 | | X | | | X |
| 14 | കരിപ്പാറ എടക്കുന്ന് റോഡ് | 1 കി.മി | | X | | | X |
| 15 | കാളിയാറപാടം റോഡ് | .500 | | X | | | X |

| വാർഡ്VIII | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | മൂന്നാംപറനപ് മരങ്ങാടം റോഡ് | .500 | X | | | | X |
| 2 | മീരങ്ങാടം കോരമനറോഡ് | .800 | | X | | | X |
| 3 | പണ്ടറ കോളനിറോഡ് | 1.500 | | X | | 400മി | 1.100മി |
| 4 | കുറുപ്പിൻകാട് മൂന്നാംപറമ്പ് റോഡ് | 1.500 | | X | | | X |
| 5 | മൂന്നാംപറമ്പ് കോൺവെന്റ് അട്ടാറ റോഡ് | 1.500 | | X | | | X |
| 6 | പാണ്ടറ പഴഞ്ചിറ അട്ടാറ റോഡ് | .800 | | X | | | X |
| 7 | എടക്കുന്ന് മൂന്നാംപറമ്പ് മണല്ലൂർകാട് ഹരിജൻ കോളനിറോഡ് | 2.500 | X | | X | | |
| 8 | മരങ്ങാടം കുഴിക്കാട്ട് പാടം റോഡ് | 0.500 | | X | | | X |

| വാർ ഡ്IX | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | എടക്കുന്ന് ചുള്ളി റോഡ് | 1.000 | | X | | | X |
| 2 | എടക്കുന്ന് പാലാട്ടിതെറ്റ കമ്പി വളപ്പറോഡ് | 1.500 | | X | | | X |
| 3 | കൊല്ലംങ്കേരി എത്തലി റോഡ് | .500 | | X | | | X |
| 4 | അട്ടാറ സ്രാമ്പിറോഡ് | 1.500 | | X | | | X |
| 5 | എടക്കുന്ന് വെള്ളയ്ക്കപാടം റോഡ് | .500 | | X | | | X |
| 6 | ആസ്പത്രിപടി കോരമനറോഡ് | 1.000 | | X | | | X |
| 7 | മണ്ടൻകുളങ്ങര മാന്നലം റോഡ് | .500 | | X | | | X |
| 8 | കൊല്ലംങ്കേരി എസ്റ്റേറ്റുറോഡ് | 1.500 | X | | 1.500 | | |
| 9 | അട്ടാറ അറുത്തി റോഡ് | .750 | | | | | X |
| 10 | എടക്കുന്ന് മൂന്നാം പറമ്പ് റോഡ് | 2.000 | X | | X | | |
| 11 | കൈപ്പാലം അട്ടാറ റോഡ് | 400മി | | X | | 400മി | |
| 12 | കനാൽ റോഡ് | 750 | | X | | | X |

| വാർ ഡ് X | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | പാലിശ്ശേരി കാരമറ്റം റോഡ് | 2. 000 | X | | X | | |
| 2 | കാരമറ്റം താബോർ റോഡ് | 1.000 | X | | | | X |
| 3 | പാലിശ്ശേരി കൂനത്താൻകുന്ന് റോഡ് | 1.000 | X | | | | X |
| 4 | പാലക്കുണ്ട് റോഡ് | 1.000 | | X | X | | X |
| 5 | കരിപ്പാല നാല്കെട്ട് | 1.000 | X | | 500മി | | 500മി |
| 6 | ശാസ്താംപാറ റോഡ് | 1.000 | X | | | | 1000 |
| 7 | കരിപ്പാല കോളനി റോഡ് | 1.000 | X | | | | X |
| 8 | ചാപ്പാളകുണ്ട് റോഡ് | .750 | | X | | | X |

| വാർഡ് X | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | | |
|---|---|---|---|---|---|---|---|
| | | ദൂരം | 8മി | 6മി | ടാർ | മെറ്റൽ | മണ്ണ് |
| 1 | അമ്പലത്തുരുത്ത് മുന്നൂർപിള്ളി റോഡ് | 1.800 | X | | 600 | | 1200 കിമി |
| 2 | ഏഴാറ്റുമുഖം കട്ടിംഗ് റോഡ് | 1.00 | X | | | | X |
| 3 | മുന്നൂർപിള്ളി പടിഞ്ഞാറെ അങ്ങാടി റോഡ് | 500മി | | X | | | X |
| 4 | പാലിശ്ശേരി ആശുപത്രി മുണ്ടോർകാട് കോളനി കാരമറ്റം റോഡ് | 500മി | X | | | | X |
| 5 | പാലിശ്ശേരി ഇളംചേരി മേലൂർ ഇറിഗേഷൻ ബണ്ട് റോഡ് | 1.500 | | X | | | X |
| 6 | ആറടിപാത പള്ളം റോഡ് | 1.800 | | X | | | X |
| 7 | ഏഴാറ്റുമുഖം മുന്നൂർപ്പിള്ളി കോളനി റോഡ് | 1.500 | | X | | | X |

## പിഡബ്ല്യൂഡി റോഡ് റോഡുകളെ സംബന്ധിച്ചുള്ള വിവരം

| | റോഡിന്റെ പേര് | ദൂരം |
|---|---|---|
| 1 | മുന്നൂർപ്പള്ളി കട്ടിംഗ് മൂക്കന്നൂർ | 2. കി.മി |
| 2 | എളവൂർകവല പുളിയനം | 1.5 കിമി |
| 3 | കറുകുറ്റി ആഴകം | 2.5 കിമി |
| 4 | പാറപ്പുറം മൂന്നാംപറമ്പ് | 2.5 കിമി |
| 5 | കറുകുറ്റി പാലിശ്ശേരി | 8 കിമി |
| 6 | പന്തയ്ക്കൽ പാലിശ്ശേരി | 3.5 കിമി |
| 7 | മുന്നൂർപിള്ളി പ്ലാച്ചിപ്പാറ റോഡ് | 4 കിമി |
| 8 | അടിച്ചിലി ഏഴാറ്റുമുഖം | 3 കിമി |
| 9 | കരയാംപറമ്പ് ഞാലൂക്കര | 2 കിമി |

## പ്രശ്നങ്ങൾ

1. നിലവിലുള്ള പി.ഡബ്ല്യൂ.ഡി. റോഡുകൾ ആവശ്യത്തിന് വീതിയില്ലാത്തതും ഓടകൾ നിർമിക്കാത്തതുമൂലം ഗതാഗതത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

2. റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടക്കുന്നില്ല.

3. എൻ.എച്ചിൽ ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് ഫെയർ സ്റ്റേജില്ല. ബസ്സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമിച്ചിട്ടില്ല.

4. ഏഴാറ്റുമുഖം മുന്നൂർപ്പിള്ളിക്ക് പന്തയ്ക്കൽ വഴിയും മൂന്നാംപറമ്പ് വഴിയും ആവശ്യത്തിനുള്ള

ബസ്സൗകര്യം ഇല്ല.

5. പഞ്ചായത്തിന്റെ പ്രധാന ബസ്സ്റ്റോപ്പുകളിൽ വെയിറ്റിങ്ങ് ഷെഡ് നിർമ്മിച്ചിട്ടില്ല.

6. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ചാലക്കുടിയിലേക്ക് ബസ്സൗകര്യമില്ല.

7. കേബിൾ നഗർ പരിപ്പിൻതോട് റോഡിൽകൂടി ബസ്സൗകര്യം ഇല്ല.

8. വിദ്യാർത്ഥികൾ ക്രോസ്ചെയ്യുന്നതിന് റെയിൽവേ സ്റ്റേഷൻ കവലയിൽ ട്രാഫിക് പോലീസ് ഇല്ലാത്തതുമൂലം ധാരാളം അപകടങ്ങൾ ഉണ്ടാവുന്നു.

9. ഓട്ടോ ടാക്സി പാർക്ക് ചെയ്യുന്നതിന് സൗകര്യങ്ങളില്ല.

<u>സാധ്യതകൾ</u>

1. നിലവിലുള്ള പി.ഡബ്ല്യൂ.ഡി റോഡുകൾ വീതികൂട്ടുന്നുതിനുള്ള നടപടി ജനപങ്കാളിത്തതോടെ നടപ്പാക്കുകയും ഓട നിർമിക്കുന്നതിനുള്ള തുക അനുവദിക്കുകയും ചെയ്യുക. റോഡു പുറംപോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.

2. റോഡുവികസനത്തിന് മുൻഗണനനൽകി തുകഅനുവദിക്കുക.

3. എൻ.എച്ചിൽ ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് ഫെയർസ്റ്റേജ് അനുവദിപ്പിക്കുകയും ജനപങ്കാളിത്തതോടെ വെയിറ്റിംഗ് ഷെഡ് നിർമിക്കുന്നതിന് വകുപ്പ് അധികൃതരുടെ അനുവാദം സമ്പാദിക്കുക.

4. പാലിശ്ശേരി മുന്നൂർപ്പിള്ളിക്ക് നിലവിൽ ഓടികൊണ്ടിരിക്കുന്ന കെ.എസ്. ആർ.ടി.സി ബസുകൾ അനുവദിക്കുകയും പ്രൈവറ്റ് ബസുകൾ പെർമിറ്റ് അനുവദിക്കുകയും ചെയ്യുക.

5. റെയിൽവേസ്റ്റേഷൻ കവലയിൽ വിദ്യാർത്ഥികൾക്ക് ക്രോസ് ചെയ്യുമ്പോൾ അപകടം സംഭവിക്കാതിരിക്കാൻ രാവിലെയും വൈകീട്ടും ട്രാഫിക് പോലീസിനെ നിയമിക്കുക.

6. ഓട്ടോ ടാക്സികൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം ക്രമീകരിക്കുക.

7. പഞ്ചായത്ത് റെയിൽവേയ്ക്ക് അടയ്ക്കാനുള്ള 9 ലക്ഷം രൂപ എഴുതിതള്ളുകയും കറുകുറ്റി മാമ്പ്ര റോഡ് പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കുകയും ചെയ്യുക.

8. കറുകുറ്റി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പനുവദിക്കുക.

9. റെയിൽവേ സ്റ്റേഷന്റെ ഇരുവശത്തും പ്ലാറ്റ് ഫോം നിർമ്മിക്കുക.

10. റെയിൽവേയുടെ തരിശുകിടക്കുന്ന സ്ഥലത്ത് റെയിവേ സ്ഥാപനങ്ങൾ നിർമ്മിക്കുക.

11. ലെവൽ ക്രോസുകൾക്ക് പകരം ഓവർ ബ്രഡ്ജ് നിർമ്മിക്കുക.

12. നിലവിലുള്ള പാലിശ്ശേരി ബസു സർവ്വീസുകൾ ഏഴാറ്റുമുഖം വരെ നീട്ടുക.

13. 8 മീറ്റർ വീതിയുള്ള മുഴുവൻ റോഡുകളും പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കുക.

14. വെറ്റിലപ്പാറയിൽ റോഡുനിർമ്മിക്കുകയും മലയോരപാതയുടെ പണി ആരംഭിക്കുകയും ചെയ്യുക.

# ഊർജ്ജം

കറുകുറ്റി പഞ്ചായത്ത് ആദ്യമായി ഇലക്ട്രിസിറ്റി കണക്ഷൻ ലഭിച്ചത് 1955 കാലഘട്ടത്തിലാണ്. നാമമാത്രമായ ആളുകൾക്കാണ് ആ കാലഘട്ടത്തിൽ വൈദ്യുതി ലഭിച്ചിരുന്നത്. വൈദ്യുതി വരുന്നതിനു മുമ്പ് വിളക്കു കത്തിക്കുന്നതിന് ഒരുതരം ഓയിലും മണ്ണെണ്ണയും ഉപയോഗിച്ചിരുന്നതായി കാണാം. ഈ കാലഘട്ടത്തിൽ തന്നെ വെള്ളം പമ്പുചെയ്യുന്നതിനും റൈസ് മില്ലുകൾ നടത്തുന്നതിനും ഡീസൽ എൻജിനുകൾ ഉപയോഗിച്ചിരുന്നു. വൈദ്യുതിയുടെ അഭാവം കറുകുറ്റി പഞ്ചായത്തിന്റെ വ്യവസായ വളർച്ചയെ ബാധിച്ചിരുന്നു. പഴയകാലങ്ങളിൽ ഗ്രാമവാസികൾ ഭക്ഷണം പാകംചെയ്യുന്നതിന് വിറക്, തെങ്ങിൻ പട്ട, ഓല, പൊതുമ്പ് എന്നിവയാണ് ഉപയോഗിച്ചിരുന്നത്. വളരെ ചുരുക്കം പേർ മണ്ണെണ്ണ സ്റ്റൗ ഉപയോഗിച്ചിരുന്നതായി കാണാം.

കറുകുറ്റി പഞ്ചായത്തിന്റെ ഏറ്റവും വടക്കേ അറ്റത്ത് നാഷണൽ ഹൈവേയോടുചേർന്ന് സ്ഥിതിചെയ്യുന്ന 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്ത് വൈദ്യുതി വിതരണം നടത്തുന്നതിനും രണ്ട് 6.3 എം.വി.എ ട്രാൻസ്ഫോർമറുകളാണ് ഉപയോഗിക്കുന്നത്. നാലു 11 കെ.വി ലൈനുകളും (2839 കെ.വി.എ) 26 ട്രാൻസ്ഫോർമറുകളും നിലവിലുണ്ട്. കറുകുറ്റി ഗ്രാമപഞ്ചായത്തിലെ 90 % പ്രദേശങ്ങളിലും വൈദ്യുതി വിതരണം നടത്തുന്നുണ്ട്.

പഞ്ചായത്തിൽ മൊത്തമുള്ള വൈദ്യുതി കണക്ഷന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഗാർഹികം | 4747 എണ്ണം |
| വ്യവസായം | 98 എണ്ണം |
| കാർഷികം | 920 എണ്ണം |
| വ്യാപാരസ്ഥാപനങ്ങൾ | 330 എണ്ണം |

കറുകുറ്റി പഞ്ചായത്തിലെ പതിനൊന്നു വാഡുകളിൽപെട്ട വിവിധ പ്രദേശങ്ങളിൽ വഴിവിളക്കുകൾ കത്തിക്കുന്നതിനും പഞ്ചായത്തു ഫണ്ടിൽനിന്നും പ്രതിവർഷം 79064 രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ വഴി വിളക്കുകൾ സ്ഥാപിക്കുന്നതിന് 2 ലക്ഷം രൂപയോളം ചിലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള വഴിവിളക്കുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സോഡിയം വേപ്പർ | 4+2 |
| ട്യൂബ് | 46 |
| ബൾബ് | 288 |

കറുകുറ്റി പഞ്ചായത്തിൽ 400 വീടുകളിൽ എൽപിജി കണക്ഷൻ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 13 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട് പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ 20% വീടുകളിൽ മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നുണ്ട്. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്ന കുടുംബങ്ങൾ വളരെ വിരളമാണ്. വൈദ്യുതി ലഭിക്കാത്ത കുടുംബങ്ങളിൽ മണ്ണെണ്ണ ഉപയോഗിച്ചുള്ള വിളക്കുകളും വളരെ ചുരുങ്ങിയ തോതിൽ ഗ്യാസ് ലൈറ്റുകളും ഉപയോഗിക്കുന്നുണ്ട്.

കറുകുറ്റി പഞ്ചായത്തിൽ 11 റേഷൻ കടകളിൽ നിന്ന് 25, 277 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നു. മണ്ണെണ്ണ ഡീസൽ ഇവ ഇന്ധനമായിട്ടുപയോഗിക്കുന്ന പമ്പുസെറ്റുകളും ജനറേറ്ററുകളും നാമമാത്രമായിട്ടുണ്ട്. വാഹനങ്ങൾക്ക് ഇന്ധനം കൊടുക്കുന്ന ഒരു പെട്രോൾ പമ്പ് ഈ പഞ്ചായത്തിലുണ്ട്. സൗരോർജം പ്രയോജനപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആരും ആരംഭിച്ചിട്ടില്ല.

## പ്രശ്നങ്ങൾ

1. ലോടെൻഷൻ ലൈനുകൾ കൂടുതലും പറമ്പുകളിലൂടെ ആയതുകൊണ്ട് പ്രസരണനഷ്ടവും യഥാസമയം അറ്റകുറ്റപ്പണികളും നടത്തുവാൻ ബുദ്ധിമുട്ടും അനുഭവപ്പെടുന്നു. ഈ കാരണം കൊണ്ടുതന്നെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

2. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ ഓവർലോഡായിരുന്നാൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

3. പുതിയ കണക്ഷൻ ലഭിക്കുവാൻ കാലതാമസം നേരിടുന്നു.

4. പഞ്ചായത്ത് കൃത്യമായി തെരുവുവിളക്കിനുള്ള തുക അടയ്ക്കുന്നുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല.

5. പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടും അവസ്ഥാപിക്കുന്നതിന് വളരെ കാലതാമസം അനുഭവപ്പെടുന്നു.

6. എടക്കുന്നിൽ നിലനിന്നിരുന്ന കെ.എസ്.ഇ.ബിയുടെ കണക്ഷൻ സെന്റർ നിർത്തലാക്കിയതുമൂലം ഉപഭോക്താക്കൾക്ക് പണംഅടയ്ക്കുവാൻ ക്ലേശം നേരിടുന്നു.

7. പാചകവാതക കളക്ഷൻ ലഭിക്കുവാനുള്ള കാലതാമസം

8. മണ്ണെണ്ണയുടെ ലഭ്യതക്കുറവ്

9. വ്യാപകമായി മരങ്ങൾ വെട്ടിപോകുന്നതിനാൽ വിറകിന് ക്ഷാമം നേരിടുന്നു.

10. സൗരോർജം പ്രയോജനപ്പെടുതുന്നതിനുള്ള പദ്ധതികളുടെ കുറവ്.

11. വീതി കൂടിയ റോഡുകളിൽ നിൽക്കുന്ന വൈദ്യുതി, ടെലിഫോൺ കാലുകൾ മാറ്റി സ്ഥാപിക്കാത്തത് മൂലം ഗതാഗതടസ്സം നേരിടുന്നു.

## സാധ്യതകൾ

1. കറുകുറ്റി സബ്സ്റ്റേഷനിൽ ഉയർന്ന കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

2. ഓവർലോഡ് ഉള്ള ട്രാൻസ്ഫോർമറുകൾ മാറ്റി കപ്പാസിറ്റികൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

3. പറമ്പുകളിൽകൂടി പോകുന്ന എൽടി ലൈനുകൾ റോഡിലേക്കു മാറ്റി സ്ഥാപിക്കണം'

4. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

5. പാലിശ്ശേരിയിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ ഇറിഗേഷൻ കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുക.

6. വഴിവിളക്കുകൾ സ്ഥാപിക്കുവാനും ബൾബുകൾ മാറ്റുവാനും പഞ്ചായത്തിനെ ചുമതലപ്പെടുത്തുക

7. പഞ്ചായത്ത് വീതി കൂട്ടുന്ന റോഡുകളിലെ ഇലക്ട്രിക് ലൈനുകൾ ടെലിഫോൺലൈൻ എന്നിവ സൗകര്യപ്രദമായി മാറ്റി സ്ഥാപിക്കുക.

8. സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നത് ഉറപ്പുവരുത്താൻ ജനകീയാസൂത്രണം കമ്മിറ്റികൾക്ക് രൂപം നൽകുക.

9. എടക്കുന്നിൽ സബ്ബ് സെന്ററുകൾ സ്ഥാപിക്കുക.

10. കറുകുറ്റി പഞ്ചായത്തതിർത്തിയിലെ വൈദ്യുതി വിതരണം ഒരു സെക്ക്ഷൻ ഓഫീസിന്റെ കീഴിൽ ആക്കുക.

11. ഇലക്ട്രിസിറ്റി ഓഫീസിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കുകയും ആവശ്യമായ മെറ്റീരിയൽസ് ഉറപ്പുവരുത്തുകയും ചെയ്യുക.

12. കറുകുറ്റി പഞ്ചായത്തിൽ എൽപിജി ഏജൻസി അനുവദിക്കുക.

13. ജനങ്ങൾക്കാവശ്യമായ മണ്ണെണ്ണ വിതരണം ചെയ്യുക.

14. സൗരോർജം പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

*

# സംസ്കാരം

## സാംസ്ക്കാരിക പശ്ചാത്തലം

ജനതയുടെ കൂട്ടായ്മയുടെ ചരിത്രമാണ് സംസ്ക്കാരം. ജീവിത മൂല്യങ്ങളുടെയും ഇതൊരു തുടർച്ചയാണ്. പരിവർത്തനവിധേയമാണ്. വിവിധ ജാതി മത സാമുതായിക വിഭാഗങ്ങളുടെ ജീവിതക്രമവും ആചാരനുഷ്ഠാനങ്ങളും ഇതിന് ആധാരമാണ്. കാലത്തിനെയും കാരണങ്ങളെയും അതിജീവിച്ചു പലർന്നുപോന്ന ജീവിതമൂല്യങ്ങളെ വച്ചുപുലർത്തുകയും പരിപോഷിപ്പിക്കകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്നതിന് ആധുനിക മനുഷ്യൻ ചെയ്യുന്ന പ്രക്രിയയാണ് സംസ്ക്കാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഇതിന് കാരണമാകുന്നതിൽ മത ധർമ്മ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ വിദ്യഭ്യാസ കേന്ദ്രങ്ങൾ, വായനശാലകൾ, കലാകായിക സംഘടനകൾ എന്നിവയുടെ സംഭാവനകൾ നിസ്തുലമാണ്. ഈ പശ്ചാത്തലത്തിൽ കറുകുറ്റിയുടെ സാംസ്ക്കാരികപൈതൃകം എന്തെന്നന്വേഷിക്കുന്ന ഒരാൾക്ക്, അത് വളരെ സമ്പന്നമല്ല എങ്കിലും അവഗണിക്കത്തക്കതല്ല എന്നു കാണാം.

## സ്രോതസുകൾ

കറുകുറ്റി ഒരുകാർഷികഗ്രമമാണ്. ജനസംഖ്യയിൽ പകുതിയാലേറെ ക്രിസ്തീയമത വിഭാഗക്കാരാണ്. ബാക്കി വരുന്നവർ ഹിന്ദുക്കളുമാണ്. നമ്പൂതിരി, നായർ, ഈഴവ, മറ്റു പിന്നോക്ക ജാതികൾ ഇതിൽ ഉൾപ്പെടുന്നു. മുസ്ലീം മത വിഭാഗക്കാർ പാർത്തിരുന്നതായി കാണുന്നില്ല. ഇപ്പോൾ പഞ്ചായത്തിൽ രണ്ടു മുസ്ലീം കുടുബങ്ങൾ മാത്രമേ ഉള്ളൂ. സമ്പദ്ഘടന കൃഷിയേയും, കാർഷികവിളയേയും ആശ്രയിചാണ് നില നിന്നിരുന്നത്. പുരാതന കാലം മുതൽക്കേ ഇവിടെ ഹിന്ദു മത വിഭാഗങ്ങൾ വളരെ ഐക്യത്തോടെ കഴിഞ്ഞിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നു. സാമുദായിക അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നില നിന്നിരുന്നു. സാമ്പത്തിക ഉച്ച നീചത്വങ്ങളും ജാതിമേൽക്കായ്മയും ഇവിടെപുലർന്നിരുന്നു.

കറുകുറ്റിയുടെ സാംസ്ക്കാരിക പൈതൃകത്തിന്റെ തുടക്കം ഹിന്ദു ക്രൈസ്തവമതാനുഷ്ഠാനങ്ങളെയും കാർഷിക വിളവെടുപ്പിനെയും ബന്ധപ്പെട്ടായിരുന്നു. നാടുവാഴുത്വത്തിന്റെയും ജന്മികൂടിയാൽ ബന്ധത്തിന്റെയും നഷ്ടപ്രഭാവങ്ങൾ ഇന്നും ഇവിടെ അവശേഷിക്കുന്നുണ്ട്. നാടിന്റെ പൂർവ്വകാല സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയവിദ്യഭ്യാസ രംഗം വളരെ ശോഭനമായിരുന്നില്ല.

## ഹിന്ദു ആരാധനാലയങ്ങൾ

പുരാതനാ ഹിന്ദു ക്ഷേത്രങ്ങളിൽ ഓത്താടം ഭഗവതി ക്ഷേത്രം, കരയാംപറമ്പിൽ ഉണ്ണിമഠം, ചിറക്കോട്ട് ഭഗവതി ക്ഷേത്രം എന്നിവ എടുത്തുപറയേണ്ടതാണ്. ഈക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ചു കൂത്ത്, കൂടിയാട്ടം. തുള്ളൽ, കഥകളി, എന്നി പ്രാചീന കലകൾ അരങ്ങേറിയിരുന്നു. ഈ ഉത്സവങ്ങളെല്ലാം, ജനങ്ങൾ ഒരുമയോടെ മത സൗഹാർദത്തോടെ കൊണ്ടാടിയിരുന്നു. ഇന്ന് ഇതിന് പുറമെ കറുകുറ്റി ശ്രീകൃഷ്ണക്ഷേത്രം ഞലൂക്കരയിലെ ശാസ്താംകാവ്, ശ്രീ പരമേശ്വരീ ക്ഷേത്രങ്ങൾ എന്നിവയിലെ ഉത്സവാഘോഷങ്ങൾ സാംസ്ക്കാരികത്തനിമയ്ക്കും ജനകീയ ഐക്യത്തിനും കാരണമായിട്ടുണ്ട്.

## ക്രിസ്തീയ ദേവാലയങ്ങൾ

1891 ൽ സെന്റ് സേവ്യേഴ്സ് ദേവാലയം സ്ഥാപിതമായതോടെ ആദ്ധ്യാത്മിക വിദ്യഭ്യാസ സാമൂഹ്യ വളർച്ചക്ക് ആക്കം കൂടി. കുടിയേറ്റ കർഷകരായ ക്രസ്തീയ മത വിഭാഗങ്ങളുടെ മത വിദ്യഭ്യാസ, ഭൗതിക വളർച്ചക്ക് ഈ സ്ഥാപനം ചെയ്ത സേവനം സ്തുത്യർഹമാണ്. കറുകുറ്റിയിലെ സ്ക്കൂൾ വിദ്യഭ്യാസത്തിന് തുടക്കം കുറിക്കുന്നതിന് കാരണമായി. കറുകുറ്റിയിൽ ഒരു ആശുപത്രി തുടങ്ങിയതും ഈ പള്ളിയുടെ പരിശ്രമമാണ്. ൽ സ്ഥാപിച്ച സിഎംഐ സഭയുടെ സ്ഥാപനത്തോടുകൂടി കറുകുറ്റിയുടെ സാംസ്കാരികക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. കാലക്രമേണ 7 പള്ളികളും വിവിധ സഭാ സന്യാസികളുടെ മഠങ്ങളും സ്ഥാപിതമായതോടെ കറുകുറ്റി കലാ കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഒരുപരിതിവരെ പ്രോത്സാഹനം ലഭിക്കുകയുണ്ടായി. ക്രിസ്ത്യൻ ദേവാലയങ്ങളിലെ തിരുനാൾജാതിമത ഭേതമെന്യേ എല്ലാവരും പങ്കുചേരുകയും മതസൗഹാർദ്ദം നിലനിർത്തി

ഒരുമയോടെ ആഘോഷിക്കുകയും ചെയ്തുവരുന്നു. പാലിശ്ശേരി കേന്ദ്രീകരിച്ച് എസ്.എൻ.ഡി.പിയുടെ നേതൃത്വത്തിൽ ഈ കാലഘട്ടത്തിൽ നിരവധി സാംസ്കാരിക പ്രവർത്തനം നടക്കുകയുണ്ടായി. എൻ.എസ്.എസ് അതിന്റേതായ സംഭാവന നൽകുകയുണ്ടായി എന്ന് എടുത്തുപറയേണ്ടതാണ്.

## വിദ്യാഭ്യാസകേന്ദ്രങ്ങൾ

ഒരു ദേശത്തിന്റെ സാംസ്കാരിക നിലവാരം തിട്ടപ്പെടുത്തുന്നതിനുള്ള ഏകകങ്ങളിൽ വിദ്യാലയങ്ങൾക്കുള്ള സ്ഥാനം സുപ്രധാനമാണ്. കരയാംപറമ്പ്, നീരോലിപ്പാറ എന്നിവിടങ്ങളെ കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങളുടെ നിസ്വാർത്ഥസേവനം ഗ്രാമവാസികളുടെ ജീവിതനിലവാരവും ജീവിത വീക്ഷണവും വിപുലീകരിക്കുന്നതിൽ പങ്കുവഹിച്ചു. തുടർന്നു പള്ളി, മഠം വക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉടലെടുത്തു. ഈ അവസരത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിനു വേണ്ടി സ്ഥാപിച്ച സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിന്റെ പേര് പ്രത്യേകം പ്രസ്താവ്യമാണ്.

## വായനശാലകൾ

മേൽപറഞ്ഞ മത സാമൂഹ്യസംഘടനകളെ കൂടാതെ സാമുദായിക സംസ്കാരിക നവോത്ഥാനത്തിന് കാരണമായവയുടെ കൂട്ടത്തിൽ വായനശാലകളുടെ നേതൃത്വം വളരെയേറെയാണ്. സാമൂഹ്യ സാംസ്കാരിക രംഗത്ത് പിന്നോക്കം നിന്നിരുന്ന കറുകുറ്റിയുടെ ജനതയെ ദേശീയ സംസ്ഥാനതലത്തിലെ സംഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിനും പ്രതികരിക്കുന്നതിനും വായനശാലകൾ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നമ്മുടെ സംസ്ഥാനത്തുണ്ടായ വിപ്ലവകരമായ സാമൂഹ്യ മാറ്റങ്ങളുടെ പ്രതിഫലനമായിരുന്നു. ഈ വായനശാലകൾ ജനങ്ങളിൽ വായനശീലം വളർത്തുന്നതിന് തന്നേയും തന്റെ സഹജീവികളെയും തിരിച്ചറിയുന്നതിന് ഇത് കാരണമായി. തനിക്ക് ചുറ്റുമുള്ള പുറംലോകത്ത് നടക്കുന്ന മാറ്റങ്ങളെ തൊട്ടറിയുന്നതിനും ഉൾകൊള്ളുന്നതിനും അനൗദ്യോഗിക വിദ്യാകേന്ദ്രങ്ങൾ അവന് ശക്തിപകർന്നു. ഈ വായനശാലകളിൽ നടന്നിരുന്ന സാഹിത്യചർച്ചകളും സമകാലീന വാദവിവാദങ്ങളും പുതിയൊരു സംസ്കാരിക മുന്നേറ്റത്തിനുവേദി ഒരുക്കി. ഇവയോട് ചേർന്ന് കലാസമിതികളും സ്പോർട്സ് ക്ലബുകളും രൂപംകൊണ്ടു. ഇവ ജനതയുടെ കലാകായികാരോഗ്യത്തിന് ഊറ്റം നൽകി.

ഇന്ന് നമ്മുടെ ഗ്രാമത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന 9 വായനശാലകൾ ഉണ്ട്. ഇതിൽ 2 എണ്ണം 10000ലേറെ പുസ്തകകങ്ങളുള്ള എ ഗ്രേഡ് ലൈബ്രറികളാണ്. കറുകുറ്റി പഞ്ചായത്താഫീസിന് സമീപത്ത് സ്ഥിതിചെയ്യുന്ന ദേശീയ വായനശാല 1951ൽ സ്ഥാപിതമാണ്. ദീർഘകാലം ഇവിടുത്തെ സെക്രട്ടറിയായിരുന്ന ശ്രീ കെ.എസ്. പി. കർത്താവ് ദേശീയ പ്രസ്ഥാനത്തിന്റെ ഉൾവിളി ഏറ്റുകൊണ്ട് ഹിന്ദി പ്രചാരണാർത്ഥം ക്ലാസുകൾ നടത്തിയിരുന്നത് ശ്ലാഘനീയമാണ്.

(വായനശാലകൾ വശദവിവരത്തിന് പട്ടിക)

## കലാകായികകേന്ദ്രങ്ങൾ

ജനങ്ങളുടെ സാംസ്കാരിക വളർച്ചയിൽ കലാകായിക വിനോദങ്ങൾക്കുള്ള സ്ഥാനം നിസ്തർക്കമാണ്. പുരാതനകാലം മുതൽക്ക് ഇവിടെ പരിചമുട്ട് ചെട്ടിതാപ്പ് വില്ലടിച്ചാൺപാട്ട്, പറയൻകൊട്ട്, ചവിട്ടുനാടകം, ചിന്ത്, എന്നീ നാടൻകലകൾ അഭ്യസിച്ചിരുന്നതായി കാണുന്നു. കഠിനാധ്വാനത്തിന്റെയും ജീവിതവൈഷമ്യങ്ങളുടെയും നടുവിൽ വീർപ്പുമുട്ടിച്ചിരുന്ന ഗ്രാമവാസികൾക്ക് ഉല്ലാസത്തിനും ഒത്തൊരുമിക്കുന്നതിനും ഈ കലകൾഅവസരം നൽകിയിരുന്നു.

കലാകായിക രംഗത്ത് പ്രവർത്തിച്ചിരുന്ന കല, അല, ചൈതന്യ, ബിഗ്ബെൻ എന്നീ സംഘടനകൾ ഈ യവസരത്തിൽ സ്മരണീയമാണ്. എന്നാൽ ഇന്ന് ആധുനിക ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ തള്ളികയറ്റം ഇവയുടെ പ്രവർത്തനം നിലയ്ക്കുന്നതിന് കാരണമായി. 1970ൽ ആരംഭിച്ച സിനിമാശാലയാണ് നാട്ടുകാർക്കുള്ള ഏക വിനോദകേന്ദ്രം.

## ദൃശ്യശ്രാവ്യ വാർത്താ മാധ്യമങ്ങൾ

സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പേ ഇവിടെ വിദ്യാഭ്യാസത്തിന് തുടക്കംകുറിച്ചിരുന്നു. ഈ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിൽ വാർത്താ മാധ്യമങ്ങൾക്ക് ശ്രദ്ധേയമായ പങ്കുണ്ടായിരുന്നു. വർത്തമാന പത്രങ്ങളുടെ സ്വാധീനം നാടിന്റെ സർവോന്മുഖമായ വളർച്ചയുടെ പ്രതിഫലനമാണ്. ഏകദേശം 2000 കുടുംബങ്ങളിൽ വിവിധ പത്രങ്ങൾ വാങ്ങിവായിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മറ്റുള്ളവർ ഈ ആവശ്യത്തിനായി വായനശാലകളേയും സംസ്കാരിക കേന്ദ്രങ്ങളെയും ആശ്രയിക്കുന്നു. ആധുനിക ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ മുമ്പിൽ നിൽക്കുന്ന ടെലിവിഷൻ ദേശവാസികളിൽ 25% കുടുംബങ്ങളിൽ വിനോദവിജ്ഞാനവിദ്യാഭ്യാസ പരിപാടികൾ എത്തിക്കുന്നു. ഇതിനു പുറമെ വായനശാല

മുതലായ പൊതുസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ടിവി സെറ്റുകൾ വളരെ ഫലപ്രദമായി ജനതയെ സേവിക്കുന്നു.

## മതസാമുദായിക സംഘടനകൾ

ജാതിമത വ്യത്യാസങ്ങൾ വച്ചുപുലർത്തുന്ന ജനങ്ങൾ തങ്ങളുടെതായ തനതു സംസ്കാരം നിലനിർത്താൻ പരശ്രമിക്കുന്നതായി എൻ.എസ്.എസ്, എസ്.എൻ.ഡി.പി, കെ.പി.എം.എസ് മുതലായ ഹിന്ദു പോഷക സംഘടനകളും സിഎൽസി, സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി മുതലായ ക്രിസ്തീയ സംഘടനകളും ഗ്രാമത്തിൽ സജീവമാണ്. ജാതിമത വിദ്വേഷങ്ങൾക്ക് ഇവയുടെ പ്രവർത്തനം ഒരിക്കലും വഴിതെളിച്ചതായി കറുകുറ്റിയുടെചരിത്രം രേഖപ്പെടുത്തിയിട്ടില്ല.

മഹാത്മാഗാന്ധി സർവകലാശാലയുടെ ഗ്രാമസ്വരാജ് വികസനപദ്ധതിയുടെയും കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെയും അന്തർദേശീയ യുവജനസംഘടനയായ ആർ.വൈ.എസ് ഇന്റർനാഷണലിന്റെയും ആഭിമുഖ്യത്തിൽ 1996 ഫെബ്രുവരി 15 മുതൽ 25 വരെ കറുകുറ്റി മരങ്ങടത്ത് നടത്തപ്പെട്ട അന്തർദേശീയ യുവജനമേള കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ അവിസ്മരണീയ സംഭവങ്ങളിൽ ഒന്നാണ്. കേരളമുൾപ്പെടെ ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽനിന്നും ജപ്പാൻ, മലേഷ്യാ, തായ്‌വാൻ, തായ്‌ലാന്റ്, ശ്രീലങ്ക, സുഡാൻ, അമേരിക്ക, ബ്രിട്ടൻ, അഫ്ഗാനിസ്ഥാൻ, കൊറിയ, ഓസ്ട്രിയ എന്നിവടങ്ങളിൽ നിന്നുമുള്ള 110 യുവതീയുവാക്കൾ ഇവിടെ ഒത്തുചേർന്നു. മതസാഹോദര്യ സാംസ്കാരിക ഘോഷയാത്ര, പഠനക്ലാസുകൾ, ഗ്രാമസന്ദർശനങ്ങൾ കലാപരിപാടികൾ എന്നിങ്ങനെ വർണ്ണശബളമായ ഒട്ടനവധി പരിപാടികൾ പ്രസ്തുത മേളയോട് അനുബന്ധിച്ച് നടത്തപ്പെടുകയുണ്ടായി.

## പ്രശ്നങ്ങൾ

1. ജനതയുടെ സാംസ്കാരിക ഉന്നമനത്തിന് ആവശ്യമായ ഭൗതീക സാഹചര്യങ്ങളില്ല.
2. എല്ലാവാർഡിൽ വായനശാലകളും ക്ലബുകളുമില്ല.
3. ജനസാന്ദ്രതയെ കണക്കിലെടുക്കുമ്പോൾ പഞ്ചായത്തുവക സാംസ്കാരിക നിലയങ്ങൾ കുറവാണ്.
4. പൊതുകളിസ്ഥലങ്ങൾ ഇല്ല.
5. വായനശാലകൾക്കും ക്ലബുകൾക്കും ഭൗതീകസാഹചര്യം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്നും ധനസഹായം കിട്ടുനില്ല.
6. കമ്യൂണിറ്റി ഹാളില്ല.
7. ഗ്രാമോത്സവങ്ങൾ നടത്താറില്ല.

## സാധ്യതകൾ

ഗ്രാമവാസികളുടെ മാനസീകവും ശാരീരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ വളർച്ച സാംസ്കാരിക ശ്രേഷ്ഠതയ്ക്ക് ആവശ്യം വേണ്ട ഘടകമാണ്. ഒത്തുചേരുന്നതിനും പരസ്പര മറിയുന്നതിനും സാമൂഹിക ദുരാചാരങ്ങളിൽനിന്നും അനാശാസ്യ പ്രവർത്തനങ്ങളിൽനിന്നും അകന്നു നിൽക്കാനും ആവശ്യമായ ഭൗതീകസാഹചര്യങ്ങൾ ഉണ്ടാക്കുക അത്യന്താപേക്ഷിതമാണ്.

1. പഞ്ചായത്ത് കമ്യൂണിറ്റിഹാൾ നിർമിക്കണം
2. സാംസ്കാരിക നിലയങ്ങൾ ഗ്രാമത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ നിർമിക്കണം.
3. എല്ലാവാർഡിലും വായനശാലകൾ ഉണ്ടാക്കണം.
4. കായികവിനോദത്തിന് ക്ലബുകൾ ഉണ്ടാക്കണം
5. പൊതുകളിസ്ഥലം വേണം.
6. വായനശാലകൾക്കും ക്ലബുകൾക്കും ഭൗതീകസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ധനസഹായം നൽകണം.
7. പ്രധാനകേന്ദ്രങ്ങളിൽ ടിവി സെറ്റുകൾ സ്ഥാപിക്കണം.

പഞ്ചായത്തിലെ വായനശാല സ്ഥിതി വിവരങ്ങൾ (പട്ടപക 1)

| Sl. No. | Ward | വായനശാല പേരും വിലാസവും | ഗ്രേഡ് | പുസ്തകം എണ്ണം | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പേര് | ടി.വി. സെറ്റുണ്ടോ? | സ്ഥാപിച്ച വർഷം | പ്രവർത്തന ക്ഷമത |
|---|---|---|---|---|---|---|---|---|
| 1 | V | ദേശീയവായനശാല, കറുകുറ്റി | A | 10156 | മനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരളകൗമുദി, ഇൻഡ്യൻ എക്സ്പ്രസ്, വാരികകൾ മാതൃഭൂമി, കലാകൗമുദി, ദേശാഭിമാനി,ഗ്രന്ഥലോകം, വിജ്ഞാനകൈരളി, സംസ്കാരകേരളം, കരിയർ ഫ്രൻഡ്മലൈൻ | ഉണ്ട് | 1951 | ക്യാരംസ് ചെസ്സ് |
| 2 | III | നവോദയം ഗ്രന്ഥശാല ആൻഡ് യുവജന കലാലയം | B | 6200 | മാതൃഭൂമി,ഇൻഡ്യൻ എക്സ്പ്രസ്, ദേശാഭിമാനി, വാരികകൾ ഗ്രന്ഥലോകം,കലാകൗമുദി, വിജ്ഞാനകൈരളി, സംസ്കാരകേരളം, | ഉണ്ട് | 1971 | ക്യാരംസ് ചെസ്സ് |
| 3 | VII | സോഷ്യൽ ഫ്രൻണ്ടസ് ലൈബ്രറി, എടക്കുന്ന് | C | 5800 | മാതൃഭൂമി,ദീപിക, മലയാള മനോരമ, രാഷ്ട്രദീപിക,വാരികകൾ ഗ്രന്ഥലോകം, ഇഡ്യടുഡേ, മാതൃഭൂമി, വനിത, സത്യദീപം, വചനോത്സവം, ഗ്രന്ഥലോകം, ബിസനസ്സ് ദീപിക, കരിയർ ദീപിക, കർഷകൻ, ബാലഭൂമി, സ്ത്രീധനം, കുട്ടികളുടെ ദീപിക, ചിത്രഭൂമി, സിനിമ, തോഴിൽരംഗം, വിനോദ മാസികകൾ | ഉണ്ട് | 1958 | വോളിബോൾ ഷട്ടിൽ ക്യാരംസ് ചെസ്സ് |
| 4 | XI | പഞ്ചായത്ത് പബ്ലിക് ലൈബ്രറി ആൻഡ് റീഡിങ്ങ് റൂം | Nil | 1042 | മലയാള മനോരമ,വാരികകൾ ഇഡ്യ ടുഡേ വനിത, കലാകൗമുദി, മാതൃഭൂമി, ബാലരമ | ഉണ്ട് | 1993 | ക്യാരംസ് ചെസ്സ് |
| 5 | I | ജനത ലൈബ്രറി, കറുകുറ്റി | C | 2400 | മലയാള മനോരമ, വാരിക ഗ്രന്ഥലോകം, സാംസ്കാരികകേരളം | ഉണ്ട് | | ചെസ്സ് ക്യാരംസ് |
| 6 | I | ഫ്രണ്ടസ് ലൈബ്രറി, കറുകുറ്റി | | | | | | |
| 7 | VII | കെ.പി.ജി. ലൈബ്രറി, വാഴച്ചാൽ | | | | | | |

# പട്ടികജാതി പട്ടികവർഗ്ഗം

19 ാം നൂറ്റാണ്ടവസാനത്തോടുകൂടിതന്നെ ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഏകദേശം 250 പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. 1991 ജനസംഖ്യാകണക്കനുസരിച്ച് 24449 ജനങ്ങളിൽ 2047 ഹരിജനങ്ങൾ ഉൾപ്പെടുന്നു. ഇവരിൽ പുലയൻ, പറയൻ, (സാമ്പവൻ) , പാണൻ, വേലൻ, പട്ടികവർഗക്കാരായ ഉള്ളാടൻ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നു.

പുലയൻ സമുദായത്തിൽ പെട്ടവർ ജന്മിമാരുടെ അടിമകളായി കാർഷികരംഗത്ത് പണിചെയ്ത് ജീവിച്ചിരുന്നു. പറയസമുദായക്കാർ ഭൂരഭാഗവും കുലതൊഴിലായ കുട്ട, വട്ടി, മുതലായവ നെയ്തും വളരെ കുറച്ചുപേർ കാർഷിക രംഗത്ത് കൂലിപ്പണിചെയ്തും ജീവിച്ചിരുന്നു.

സാമൂഹിക ഉച്ചനീജത്വങ്ങൾ കർശനമായിരുന്നതിനാൽ ഇവർക്ക് സാമൂഹ്യമായ ഉയർച്ച ഉണ്ടായിരുന്നില്ല. എന്നുമാത്രമല്ല ഉയർന്നജാതിക്കാരെ വഴിയിൽ കാണുമ്പോൾ വഴിമാറിപോകുന്ന ഒരു ദുരവസ്ഥയും ഉണ്ടായിരുന്നു ഈ വിഭാഗത്തിൽ തുള്ളൽ മന്ത്രവാദം തുടങ്ങിയ ദുരാചാരങ്ങളും നിലനിന്നിരുന്നു. മറ്റുപ്രദേശങ്ങളിലേതു പോലെതന്നെ വസ്ത്രധാരണത്തിൽ മാറുമറയ്ക്കാതെയും മുട്ടിനുതാഴെ വസ്ത്രം ധരിക്കുന്നതും വിലക്കിയിരുന്നു.

1938 39 കാലഘട്ടത്തിലാണ് ഈ വിഭാഗത്തിന് വിദ്യാഭ്യാസപരമായി പ്രവേശനം ലഭിക്കുന്നതും സ്കൂളിൽ പോയി വിദ്യാഭ്യാസം ലഭിച്ചവരിൽ ഒന്നാമൻ മഞ്ഞാട്ട് ചാത്തൻ എന്ന വ്യക്തിയായിരുന്നു. പിന്നീട് എൻ.എ.ചാത്തൻ നാലുക്ലാസുവരെ വിദ്യഭ്യാസം നടത്തുകയും ചെയ്തിട്ടുണ്ട്.

ഭരണഘടനയിലെ 73 74 വകുപ്പനുസരിച്ച് നടന്ന പഞ്ചായത്ത് രാജ് തെരഞ്ഞെടുപ്പിനെ തുടർന്ന് നിലവിൽ വന്ന ഭരണ സമിതിയിൽ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി ഉൾപ്പെടുത്തുകയും അതിന്റെ ചെയർമാൻ സ്ഥാനം നമ്മുടെ പഞ്ചായത്തിന്റെ പത്താം വാർഡിൽനിന്നും ജയിച്ച ഇ.കെ. പരമേശ്വരൻ എന്ന ഹരിജനു ലഭിക്കുകയും ചെയ്തു.

പട്ടികജാതി പട്ടിവർഗത്തിനു ഉയർന്നജാതികൾ നിയന്ത്രിച്ചിരുന്ന ക്ഷേത്രങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്നു എന്നാൽ വൈക്കം സത്യാഗ്രഹത്തിന്റെയും ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഫലമായി ഹരിജനങ്ങൾക്ക് ക്ഷേത്രത്തിൽ കയറുവാനും ആരാധിക്കുവാനും കഴിഞ്ഞുപോന്നു.

പഞ്ചായത്തിന്റെ പട്ടികജാതി പട്ടികവർഗത്തിനും ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ മുന്നൂർപ്പിള്ളി ഹരിജൻ കോളനി പാണ്ടറകോളനി, എടക്കുന്ന് കോളനി, മലയാകുന്ന് പ്രദേശം, കല്ലൻതേമാലി, പാവാട്ട്കുന്ന്. പാലിശേരിയിലെ കരിപ്പാല, കാരമറ്റം കോളനികൾ എന്നിവിടങ്ങളാണ്.

കറുകുറ്റി പഞ്ചായത്തിൽ നിലവിൽ 257 ഹരിജന കുട്ടികൾ വിദ്യാഭ്യാസം നടത്തുന്നു. ഇടയ്ക്കു വിദ്യാഭ്യസം നിർത്തിപോന്നവരുടെ എണ്ണം വളരെ കുറവാണ്. പട്ടികവർഗത്തിൽപെട്ട മൂന്നു കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ 9 ാം വർഡിൽ 2ഉം 11 ാം വാർഡിൽ ഒരു കുടുബവും താമസിച്ചുവരുന്നു. പട്ടികവർഗത്തിൽപെട്ട കുടുംബങ്ങളുടെ പട്ടിക

| വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| 9 | 2 |
| 11 | 1 |

പട്ടികജാതി വികസനത്തിനുള്ള പ്രത്യേക ഘടകപദ്ധതിയിൽ പെടുത്തി 1991ൽ കറുകുറ്റി കൃഷിഭവന്റെ കീഴിൽ യുവഹരിജനങ്ങൾക്ക്തൊഴിൽ സാധ്യത ഉറപ്പുവരുത്തുവാൻ വേണ്ടി ഹരിജൻ കോപറേറ്റീവ് സൊസൈറ്റിക്ക് രൂപംകൊടുത്തു. ഇപ്പോൾ

ആഗ്രോ സർവ്വീസ് സെന്റർ എന്ന പേരിൽ പ്രവർത്തിച്ചു ഈ സൊസൈറ്റിക്കുവേണ്ടി പഞ്ചായത്തിന്റെ പാലിശ്ശേരിയിൽ 5 സെന്റ് സ്ഥലണ വിതരണം ചെയ്യുന്നതിന്നുള്ള നടപടി പൂർത്തിയായി വരുന്നു. ഈ സൊസൈറ്റിയുടെ കൈവശമുള്ള സാധനങ്ങളുടെ ഈ വിവരം താഴെ ചേർക്കുന്നു.

പട്ടികജാതി വികസനത്തിന് ആഗ്രോസ് സർവീസ് സെന്റർമുഖേന വിതരണം ചെയ്ത ഉപകരണങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| പവർ ടില്ലർ | 1 |
| ഒന്നര എച്ച്.പി ഓയിൽ എൻജിൻ പമ്പ് | 2 |
| 9 ലിറ്റർ നാപ്സാക്ക്സ്പ്രേയറുകൾ | 10 |
| റോക്കർ സ്പ്രേയറുകൾ | 10 |
| മമ്മട്ടി | 47 |
| തൂമ്പ | 47 |
| കൂന്താലി | 25 |
| പിക്കാസ് | 8 |
| വെട്ടുകത്തി | 17 |
| അരിവാൾ | 50 |
| ഇരുമ്പുചട്ടി | 25 |
| ഞവരി | 2 |
| ചൂരൽകൊട്ട | 25 |

പട്ടികജാതി പട്ടികവർഗത്തിൽ പെട്ടവർ രാഷ്ട്രീയ സാമൂഹിക രംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗം വീടുകളിൽ വിവാഹചടങ്ങുകളിലും മറ്റ് ആഘോഷങ്ങളിലും മറ്റുസമുദായക്കാർ പങ്കെടുക്കുകയും പന്തിഭോജനം നടത്തുകയും ചെയ്യുന്നു.

പഞ്ചായത്തിലേകദേശം 200ഓളം ആളുകൾ തമിഴ്നാട്ടിൽ നിന്നും ഇവിടെവന്ന് മേഴ്സന്ററി മേഖലയിൽ തൊഴിലെടുക്കുന്നു. ഏകദേശം 20 ആളുകൾ ഇവിടെ സ്വന്തമായി വീടുവച്ച് ഇതിൽ താമസിക്കുന്നവരാണ്.

## സാധ്യതകൾ

1. പഞ്ചായത്തിന്റെ ആകെവരുമാനത്തിന്റെ പത്തുശതമാനം നിയമം അനുസരിച്ച് ഹരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.

2. ഹരിജൻ കോളനി റോഡുകൾ വീതിവർദ്ധിപ്പിക്കുകയും ടാറിംഗ് നടത്തുകയും ചെയ്യുക.

3. ഹരിജൻ കോളനികളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4. ഹരിജൻ സൊസൈറ്റിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം. വാങ്ങുന്നതിന് പണമോ സ്ഥലമോ അനുവദിക്കുക.

5. കക്കൂസും കുളിമുറിയുമില്ലാത്ത എല്ലാ ഹരിജനങ്ങൾക്കും ഈ സൗകര്യം ഏർപ്പെടുത്തുക.

6. എല്ലാ ഹരിജനങ്ങൾക്കും വൈദ്യുതിയെത്തിക്കുകയും, വയറിങ്ങ് നടത്തുവാനുള്ള സാമ്പത്തികസഹായം അനുവദിക്കുകയും ചെയ്യുക.

7. ഹരിജനങ്ങൾക്ക് വീടുനിർമിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായ തുക വർദ്ധിപ്പിക്കുക.

8. ഹരിജൻ കോളനികളിൽ നഴ്സറി സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

9. കോളനിനിവാസികൾക്ക് പട്ടയം നൽകുവാനുള്ള നടപടി സ്വീകരിക്കുക.

10. ബാലവാടികളില്ലാത്ത സ്ഥലത്ത് ആരംഭിക്കുകയും ഇതിന് കോളനികൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്യുക.

11. നിർധനരായ പട്ടികജാതിക്കാർക്ക് ചികിത്സയ്ക്ക് ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുക.

12. ഹരിജനവിധവകളുടെ കുട്ടികളുടെ വിവാഹത്തിനുള്ള സാമ്പത്തികസഹായം വർദ്ധിപ്പിക്കുകയും അതിന്റെ നടപടിക്രമം ലഘൂകരിക്കുകയും ചെയ്യുക.

13. ഹരിജൻകുട്ടികളുടെ ലംപ്സംഗ്രാന്റ് വർദ്ധിപ്പിക്കുകയും അത് കാലതാമസം കൂടാതെ വിതരണം നടത്തുകയും ചെയ്യുക.

14. ഉയർന്ന വിദ്യാഭ്യാസത്തിന് കോളജുതലത്തിൽ സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.

15. പഞ്ചായത്തിൽ നിന്നും പുരകെട്ടി മേയുന്നതിന് കൊടുക്കുന്ന സാമ്പത്തികസഹായം വർദ്ധിപ്പിക്കുക.

15. പഞ്ചായത്തിൽഹരിജൻ യുവതികളെ മാത്രം അംഗങ്ങളാക്കി ഒരു വിവിധ ഉദ്ദേശ സഹകരണസംഘം ആരംഭിക്കുവാനും അതുവഴി അവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുകയും ചെയ്യുക

# വിഭവ സമാഹരണം

പ്രകൃതി വിഭവങ്ങളുടെ വിനിയോഗം
പഞ്ചായത്തിന്റെ ധനാഗമന മാർഗങ്ങൾ
പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ
ഗൾഫ് യൂറോപ്യൻ കുടിയേറ്റം
സന്നദ്ധപ്രവർത്തനം വർഷങ്ങളിലൂടെ
പ്രശ്നങ്ങൾ
സാദ്ധ്യതകൾ

## പ്രകൃതിവിഭവങ്ങളുടെ വിനിയോഗം

ആസൂത്രണ പ്രക്രിയയെ ക്ലേശകരമാക്കുന്ന പ്രധാനകാര്യം വർദ്ധിച്ചുവരുന്നു. വികസന ആവശ്യങ്ങളും പരിമിതമായ വിഭവങ്ങളും ആണ്. സാമൂഹിക തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതിൻപ്രകാരം വിഭവങ്ങൾ കണ്ടെത്തുകയും നീക്കിവയ്ക്കുകയും ചെയ്യുമ്പോഴാണ് ആസൂത്രണത്തിന്റെ ആദ്യഘട്ടം പൂർത്തിയാകുന്നത്.

കറുകുറ്റി ഗ്രാമപഞ്ചായത്തിലെ സ്ഥലജല കാർഷിക വിഭവങ്ങളെകുറിച്ച് ഈ റിപ്പോർട്ടിൽ വിശദമായി ചർച്ചചെയ്ത് കഴിഞ്ഞു. റവന്യൂരേഖകളിൽ നിന്നുള്ള കണക്കിൻ പ്രകാരം പഞ്ചായത്തിന്റെ മൊത്തം വിസ്തീർണമായ 2869.6293 ഹെക്ടറിൽ 67.23 % (1947.117 ഹെക്ടർ) കരഭൂമിയും 22.85% (662.3953) നൽപ്പാടങ്ങളുമാണ് വഴികളും കനാലുകളും പൊതുകുളങ്ങളും പുറംപോക്ക് ഭൂമിയുമായി 287.117 ഹെക്ടർ (9.91 %) സ്ഥലം പഞ്ചായത്തിൽ നിലവിലുണ്ട്. ചാലക്കുടി ജലസേചനപദ്ധതിവഴിയും പഞ്ചായത്തിലെ ജലവിഭവങ്ങളെ ഭാഗികമായ ചൂഷണം ചെയ്തുകൊണ്ടുള്ള ലിഫ്ട് ഇറിഗേഷൻ വഴിയും പഞ്ചായത്തിലെ കൃഷി യോഗ്യമായ ഭൂമിയുടെ 60% ഉപയുക്തമാക്കിയിരിക്കുന്നു. നാളികേരം, നെല്ല്, സുഗന്ധവ്യഞ്ജനങ്ങൾ (കുരുമുളക്, ജാതിക്ക, ഇഞ്ചി, മഞ്ഞൾ) അടയ്ക്ക, കൊക്കോ, വാഴ, മരച്ചീനി, റബ്ബർ എന്നിവയാണ് പഞ്ചായത്തിന്റെ 1,10, 11 വാർഡുകളിലുള്ള കരിങ്കല്ലിന്റെ വിപുലമായ നിക്ഷേപമൊഴിച്ചാൽ മറ്റുധാതുലവണ ഭൗതീക വിഭവങ്ങളൊന്നും നാളിതുവരെ കണ്ടെത്താനായിട്ടില്ല.

## പഞ്ചായത്തിന്റെ ധനാഗമന മാർഗങ്ങൾ

1961ൽ രൂപീകൃതമായ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ എക്കാലത്തെയും പ്രധാന തനതുവരുമാന മാർഗ്ഗം കെട്ടിടനികുതിയിൽ നിന്നുമായിരുന്നു. 5980 കെട്ടിട ഉടമകളിൽ നിന്നുമായി 1995 96 വർഷത്തിൽ 246188 രൂപ കെട്ടിടനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. ഇത് തനതുവരുമാനത്തിന്റെ 59.7% ആണ്. രണ്ടാമത്തെ പ്രധാന തനതുവരുമാന സ്രോതസ്സായ തൊഴിൽ വരുമാനമായി അതേവർഷം 130043 രൂപയും (31.47%) വിനോദനികുതിയിനത്തിൽ 47.022 (8.95%) രൂപയും പഞ്ചായത്തിന് വരുമാനമായി ലഭിക്കുകയുണ്ടായി.

### കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം

| വർഷം | തൊഴിൽനികുതി | വിനോദനികുതി | കെട്ടിടനികുതി | തനതുവരുമാനം | മൊത്തംവരുമാനം |
|---|---|---|---|---|---|
| 1990 91 | 98200 | 19200 | 166900 | 284300 | 928400 |
| 1991 92 | 114000 | 22600 | 137100 | 273700 | 770600 |
| 1992 93 | 87600 | 24600 | 13300 | 245200 | 8775-0 |
| 1993 94 | 96500 | 24600 | 170500 | 291600 | 1163500 |
| 1994 95 | 150000 | 30300 | 250000 | 430300 | 1178434 |
| 1995 96 | 130043 | 37022 | 246158 | 413223 | 150966 |

1990 91 1995 96 വർഷത്തിൽ തൊഴിൽ നികുതി ഇനത്തിൽ കേവലം 32.42% മാത്രമാണ് വർധനവുണ്ടായിരിക്കുന്നത്. ഇതേവർഷം വിനോദനികുതിയിൽ 92.82% വർദ്ധനവ് കാണാം. കെട്ടിട നികുതിയിൽ 47.48% വർദ്ധനവ് ഈ കാലയളവിൽ രേഖപ്പെടുത്തിയിരിക്കുന്നു.

423 ജീവനക്കാർ പണിയെടുക്കുന്ന കറുകുറ്റി പ്രീമിയർ കേബിൾ 1991ൽ പൂട്ടപ്പെട്ടത് പഞ്ചായത്തിന്റെ തനത് വരുമാനത്തെ സാരമായി ബാധിച്ചിരിക്കുന്നു. ഇന്നത്തെ വർദ്ധിച്ച നികുതി നിരക്കിൽ തൊഴിൽ നികുതിയിനത്തിലും കെട്ടിട നികുതിയിനത്തിലുമായി ഇതുമൂലം 210,000 രൂപയുടെ പ്രതിവർഷ തനത് വരുമാനനഷ്ടം പഞ്ചായത്തിന് ഉണ്ടായതായി കണക്കാക്കപ്പെടുന്നു.

വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ്, മൈനർ ഇറിഗേഷൻ ഗ്രാന്റ്, ബേസിക് ടാക്സ് ഗ്രാന്റ്, വസ്തുകൈമാറ്റ നികുതി, വാഹനനികുതി, അൺടൈഡ് ഫണ്ട്, എന്നിവയാണ് പഞ്ചായത്തുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാന്റ് ഇനങ്ങൾ. 169.9 കി.മി ദൈർഘ്യം വരുന്ന റോഡുനിലവിലുള്ള കറുകുറ്റി പഞ്ചായത്തിന് 1995 96 വർഷത്തിൽ വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 56381 മാത്രമാണ് ലഭിച്ചത്. മൈനർ ഇറിഗേഷൻ ഗ്രാന്റ് ഇനത്തിൽ 2300 രൂപയും ബേസിക് ടാക്സ് ഗ്രാന്റ് ഇനത്തിൽ 66003 രൂപയും ലഭിച്ചു.

വാഹനനികുതിയിനത്തിൽ സർക്കാർ പിരിച്ചെടുത്തതിൽ ഒരു വിഹിതം പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി വി.ടി.സി. ഗ്രാന്റ് ഇനത്തിൽ പഞ്ചായത്തുകൾക്ക് നല്കുന്നു. 1995 96 വർഷത്തിൽ കറുകുറ്റി ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ 451852 രൂപ ലഭിക്കുകയുണ്ടായി.

പഞ്ചായത്ത് പരിധിയിൽ ക്രയവിക്രയം നടത്തപ്പെടുന്ന വസ്തുവിൽ ചുമത്തപ്പെടുന്ന സർചാർജ്ജ് മേൽ മാനദണ്ഡമനുസരിച്ച് ലഭിക്കുന്ന 75% വസ്തുകൈമാറ്റനികുതിഇനത്തിൽ കറുകുറ്റി ഗ്രാമപഞ്ചായത്തിന് 152861 രൂപയും, പഞ്ചായത്ത് ഡയറക്ടറുടെ യുക്തമനുസരിച്ച് നല്കുന്ന 25% നികുതിയിൽ 2,00000 രൂപയും 95 96ൽ ലഭിക്കുകയുണ്ടായി.

1990 91 മുതൽ പഞ്ചായത്തിൽ അൺടൈഡ് ഫണ്ട് ഇനത്തിൽ ലഭിച്ച ഗ്രാന്റ് താഴെ പട്ടികയിൽ നിന്ന് കാണാം.

| | |
|---|---|
| 1990 91 | 1, 90,000 |
| 1991 92 | 1, 90,000 |
| 1992 93 | 212, 000 |
| 1993 94 | 215, 300 |
| 1994 95 | 225, 000 |
| 1995 96 | 34096.00 |

## ചിലവിനങ്ങൾ

പഞ്ചായത്തിന്റെ പ്രധാന ചിലവിനങ്ങൾ താഴെപ്പറയുന്ന വിഭാഗത്തിലാണ്.

1. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്
2. പൊതുമരാമത്തുപണികൾക്കായുള്ള ചിലവുകൾ
3. തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള ചിലവ്
4. ജലവിതരണം, ഓടകൾ നിർമിക്കൽ·
5. വിദ്യാഭ്യാസം

**പഞ്ചായത്തിന്റെ 1995 96 വർഷത്തെ പ്രധാന ചിലവിനങ്ങൾ**

| ഇനം | തുക |
|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | 4, 77636 |
| പൊതുമരാമത്ത് | 7, 60, 941 |
| വിദ്യാഭ്യാസം | 33, 199 |
| ജലവിതരണം | 40,944 |
| തെരുവ് വിളക്ക്കത്തിയ്ക്കൽ | 79, 064 |

ജീവനക്കാരുടെ ശബളമിനത്തിലും പഞ്ചായത്തു പ്രസിഡന്റ്, കമ്മിയംഗങ്ങൾ തുടങ്ങിയവരുടെ ഹോണറേറിയയിനങ്ങളിലും ഓഫീസ്, കണ്ടിജൻസി യിനങ്ങളിലും വരുന്ന ചിലവുകൾ, ജീവനക്കാരുടെ ഡി.എ ശമ്പളവർദ്ധനവ് എന്നീയിനങ്ങളിൽ ഓരോ വർഷവും എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഉയരുന്നതായി കാണുവാൻ കഴിയും.

താഴെ കൊടുത്തിരിക്കുന്ന പട്ടിക കാണുക.

എസ്റ്റാബ്ലിഷ്മെന്റ് ചിലവ് 1990 91 1995 96 വരെ

| വർഷം | ആകെ ചിലവ് | എസ്റ്റാബ്ലിഷ്മെന്റ് ചിലവ് | നിരക്ക് |
|---|---|---|---|
| 199-0 91 | 10,07,300 | 2,53,300 | 25.1% |
| 1991 92 | 9, 67100 | 3, 43100 | 35.47% |
| 1992 93 | 11, 34100 | 3, 75800 | 33.13% |
| 1993 94 | 7, 55600 | 4, 438--00 | 58.7% |
| 1994 95 | 8, 73933 | 4, 13176 | 47:27% |
| 1995 96 | 14, 65927 | 4, 77637 | 32.58% |

പൊതുമരാമത്തു ചിലവുകൾ 1990 91 മുതൽ 1995 96 വരെ

| വർഷം | ആകെ ചിലവ് | ചെയ്തുതീർത്ത ജോലികളുടെ എണ്ണം | ചിലവ് | നിരക്ക് |
|---|---|---|---|---|
| 1990 91 | 10,07300 | | 2,22500 | 22% |
| 1991 92 | 9,67100 | 13 | 1,57,200 | 16.25% |
| 1992 93 | 11,34,100 | 30 | 375,800 | 13.47% |
| 1993 94 | 7,55,600 | 98 | 1,00100 | 13.24% |
| 1994 95 | 8,73,933 | 2 | 1,45,000 | 16.5% |
| 1995 96 | 14,65927 | 12 | 4,77636 | 51% |

പഞ്ചായത്തിന്റെ പൊതുമരാമത്തും, എക്സ്റ്റാബ്ലീഷ്മെന്റ് ചിലവുകൾ



## ധനകാര്യസ്ഥാപനങ്ങൾ

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ 2 നാഷ്ണലൈസ്ഡ് ബാങ്കുകളും ഒരു ഷെഡ്യൂൾഡ് ബാങ്കും രണ്ടു സർവീസ് സഹകരണബാങ്കും പ്രവർത്തിക്കുന്നു.

### പഞ്ചായത്തിലെ ബാങ്കുകളുടെ സേവനവാർഡുകൾ

| ബാങ്ക് | വാർഡ് |
|---|---|
| യൂക്കോബാങ്ക് | 1, 2, 3 |
| യൂണിയൻ ബാങ്ക് | 4, 5, 6, 8 |
| കത്തോലിക് സിറിയൻ ബാങ്ക് ഇടക്കുന്ന് | 7, 9, 10, 11 |

1995 96 വർഷത്തെ കറുകുറ്റിയിൽ പ്രവർത്തിക്കുന്ന ബാങ്കുകളിലെ നിക്ഷേപ വായ്പാ സ്ഥിതി

| ബാങ്ക് | നിക്ഷേപം ലക്ഷം | എൻആർ ഐ മാത്രം | ആകെ വായ്പ ലക്ഷം | കാർഷിക വായ്പ ലക്ഷം | നിക്ഷേപ വായ് നിരക്ക് |
|---|---|---|---|---|---|
| 1 | യൂക്കോ ബാങ്ക് | 127 | 17 | 116 | 8 91.33% |
| 2 | യൂണിയൻ ബാങ്ക് | 362 | 102 | 119 | 29 32.87% |
| 3 | കത്തോലിക് സിറിയൻ ബാങ്ക് | 296.61 | 25.06 | 198.47 | 10.85 66.91% |

കൃഷി ചെറുകിട വ്യവസായം കച്ചവടം എന്നീയാവശ്യങ്ങൾക്കും, ഐ ആർ ഡി പി പി.എം.ആർ.വൈ എന്നീ പദ്ധതികൾക്കുമായി വായ്പ വിതരണം ചെയ്യുന്നതായി ബാങ്കുകളുടെ റിപ്പോർട്ടിൽ കാണുന്നു.

### സർവീസ് സഹകരണബാങ്ക് ബാങ്കുകൾ

പഞ്ചായത്തിനതിർത്തിയിൽ രണ്ട് സർവീസ് സഹകരണബാങ്കുകൾ പ്രവർത്തിക്കുന്നു. ഇവ

പഞ്ചായത്തിലെ സർവീസ് സഹകരണ

### ബാങ്കുകളുടെ നിക്ഷേപ വായ്പാ നിരക്ക് 95 96

| ബാങ്ക് | നിക്ഷേപം (രൂപ) | കാർഷികം | മൊത്തം | നിക്ഷേപ വായ്പാ നിരക്ക് |
|---|---|---|---|---|
| സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് പന്തയ്ക്കൽ | 31224360 | 5938426 | 31381726 | 100.58% |
| കരയാമ്പറമ്പ് സർവീസ് സഹകരണ സംഘം | 8826885 | 236325 | 9352199 | 105.95% |

## ഗൾഫ് യൂറോപ്യൻ കുടിയേറ്റം

പഞ്ചായത്തു പ്രദേശത്തുനിന്നും ഏതാണ്ട് 186 ആളുകൾ വിദേശരാജ്യങ്ങളിൽ ജോലിക്കായി കുടിയേറിയിരിക്കുന്നതായി കാണുന്നു. ഇതിൽ 140 പേർ ഗൾഫ് രാജ്യങ്ങളിൽ 46 പേർ യൂറോപ്യൻ രാജ്യങ്ങളിലുമാണ്. വാർഡുതിരിച്ചുളള കുറിയേറ്റ അംഗസംഖ്യ പട്ടികയിൽ നിന്നും കാണുക.

| വാർഡ് | ഗൾഫ് | യൂറോപ്യൻ | ആകെ |
|---|---|---|---|
| 1 | 14 | 9 | 23 |
| 2 | 13 | 4 | 17 |
| 3 | 10 | 4 | 14 |
| 4 | 12 | 6 | 18 |
| 5 | 9 | 3 | 12 |
| 6 | 14 | 2 | 16 |
| 7 | 13 | | 13 |
| 8 | 14 | 8 | 22 |
| 9 | 14 | 5 | 19 |
| 10 | 11 | | 11 |
| 11 | 16 | 5 | 21 |
| | 140 | 46 | 186 |

1995 96 വർഷത്തെ പഞ്ചായത്തു മേഖലയിലെ മൂന്നു ബാങ്കുകളിലും വിദേശ കുടിയേറ്റക്കാരുടെ ബാങ്കുനിക്ഷേപം (എൻ.ആർ.ഐ) 144.06ലക്ഷം രൂപയാണ്. സാമൂഹ്യമായും സാമ്പത്തികമായും ഏറെ മുന്നിൽ നിൽക്കുന്ന വിദേശകുടിയേറ്റ നിക്ഷേപത്തിന്റെ മറ്റുമേഖലകൾ റിയൽ എസ്റ്റേറ്റുകളാണ് അത്യാഢംബരമുള്ള വീടുകൾ പണിയുന്നതിനും കാറുകൾ പോലുള്ള ഉപഭോഗസാധനങ്ങൾ വാങ്ങുന്നതിനും മറ്റും ഗണ്യമായ തുകകൾ ചിലവിടുന്നതായി കാണുന്നു. കാർഷിക വ്യവസായ മേഖലയിൽ ഇവരുടെ നിക്ഷേപം തുലോം തുച്ഛമാണ്. ബസ്, ആശുപത്രി തുടങ്ങിയ സേവനമേഖലകളിൽ നിക്ഷേപം നടത്തി ചില പരീക്ഷണത്തിന് തയ്യാറാവുന്ന കുടിയേറ്റക്കാരും ഉണ്ടിവിടെ.

പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക പുരോഗതിക്കായി വിദേശകുടിയേറ്റക്കാരുടെ നിക്ഷേപം തിരിച്ചുവിടുവാനുള്ള പഞ്ചായത്ത് ശ്രമങ്ങളും നാളിതുവരെ ഉണ്ടായിട്ടില്ല. സാമുദായികമായ ചില ശ്രമങ്ങൾ പള്ളികൾ കേന്ദ്രീകരിച്ച് നടന്നിട്ടുള്ളതായി കാണാം. പൊതുവേ നാടിന് പൊതുആവശ്യത്തിന് ഉദാരമായി സംഭാവനചെയ്യാൻ മടിയുള്ളവരല്ല കുടിയേറ്റക്കാരെന്ന് മനസിലാവുന്നു. നിയതമായ വിഭവസമാഹരണത്തിനുള്ള സാധ്യതകളിൽ ഒന്നാണിത്.

## കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി പഞ്ചായത്തിൽ നടത്തപ്പെട്ട സന്നദ്ധ പ്രവർത്തനങ്ങൾ

സന്നദ്ധ പ്രവർത്തനങ്ങൾ വഴി ഒട്ടനവധി വികസനപ്രവർത്തനങ്ങൾ കറുകുറ്റി പഞ്ചായത്തിൽ നടത്തപ്പെടുകയുണ്ടായി. റോഡുകളുടെ നിർമാണം, അറ്റകുറ്റപ്പണികളും കിണറുകളും, പൊതുകുളങ്ങളും ശുചിയാക്കൽ, തോടുകളുടെ നിർമാണവും പരിപാലനവും തടയിണ നിർമ്മാണം നിർധനരായവർക്ക് വീടുനിർമിക്കൽ കക്കൂസ് നിർമിക്കൽ എന്നിങ്ങനെ മനുഷ്യപ്രയത്നം ഫലപ്രദമായി ഉപയോഗിച്ചുള്ള ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഇവിടെ നടത്തപ്പെട്ടിട്ടുണ്ട്. സ്വന്ത ആത്മനിർവൃതിയ്ക്കും നാടിന്റെ വികസനത്തിനുമായി പ്രത്യേക ആവശ്യങ്ങൾക്കായി പ്രാദേശിക അടിസ്ഥാനത്തിൽ ഒത്തുചേർന്ന തനിയേയോ മറ്റു സന്നദ്ധസംഘടനകളുടെ സഹകരണത്തോടെയോ പ്രസ്തുത ജോലി ചെയ്തു തീർക്കുന്ന ഒരു ശൈലിയാണ് നിലവിലുള്ളത്. പഞ്ചായത്ത് മെമ്പർമാരും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സാമുദായിക സംഘടനകളും പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തനത്തെ സജീവമാക്കുന്നു.

ആലുവ യു.സി. കോളജിൽ എൻ.എസ്.എസ് യൂണിറ്റ് കാലടി ശ്രീശങ്കര കോളജിലെ എൻ.എസ്.എസ് യൂണിറ്റ് എന്നിവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച മൂന്ന് ക്യാമ്പുകൾ സന്നദ്ധ പ്രവർത്തനത്തിലൂടെയുള്ള ഗ്രാമവികസന പ്രവർത്തനത്തിനു ഒട്ടേറെ പ്രചോദനം നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാരക്ഷരതാസമിതി ലൈബ്രറികൾ ക്ലബ്ബുകൾ രാഷ്ട്രീയ സാമുദായിക സംഘടനകൾ എന്നിവ സന്നദ്ധ നിർമാണ പ്രവർത്തനങ്ങൾക്ക് തനതായ സംഭാവനകൾ ചെയ്തുവരുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 9 സ്കൂളുകളിലും കർമനിരതമായ പിടിഎ പ്രവർത്തിക്കുന്നു. സ്കൂളുകളിലെ. അടിസ്ഥാന

സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പിടിഎ പ്രത്യേകം ശ്രദ്ധിക്കുന്നു.

1995 96 വർഷങ്ങളിൽ താഴെപറയുന്ന ജോലികൾ പിടിഎയുടെ നേതൃത്വത്തിൽ നടന്നതായി കാണുന്നു.

1. സെന്റ് ജോസഫ് ഹൈസ്കൂൾ കറുകുറ്റി. 65000 രൂപ മുതൽ മുടക്കുള്ള ഒരു ജലസംഭരണി പിടിഎ മാനേജ്മെന്റ് ഗ്രാമസ്വരാജ് വികസന പദ്ധതി എന്നിവ ചേർന്ന് നിർമിച്ചു.

2. സെന്റ് ജോസഫ് എൽപി സ്കൂൾ കറുകുറ്റി 70000 രൂപ ചെലവു വരുന്ന ജലസംഭരണിയും ജലവിതരണ പൈപ്പുകളും പിടിഎ മാനേജ്മെന്റ് ഗ്രാമസ്വരാജ് വികസന പദ്ധതി എന്നിവ ചേർന്ന് നിർമിച്ചു.

3. ഗവൺമെന്റ് യു.പി.സ്കൂൾ പാലിശ്ശേരി കുട്ടികൾക്ക് കളിക്കുവാനുള്ള 100 മീ. വിസ്തീർണമുള്ള കളിസ്ഥലം ഒരു സ്റ്റേജ് എന്നിവ പിടിഎ നിർമിച്ചു.

4. സെന്റ് തോമസ് യു.പി. സ്കൂൾ ക്രൈസ്റ്റ് നഗർ 50000 രൂപ ചിലവുവരുന്ന ഒരു സ്റ്റേജ് പിടിഎ മാനേജ്മെന്റ് ഗ്രാമസ്വരാജ് വികസനപദ്ധതി എന്നിവ ചേർന്ന് നിർമിച്ചു.

1995 മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മഹാത്മാഗാന്ധി സർവകലാശാലയുടെ ഗ്രാമസ്വരാജ് എക്സ്റ്റൻഷൻ പ്രോജക്ട് പഞ്ചായത്തിലെ സന്നദ്ധപ്രവർത്തന രംഗത്ത് പുതിയൊരു ഉണർവ് ഉണ്ടാക്കിയിരിക്കുന്നു. കറുകുറ്റി പഞ്ചായത്തിന്റെയും ഗ്രാമസ്വരാജ് പ്രോജക്ടിന്റെയും നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയുള്ള 14 സന്നദ്ധനിർമാണ പ്രവർത്തനങ്ങൾ നാളിതുവരെ നടത്തപ്പെട്ടിട്ടുണ്ട്. 1720 മനുഷ്യ പ്രയത്നദിനങ്ങൾ പഞ്ചായത്തിൽ നിന്നും സമാഹരിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കി.

പ്രസ്തുത പ്രോജക്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പൊതുമരാമത്ത് പണികൾ താഴെ കൊടുത്തിരിക്കുന്നു.

1. കറുകുറ്റി നെല്ലാച്ചിറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനം

2. കരയാംപറമ്പ് മണിയംകുടി റോഡിന്റെ അറ്റകുറ്റപ്പണികൾ

3. ആഴകത്തെ പൊതുകിണറുകൾ വൃത്തിയാക്കലും അറ്റകുറ്റപ്പണികൾ

4. കറുകുറ്റി മലയാംകുന്ന് റോഡ് നന്നാക്കൽ

5. കമ്പനിപ്പടി നീറുങ്കൽ റോഡിൽ ജലസേചനത്തിനാവശ്യമുള്ള മൺ പൈപ്പിടൽ

6. ബെത്‌ലേഹം മരങ്ങാടം റോഡിന്റെ വീതികൂട്ടൽ

7. കുടിവെള്ളാവശ്യത്തിനായി എടക്കുന്നിൽ കിണർവീതികൂട്ടി, താഴ്ത്തിയ ജോലി

8. പുളിക്കപ്പാടത്തെ താത്കാലിക തടയണ നിർമാണം

9. പരിപ്പിൻതോട്ടിലെ താൽക്കാലിക തടയിണ നിർമ്മാണം

10. 9ാം വാർഡിലെ വീടുനിർമ്മാണം.

11. ഗ്രാസി അട്ടറ റോഡിന്റെ നിർമ്മാണം

12. കരിപ്പാല പാലിശ്ശേരി ഭാഗത്തെ കുടിവെള്ളത്തിനുള്ള പൈപ്പിടൽ

13. അമ്പലത്തുരുത്ത് മുന്നൂർപ്പള്ളി റോഡിന്റെ മൂന്നു ഘട്ടങ്ങളിലായുള്ള നിർമ്മാണ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

14. പുത്തൻതോട് വൃത്തിയാക്കൽ

1994 ഒക്ടോബർ രണ്ടാംതീയതി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാക്ഷരതാസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ പ്രധാന റോഡായ മണലൂർക്കാട് ഹരിജൻ കോളനി റോഡിന്റെ അറ്റകുറ്റപ്പണികൾ തീർക്കുകയുണ്ടായി.

ഒമ്പതാം വാർഡിലെ അട്ടറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനം തദ്ദേശ വാസികളും റോഡിന്റെ ഗുണഭോക്താക്കളും കൂടി ഒത്തുചേർന്ന് 1996 ഒക്ടോബർ മാസത്തിൽ നടത്തുകയുണ്ടായി.

ഒമ്പതാം വാർഡിലെ ഗ്രാമ്പി അട്ടറ റോഡിനാവശ്യമായ ഭൂമി ഗ്രാമ്പി അട്ടാറ നിവാസികൾ തന്നെ പണം സമാഹരിച്ച് വാങ്ങുകയുണ്ടായി.

## പ്രശ്നങ്ങൾ

1. നികുതിനിർണയത്തിലുള്ള പാകപ്പിഴകൾ പഞ്ചായത്തിന്റെ വരുമാനത്തെ സാരമായി ബാധിക്കുന്നു.

2. എസ്റ്റാബ്ലിഷ് മെന്റ് ചിലവിലുള്ള അടിയ്ക്കടിയുള്ള വർദ്ധന

3. കറണ്ട് ചാർജ് മെയിന്റനൻസ് ചാർജ് എന്നിവയുടെ ഗണ്യമായ വർധനവ്.

4. പൊതു ആവശ്യങ്ങൾക്കായി മൂലധനം ഇറക്കാനുള്ള മടി.

5. പഞ്ചായത്തെന്ന (അടിസ്ഥാന) പ്രാദേശിക ഭരണകൂടത്തെ മനസിലാക്കാൻ ജനങ്ങൾക്ക് നാളിതുവരെ പൂർണമായി പറ്റിയിട്ടില്ല. പല വികസനപ്രവർത്തനങ്ങളുടെയും സന്നദ്ധ പ്രവർത്തനബുദ്ധിമുട്ടുകളുടെയും കാരണം ഒരു പഞ്ചായത്ത് കൂട്ടായ്മയുടെ അഭാവമാണ്.

6. പ്രാദേശികമായി മൂലധനം സ്വരൂപിക്കുന്നതിനുള്ള പഞ്ചായത്തിനുള്ള പോരായ്മകൾ

## സാധ്യതകൾ

ദേശീയതപോലെ പഞ്ചായത്തുതലത്തിലുള്ള പുതിയൊരു കൂട്ടായ്മയുടെ സൃഷ്ടി പഞ്ചായത്തിന്റെ വികസനത്തിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും വലിയ വ്യത്യാസങ്ങൾ ഉണ്ടാക്കും എല്ലാ വോട്ടർമാരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഗ്രാമസഭകൾ ഈ പ്രാദേശിക കൂട്ടായ്മയ്ക്കുള്ള ഏറ്റവും പ്രധാന സാധ്യതയാണ്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ താഴെ പറയുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

1. നികുതി നിർണയത്തിലെ പാകപ്പിഴകളും വെട്ടിപ്പും തടയാൻ നിലവിലുള്ള നിയമം പൂർണമായും ഉപയോഗിക്കുക.

2. പഞ്ചായത്തിൽ ഒരു പച്ചക്കറി ചന്ത മത്സ്യചന്ത ഷോപ്പിംഗ് കോംപ്ലക്സ്, കമ്യൂണിറ്റിഹാൾ തുടങ്ങിയവ പണിയുക.

3. സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ക്ഷേമ പ്രവർത്തനത്തിലെ 20% ഗുണഭോക്താക്കൾതന്നെ കണ്ടെത്തുന്ന സമീപനം.

4. വഴിവിളക്കുകൾ സ്ഥാപിക്കുന്നതും മെയിന്റനൻസ് നടത്തുന്നതും സ്പോൺസറിംഗ് സമ്പ്രദായത്തിലൂടെ നടപ്പിലാക്കാവുന്നത്.

5. വൈദ്യുതി കാലുകളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കുവാനുള്ള സാധ്യത.

6. കെട്ടിട നികുതി സ്ക്വയർ അടിക്കാക്കുക യാണെങ്കിൽ നികുതി ഫലപ്രദമായി പഞ്ചായത്തിന് ലഭ്യമാക്കുവാനുള്ള സാധ്യത.

7. പഞ്ചായത്തിൽ നിന്നും വരുമാനനികുതി (ഇൻകം ടാക്സ്) പഞ്ചായത്തിനു നേരിട്ടു പിരിക്കാനുള്ള നിയമനിർമാണം

8. വസ്തു ക്രയവിക്രയ നികുതി പൂർണമായും പഞ്ചായത്തിനു് ലഭ്യമാക്കുവാനുള്ള നിയമനിർമാണം.

9. സന്നദ്ധസംഘടനകളെ പരമാവധി സജീവമാക്കി മനുഷ്യവിഭവശേഷി നിർമാണ പ്രവർത്തനങ്ങൾക്കായി തിരിച്ചു വിടൽ.

10. പഞ്ചായത്തിലെ മണ്ണ് ടാർ റോഡുകളുടെ നിർമാണ സംരക്ഷണം തദ്ദേശ വാസികളെയും ഗുണഭോക്താക്കളെയും പൂർണമായും ഏൽപിച്ചുകൊടുക്കൽ

ആസൂത്രണം നടത്തുവാനുള്ള മനുഷ്യന്റെ കഴിവാണ് അവനെ മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യസ്ഥനാക്കുന്ന പ്രധാനഘടകം. സാമൂഹ്യ ജീവിയായ മനുഷ്യൻ കൂടുതൽ കൂട്ടായ്മയിൽ വളരുന്നതോടെ ജനകീയമായൊരു വികസന സംസ്കാരവും വിഭവ സമാഹരണവും ഉടലെടുക്കുകയായി. ഭരണത്തിന്റെ ഏറ്റവും അടിസ്ഥാനതലമായ പഞ്ചായത്തിൽ പ്രസ്തുത വികസന സംസ്കാരവും വിഭവ സമാഹരണവും ഉൾചേർക്കപ്പെടുമ്പോൾ ദൃശ്യമായൊരു ഫലം രൂപപ്പെടുകയായി. അതുതന്നെയാണ് ജനകീയാസൂത്രണത്തിലൂടെ ലക്ഷ്യമാക്കുന്നതും.